# മദർ ഏലീശ്വ



സി. മേരി പ്രെസില്ല സി. റ്റി. സി.

# മദർ ഏലീശ്വ

JEEVASS KENDRAM ★ ALWAYE ★ ACHARYA PALACKAL
LIBRARY
17633

വരാപ്പുഴ
സെൻറ് ജോസഫ്സ് കോൺവെൻറ്
ശതാബ്ദി സ്മാരകം

വി.ചെറുപുഷ്പത്തിൻെറ സി.മേരി പ്രസില്ല സി.ററി.സി.

ഐ. എസ്സ്. പ്രസ്സ്
കൊച്ചി
നവ.10,1990

ɱ|209.2
PRA

മദർ ഏലീശ്വ
മലയാളം
ജീവചരിത്രം

ഗ്രന്ഥകർത്രി
സി.മേരി പ്രസില്ല സി.റ്റി.സി

അച്ചടി
ഐ.എസ്.പ്രസ്
കൊച്ചി—18
ഒന്നാം പതിപ്പ് 2500 കോപ്പി
1990

പ്രസിദ്ധീകരണം
വെ. റവ. മദർ മെറീന സി.റ്റി.സി
സുപ്പീരിയർ ജനറൽ

ഇംപ്രിമാത്തൂർ
റൈററ്.റവ.മോൺ. ബ്രൂണോ.വി. ചെറുകോടത്ത്
പ്രൊ. വികാരി ജനറൽ
വരാപ്പുഴ അതിരൂപത
നവ.10, 1990

ACHARYA PALACKAL JEEVASS KENDRAM * AYAMLA *




ആവിലായിലെ വി. അമ്മത്രേസ്യ
മദർ ഏലീശ്വായുടെ പ്രത്യേക
സ്വർഗ്ഗീയ മദ്ധ്യസ്ഥ

"യാതൊന്നും നിന്നെ

അലട്ടാതിരിക്കട്ടെ

യാതൊന്നും നിന്നെ

ഭയപ്പെടുത്താതിരിക്കട്ടെ.

എന്തെന്നാൽ ഒരിക്കലും മാററമില്ലാത്ത

ദൈവമൊഴികെ, എല്ലാം കടന്നു

പോകുന്നു.

ക്ഷമയോടുകൂടി പാർത്തിരിക്കുക

അവസാനം എല്ലാം നിറവേറിയ

തായി നീ കാണും.

ദൈവത്തെ മുറുകെ പിടിക്കുക

അപ്പോഠം എല്ലാം നിനക്കു ലഭിക്കും.

എന്തുകൊണ്ടെന്നാൽ

അവിടുന്നാണ് സമസ്തവും."

"സഹിക്കുക അല്ലെങ്കിൽ മരിക്കുക."

(വി.അമ്മത്രേസ്യ)

# പ്രസ്താവന

വരാപ്പുഴ സെൻറ് ജോസഫ്സ് കോൺവെൻറ് ശതാബ്ദിയോടനുബന്ധിച്ച് പുണ്യശ്ലോകയായ നമ്മുടെ അമ്മയുടെ— ഏലീശ്വാമ്മയുടെ 'ജീവിത ഗ്രന്ഥം' പ്രസിദ്ധീകരിക്കുന്നതിൽ ഏറെ അഭിമാനവും കൃതാർത്ഥതയുമുണ്ട്. അമ്മയുടെ ജീവൻെറ തുടിപ്പും ചൈതന്യവും തുളുമ്പി നിൽക്കുന്ന ഈ സദ്ഗ്രന്ഥം തീർച്ചയായും സഭാ മക്കളായ നമുക്കു തീക്ഷ്ണമായ ആവേശവും അരൂപിയും പകരുമെന്നതിൽ സംശയമില്ല. വീരോജ്ജ്വലമായ ത്യാഗത്തിൻെറയും നിരന്തരമായ പ്രാർത്ഥനയുടെയും "സുകൃതസരണി"യിലൂടെ പുണ്യജീവിതം നയിച്ച്, നമ്മുടെ സന്യാസിനി സഭയ്ക്ക് രൂപം കൊടുത്ത കർമ്മധീരയായ നമ്മുടെ അമ്മ, തനേററുവാങ്ങിയ സ്വർഗ്ഗീയ നൻമകൾ ഇന്നും നമ്മിലേക്ക് ചൊരിഞ്ഞ് നമ്മുടെ മദ്ധ്യേ നിരന്തരമായ സജീവസാക്ഷ്യം നൽകി അനുഗ്രഹിച്ചു വിരാജിക്കുന്നു.

ആഴമേറിയ പ്രാർത്ഥനാ ചൈതന്യവും ലളിതമായ ജീവിതശൈലിയും കൈമുതലായിരുന്ന ഏലീശ്വാമ്മ വിശുദ്ധിയുടെയും വിവേകത്തിൻെറയും വിളനിലമായിരുന്നതിനാൽ, തൻെറ ജീവിതത്തിൽ നേരിടേണ്ടിവന്ന പ്രതിസന്ധികൾ സധൈര്യം തരണം ചെയ്യുവാൻ അമ്മയ്ക്കു കഴിഞ്ഞു. ദൈവപരിപാലനയുടെ ശക്തമായ അനുഭവങ്ങൾ ഉൾക്കൊണ്ട് ദൈവതിരുമനസ്സിന് പരിപൂർണ്ണമായും കീഴ്വഴങ്ങി, എളയവരിൽ എളിയവളായി, ഈശോയുടെ പ്രിയ പ്രേയസിയായി ജീവിച്ച ഏലീശ്വാമ്മയുടെ ജീവിതം കർമ്മലമക്കളായ നമുക്ക് എന്നും ജീവ ചൈതന്യമാവട്ടെ.

കാലഘട്ടത്തിൻെറ ആവശ്യങ്ങൾക്ക് അനുസൃതമായി

തിരുസ്സഭാസേവനം ചെയ്യുന്ന നമ്മുടെ സഭയുടെ കെട്ടുറപ്പും ഭദ്രതയും, ആഴമേറിയ പ്രാത്ഥനാനുഭവം സ്വന്തമാക്കി ധന്യ ജീവിതം നയിക്കുന്ന സഹോദരിമാരിലാണ് വേരൂന്നിയിരിക്കുന്നത്. ഈ ചെറുഗ്രന്ഥത്തിൽ 'സഭാ സ്ഥാപകരുടെയും പ്രഥമാംഗ ങ്ങളുടെയും ആദ്ധ്യാദ്മികത'യെപ്പററി പ്രതിപാദിക്കുന്ന അദ്ധ്യായം നമ്മുടെ സവിശേഷശ്രദ്ധ അർഹിക്കുന്നു. 'പ്രശ്നങ്ങളുടെ കൊടുങ്കാററിൽ' ചഞ്ചലപ്പെടാതെ, ധീരതയോടെ നിലകൊള്ളാൻ ഏലീശ്വാമ്മയെ കെൽപുററവളാക്കിയത് ആദ്ധ്യാദ്മികതയിൽ അടിയുറച്ച ജീവിത ശൈലിയാണ്. ഏററം നിസ്സാരമായ നിയമാനുഷ്ഠാനങ്ങളിൽപ്പോലും പ്രഥമാംഗങ്ങൾ അതീവശ്രദ്ധചെലുത്തിയിരുന്നു. പ്രാർത്ഥനയാകുന്ന പാറയിൽ സ്ഥാപിച്ച ഒരു അസ്ഥിവാരമാണ് നമ്മുടെ സഭയുടേത്. അതിനാൽ പ്രാർത്ഥനയുടെ ഏകാന്തതയിൽ ദൈവസായൂജ്യം തേടി, പരിത്യാഗത്തിൻെറ ബലിവേദിയിൽ സ്വയം സമർപ്പിച്ച്, സഭയുടെ ആദ്യകാല ചൈതന്യവും അരൂപിയും ഉൾക്കൊണ്ട് വിശ്വസ്തരായ കർമ്മലീത്താ സന്യാസിനികളായി ജീവിക്കു മ്പോഴാണ്, യഥാർത്ഥത്തിൽ, നാം നമ്മുടെ അമ്മയെ ആദരിക്കുകയും അനുധാവനം ചെയ്യുകയും വന്ദിക്കുകയും ചെയ്യുന്നത്.

1990, നമ്മെ സംബന്ധിച്ചിടത്തോളം ചരിത്രപ്രാധാന്യമേറിയ വർഷമാണ്. സഭാസ്ഥാപനത്തിൻെറ 125 – ാം വർഷമെന്നനിലയിൽ നമുക്കിത് ജൂബിലി വർഷമാണ്. സഭാതലത്തിൽ നാം ഇത് നവീകരണ വർഷമായി ആചരിക്കുമ്പോൾ വരാപ്പുഴ സെൻറ് ജോസഫ്സ് കോൺവെൻറിൻെറ ശതാബ്ദി ആഘോഷം അതിനൊരു നവചൈതന്യമേകുന്നു. ഈ ജൂബിലി വർഷം നമുക്കൊരു നവോത്ഥാനത്തിൻെറ വർഷമാവട്ടെ! നമ്മുടെ അമ്മ യുടെ വിലയേറിയ ഉപദേശങ്ങളും ആഹ്വാനങ്ങളും സ്വീകരിച്ച് ഒരു നവജീവിതം ആരംഭിക്കാൻ ഈടുററ ഈ ശതാബ്ദി ഗ്രന്ഥം നമുക്ക്

മാർഗ്ഗദീപമാകട്ടെ.

ഏറെ ത്യാഗം സഹിച്ച് ഈ ഗ്രന്ഥം വിരചിച്ച സി.പ്രസില്ലായെ ആത്മാർത്ഥമായി അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. നമ്മുടെ അമ്മയ്ക്ക് നാം അർപ്പിക്കുന്ന ഈ സ്നേഹോപഹാരം നമുക്കെന്നും അഭിമാനപൂർവ്വം കാത്തുസൂക്ഷിക്കാവുന്ന വിലയേറിയ ഒരു നിധിയാണ്. സഭാചൈതന്യത്തിന്റെ നീരുറവകാം തേടിയണയുന്ന ഏവർക്കും ആവോളം പാനം ചെയ്യാനുതകുന്ന ജീവജലധാര ഈ ഗ്രന്ഥത്തിൽ കണ്ടെത്താൻ കഴിയും. സഭാ മക്കൾക്ക് ഈ മഹദ് ഗ്രന്ഥം എന്നും ചൈതന്യ സ്രോതസ്സായി നിലകൊള്ളട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മദർ മെറീന
സുപ്പീരിയർ ജനറൽ
കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈറ്റ്സ്
സെൻറ് ജോസഫ്സ് വിദ്യാഭവൻ

നവ.10, 1990 ഇടപ്പള്ളി–കൊച്ചി

# അവതാരിക

കാലാകാലങ്ങളിൽ ദൈവം തൻെറ അനന്ത കൃപയാൽ തെരെഞ്ഞെടുക്കപ്പെട്ടവരെ അയച്ച് തൻെറ ജനത്തെ നയിച്ചു. അവരിൽ രാജാക്കൻമാരും, പ്രവാചകൻമാരും, പുരോഹിതൻമാരും, ഇടയൻമാരും, സാധാരണക്കാരും ഉണ്ടായിരുന്നു. കാലസമ്പൂർണ്ണതയിൽ ദൈവം തൻെറ പ്രിയപുത്രനെ അയച്ചു(യോഹ:3:16). തെരെഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ രക്ഷയും മോചനവും ആയിരുന്നു ലക്ഷ്യം. പിന്നീട് യേശു തൻെറ ശിഷ്യൻമാരെ തെരഞ്ഞെടുത്ത് ആ ദൗത്യം തുടർന്നു. ആദിമ സമൂഹം ഇവരുടെ നേതൃത്വത്തിൽ യേശുവിൻെറ സജീവ സാന്നിധ്യം അനുഭവിച്ച് സ്നേഹത്തിലും കൂട്ടായ്മയിലും മുന്നേറി (നടപടി.2:42). അവർ ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ദൈവത്തെ സ്തുതിച്ചും എല്ലാ മനുഷ്യരുടെയും സംപ്രീതിക്ക് പാത്രമായി രക്ഷാപാതയിൽ ചരിച്ചു (നടപടി.2:46).

ആദിമസമൂഹത്തിൻെറ രണ്ടാം പതിപ്പെന്നോണം തിരുസഭയിൽ സന്യാസജീവിതം രൂപം കൊണ്ടു. തിരുസഭയുടെ ആരംഭം മുതൽക്കേ സുവിശേഷോപദേശങ്ങൾ അനുസരിച്ച് ജീവിച്ച സ്ത്രീ പുരുഷൻമാരുണ്ടായിരുന്നു. കൂടുതൽ സ്വാതന്ത്ര്യത്തോടെ യേശുവിനെ അടുത്തനുഗമിക്കാനാണ് അത്തരം ഒരു ജീവിതചര്യ അവർ സ്വീകരിച്ചത്. ചിലർ ഏകാന്തജീവിതം നയിച്ചിരുന്നു. ചിലർ സന്യാസ സമൂഹത്തിന് രൂപം നൽകി. ഈ സമൂഹങ്ങളെ തിരുസഭ സന്തോഷപൂർവ്വം സ്വീകരിക്കുകയും ആധികാരികമായി അംഗീകരിക്കുകയും ചെയ്തു. അങ്ങനെ തിരുസഭയിൽ ദൈവത്തിൻെറ പ്രത്യേക പരിപാലനയിൽ നിരവധി വൈവിധ്യമാർന്ന

സന്യാസ സമൂഹങ്ങരം ഉടലെടുത്തു. ഇവയുടെ എല്ലാം ആത്യന്തിക ലക്ഷ്യം യേശുവിൻെറ മൗതിക ശരീരത്തെ പുഷ്ടിപ്പെടുത്തുന്നതിനും പടുത്തുയർത്തുന്നതിനും വേണ്ടിയായിരുന്നു.

നിർമ്മലനും ദരിദ്രനും അനുസരണയുള്ളവനും ആയ യേശുവിനെ അടുത്തനുഗമിച്ച് ദൈവത്തേയും, ദൈവത്തിൽ ലോകത്തേയും സേവിക്കുന്ന ഒരു സമർപ്പണ ജീവിതമാണല്ലോ സന്യാസ ജീവിതം. ഈ സന്യാസ ജീവിതത്തിൻെറ പ്രഥമനിയമം സുവിശേഷത്തിലെ യേശുവിനെ അനുകരിക്കുക എന്നതുതന്നെയാണെന്നും, അതുതന്നെയാണ് എല്ലാ സന്യാസ സമൂഹങ്ങളുടെയും വലിയ നിയമമെന്നും രണ്ടാം വത്തിക്കാൻ സുനഹദോസ് അസ്സന്നിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട് (സന്യാസജീവിതം.No.2)

ഓരോ കാലഘട്ടത്തിലും തിരുസഭയുടെ ആവശ്യം മനസ്സിലാക്കി പ്രത്യേകസിദ്ധികരം നൽകി ദൈവം സഭാ സ്ഥാപകരെ വിളിച്ചു. തിരുസഭയിൽ ഇന്നുള്ള എണ്ണമററ സഭകളുടെയെല്ലാം തുടക്കവും സ്ഥാപനവും കാലഘട്ടത്തിൻെറ ചുവരെഴുത്തുകരംക്ക് അനുസൃതമായി ഉണ്ടായിട്ടുള്ളതാണ്. അവയ്ക്ക് ഓരോന്നിനുമുള്ള ലക്ഷ്യവും, ഉദ്ദേശവും വിവിധങ്ങളുമാണ്.

മലബാറിലെയെന്നല്ല ഭാരതത്തിലെ തന്നെ ആദ്യത്തെ ഏതദ്ദേശിയ സന്യാസിനിസഭയുടെ സ്ഥാപകയാണ് മദർ ഏലീശ്വ. കർമ്മലീത്താ സഭയെ നവീകരിക്കാൻ കടന്നു വന്ന ആവിലായിലെ വിശുദ്ധ അമ്മത്രേസ്യയ്ക്ക് അനുഭവിക്കേണ്ടി വന്ന ത്യാഗങ്ങളും പ്രതികൂല സാഹചര്യങ്ങളും മറെറാരളവിൽ മദർ ഏലീശ്വയ്ക്കും അനുഭവിക്കേണ്ടിവന്നു എന്നതും ചരിത്ര യാഥാർത്ഥ്യമാണ്.

എന്നാൽ കാലം കടന്നു പോകുന്നതോടെ ഓരോ സന്യാസ സഭയും ദിനംപ്രതി വിവിധതലങ്ങളിൽ വളരുന്നതോടെ പ്രസ്തുത

സഭയുടെ ആദ്യകാലത്തിൽ സഭയുടെ സ്ഥാപകർ അനുഭവിച്ച യാതനങ്ങളും അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സഭാംഗങ്ങൾ സസൗകര്യം മറന്നു പോകുന്നു. ഇത് സഭാസ്ഥാപകരോടും സഭയോടും പ്രകടിപ്പിക്കുന്ന അനാദരവും അനീതിയുമാണെന്ന് നാം സ്മരിക്കണം. സന്യാസ ജീവിത നവീകരണത്തെ കുറിച്ച് നൽകിയ പൊതുനിർദ്ദേശങ്ങളിൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർദ്ദേശിക്കുന്ന പ്രഥമ നിർദ്ദേശം ക്രിസ്തീയ ജീവിതത്തിൻെറ ഉറവിടങ്ങളിലേയ്ക്കും, ഓരോ സമൂഹത്തിൻെറയും ആദ്യ ചൈതന്യത്തിലേയ്ക്കും പ്രത്യാഗമനം നടത്തണമെന്നാണ് (സന്യാസജീവിതം No.2).

മനുഷ്യപൂജയിലൂടെ ഈശ്വരപൂജയർപ്പിച്ച ഒരുവളാണ് മദർ ഏലീശ്വ. പാവപ്പെട്ടവരോടുള്ള ദീനാനുകമ്പയും സാധുജന സേവനതൽപ്പരതയും നിറഞ്ഞ ഒരു ഹൃദയത്തിൻെറ ഉടമയായി മദർ ഏലീശ്വയെ കാണാം. സമൂഹത്തിൽ നിന്നും ഭിന്നിച്ച് നിൽക്കുന്ന ഒരു സന്യാസ ജീവിതത്തിന് പ്രസക്തിയില്ലെന്ന യാഥാർത്ഥ്യമാണ് ഇവരിലൂടെ ബോദ്ധ്യമാവുന്നത്. പ്രാർത്ഥനയുടെ താബോറിൽ നിന്ന് സേവനത്തിൻെറ താഴ്വരയിലേക്ക് ഇറങ്ങിവന്ന യേശുവായിരുന്നു അവരുടെ മാതൃക. സഹോദര സ്നേഹത്തിൽ അധിഷ്ഠിതമായൊരു ദൈവസ്നേഹത്തിനേ അർത്ഥമുള്ളുവെന്ന സുവിശേഷ ദർശനമാണ് സ്വന്തം ജീവിതത്തിലൂടെ മദർ ഏലീശ്വ പകർത്തിയത്.

കുട്ടികൾക്കും മുതിർന്നവർക്കും മതബോധനം നൽകുക, പ്രാഥമിക വിദ്യാഭ്യാസം നൽകുക തുടങ്ങിയ വിവിധോദ്ദേശങ്ങൾ ഈ ധന്യയുടെ മനസ്സിൽ നിറഞ്ഞിരുന്നു. തിരുസഭയുടെ വളർച്ചയും സമൂഹത്തിൻെറ നൻമയും ലക്ഷ്യം വച്ചുകൊണ്ടുള്ള അവരുടെ പ്രവർത്തനം ഇന്ന് വളർന്നു പന്തലിച്ചു നിൽക്കുന്ന തെരേസ്യൻ കർമ്മലീത്താ സഭയുടെ തുടക്കം മാത്രമായിരുന്നു.

പത്തൊമ്പതാം വയസ്സിൽ ഭർത്താവു മരിച്ച് വൈധവ്യം അനുഭവിക്കേണ്ടിവന്ന ഏലീശ്വ ഒരു പുനർ വിവാഹത്തിനു വേണ്ടി നിർബന്ധിക്കപ്പെട്ടുവെങ്കിലും അവയെ സ്നേഹപൂർവ്വം നിരസിച്ച് ഒരു ഭക്തജീവിതത്തിലേക്ക് തിരിഞ്ഞു. അതൊരു സന്യാസ ജീവിതത്തിൻെറ നാന്ദിയാണെന്ന് ആരും കരുതിയില്ല. അധികം താമസിയാതെ തനിക്ക് പിതൃസ്വത്തായി ലഭിച്ച സ്ഥലത്ത് ഏലീശ്വയുടെ സഹോദരിയും മകളും ചേർന്ന് കെട്ടിയുണ്ടാക്കിയ പനമ്പുമഠം തെരേസ്യൻ സന്യാസിനി സഭയുടെ ആദ്യമഠമാകുമെന്നും ആരുകരുതി? (നാളാഗമം–വാല്യം 1–സഹ1–മൂലഗ്രന്ഥം P.No.7)

നിരവധി പ്രതിസന്ധികളെ തരണം ചെയ്താണ് ഇവർ ഈ മഹാ ഉദ്യമത്തിന് തുടക്കം കുറിച്ചതും അത് തുടർന്നതും എന്നതിന് ചരിത്രം സാക്ഷിനിൽക്കുന്നു. അവരുടെ ആഴമായ പ്രാർത്ഥനാ ജീവിതം, അതിലൂടെ അവർക്ക് ലഭിച്ച ആത്മിയ നൻമകൾ, സുവിശേഷാധിഷ്ഠിതമായ ധീരോദാത്തത, തിരുസഭയോടും അധികാരികളോടുമുള്ള വിധേയത്വം, അപ്പസ്തോല പ്രവർത്തനങ്ങളിലുള്ള ഭാഗഭാഗിത്വചിന്ത എന്നിവയാണ് മദർ ഏലീശ്വയെ പ്രതിസന്ധികളുടെ നടുവിലൂടെ സധൈര്യം മുന്നേറാൻ പ്രേരണ നൽകിയത്.

ഈ ധന്യയെക്കുറിച്ചുള്ള ഈ ചെറുജീവിത ഗ്രന്ഥം തെരേസ്യൻ കർമ്മലീത്താ സഭാംഗങ്ങളുടെ ആത്മീയ ചൈതന്യം വളർത്താൻ ഉപകരിക്കുമെന്നതിൽ തെല്ലും സംശയമില്ല. ഒരു സ്ഥാപകയെന്ന നിലയിലുള്ള ഇവരുടെ ഉപദേശങ്ങളും ഉദ്ദേശങ്ങളും അതീവ ലാളിത്യം തുളുമ്പുന്നവയാണ്. അതുപോലെ തന്നെയായിരുന്നു അവരുടെ ജീവിതവും.

ഈ ഗ്രന്ഥത്തിൻെറ നിർമ്മിതിയിൽ ഏറിയ ശ്രദ്ധ ചെലുത്തി നിരവധി ചരിത്ര വസ്തുതകൾ തേടിയെടുത്ത്

ഹൃദ്യമായ രീതിയിൽ രചന നടത്തിയ ഗ്രന്ഥകർത്രിയെ അനുമോദിക്കുന്നു. വരാപ്പുഴ സെൻറ് ജോസഫ്സ് കോൺവെൻറിൻെറ ശതാബ്ദി സ്മാരകമായി തയ്യാറാക്കിയ ഈ ചരിത്ര ഗ്രന്ഥം സസന്തോഷം ബഹുജന സമക്ഷം അവതരിപ്പിക്കുന്നു.

ഫാ. പൗളിനൂസ് മാളോത്ത്, ഒ.സി.ഡി.
പ്രൊവിൻഷ്യാൾ
നവ., 10, 1990 — മഞ്ഞുമ്മൽ കർമ്മലീത്താ സഭ

# മുഖവുര

വരാപ്പുഴ സെൻറ് ജോസഫ്സ് കോൺവെൻറിൻെറ സ്ഥാപന ശതാബ്ദി സ്മാരകമായി വിരചിതമായതാണ് "മദർ ഏലീശ്വ" എന്ന ഈ ചെറുഗ്രന്ഥം. വെറുമൊരു ചരിത്ര സംക്ഷേപം എന്നതിലുപരിയായി തെരേസ്യൻ കർമ്മലീത്താസഭയുടെ (C.T.C) സ്ഥാപകയായ ഈ വലിയ അമ്മയുടെ അദ്ധ്യാത്മികതയും, സഭക്കു ജൻമം നൽകി വളർത്തി, ഇന്നോളം അതിൻെറ സിരകളിലൂടെ അനർഗളം പ്രവഹിച്ചുകൊണ്ടിരിക്കുന്ന സിദ്ധിയും, ചൈതന്യവും, സഭയുടെ അംഗങ്ങൾ നുകർന്നെടുത്തു വളരുവാനും, അതുവഴി C.T.Cയ്ക്കു തിരുസഭയിലുള്ള സ്ഥാനവും, ദൗത്യവും അഭംഗുരം പാലിച്ചുകൊണ്ടു പോകുവാനും ഈ കൃതിയുടെ താളുകൾ ഉപകരിക്കുമെന്നുള്ള ബോദ്ധ്യമാണ് ഇങ്ങനെയൊരു സംരംഭത്തിന് എന്നെ പ്രേരിപ്പിച്ചത്.

വർഷങ്ങൾ എത്ര പിന്നിട്ടാലും ചരിത്ര യാഥാർത്ഥ്യങ്ങൾ എന്നും മാററമില്ലാതെ തന്നെ നിലനിൽക്കും. അവയെ അംഗീകരിക്കുക തന്നെ വേണം. 'Truth dies in the mind if it is not communicated. തെരേസ്യൻ കർമ്മലീത്താ സഭയെ സംബന്ധിച്ചിടത്തോളമുള്ള പൂർവ്വകാല ചരിത്രത്തിൻെറ ഏതാനും ശകലങ്ങൾ സഭയുടെ ആദ്യകാല ചൈതന്യവും, പ്രഥമാംഗങ്ങളുടെ ത്യാഗോജ്ജ്വലവും, മാതൃകാപരവുമായ ക്രൈസ്തവ സാക്ഷ്യവും ഉറക്കെ പ്രഘോഷിപ്പിക്കുവാൻ പോരുന്നവയാണ്. അവയും ആധികാരികമായ ഗ്രന്ഥങ്ങളിൽ നിന്നും ഇടയ്ക്കിടയ്ക്ക് എഴുതി ചേർത്തിട്ടുണ്ട്.

വളരെ ചെറുതെങ്കിലും സഭാംഗങ്ങൾക്ക് ആദ്ധ്യാത്മിക പാരായണത്തിന് ഉപകരിക്കാൻ കൂടെ രചിച്ച ഈ പുസ്തകം

എഴുതി ഉണ്ടാക്കുന്നതിൽ എന്നെ വളരെ ആത്മാർത്ഥമായി സഹായിച്ച റവ. ഫാ. ഓസി കളത്തിൽ ഒ.സി.ഡി., റവ. ഫാ. ജോർജ്ജ് വെളിപ്പറമ്പിൽ, വത്സല സഹോദരിമാർ എന്നിവർക്ക് എന്റെ അകമഴിഞ്ഞ നന്ദി. ഒരു നല്ല അവതാരിക എഴുതി ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച മഞ്ഞുമ്മൽ കർമ്മലീത്താ പ്രൊവിൻഷ്യൽ വെ. റവ. ഫാ. പോളിനൂസ് ഒ.സി.ഡി. അവർകൾക്ക് എന്റെ ഹൃദയംഗമമായ കൃതജ്ഞത. മനോഹരമായി അച്ചടി നിർവ്വഹിച്ച ഐ.എസ്. പ്രസ് ഭാരവാഹികൾക്കും, പ്രവർത്തകർക്കും, നന്ദി.

സഭാംഗങ്ങൾ ഏറെ നാളായി പ്രതീക്ഷിച്ചിരുന്ന ഈ പുസ്തകം സി.റ്റി.സി. സഹോദരിമാരിൽ ഒരു നവചൈതന്യം പകരട്ടെ. മദർ ഏലീശ്വയുടെ പ്രാർത്ഥനാ ചൈതന്യവും സ്നേഹതീഷ്ണതയും, സേവന തൽപ്പരതയും സഭാംഗങ്ങളിൽ നിറഞ്ഞു തുളുമ്പട്ടെ എന്നാശിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

സി.മേരി പ്രസില്ല സി.റ്റി.സി<br>
സെൻറ് ജോസഫ്സ് വിദ്യാഭവൻ,<br>
ഇടപ്പള്ളി

നവ. 10, 1990

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| അദ്ധ്യായം | 1. | കുടുംബപശ്ചാത്തലം | 15 |
| ,, | 2. | ശൈശവവും ബാല്യവും | 18 |
| ,, | 3. | കൗമാരവും വിവാഹവും | 21 |
| ,, | 4. | ജീവിതം വഴിത്തിരിവിലേക്ക് | 26 |
| ,, | 5. | ദൈവവിളി – സിദ്ധിയും ചൈതന്യവും | 31 |
| ,, | 6. | സഭാ സ്ഥാപക | 38 |
| ,, | 7. | സഭ വളരുന്നു | 44 |
| ,, | 8. | സഭാ സ്ഥാപകയുടെയും പ്രഥമാംഗങ്ങളുടെയും ആദ്ധ്യാത്മികത | 61 |
| ,, | 9. | പ്രശ്നങ്ങളുടെ കൊടുങ്കാററിൽ | 93 |
| ,, | 10. | വരാപ്പുഴ മഠസ്ഥാപനം | 109 |
| ,, | 11. | നവസന്യാസിനി ഗുരുനാഥ | 115 |
| ,, | 12. | ജീവിതത്തിൻെറ അന്ത്യഘട്ടങ്ങൾ | 119 |
| | | അനുബന്ധം | 124 |



റൈററ്.റവ.ഡോ.ബർണഡിൻ ബച്ചിനേല്ലി
ആ സാങ്ത തെരേസ്യാ ഒ.സി.ഡി.
വികാരി അപ്പസ്തോലിക്ക
വരാപ്പുഴ വികാരിയത്ത്
(1853—1868)

# അദ്ധ്യായം 1

## കുടുംബ പശ്ചാത്തലം

19—ാം നൂററാണ്ടിൻെറ മദ്ധ്യദശക കാലഘട്ടം. കാറും കോളു മൊക്കെ മാറിത്തെളിഞ്ഞ അന്തരീക്ഷം. ഈ കാലയളവ് വിദേശ കർമ്മലീത്താ മിഷനറിമാരുടെ പ്രേഷിത പ്രവർത്തനങ്ങളുടെ വസന്തകാലമായിരുന്നു. താരമമ്യേന ചരിത്രപ്രാധാന്യമർഹിക്കുന്ന വർഷമാണ് 1821. പദ്രുവാദോയുടെ കീഴിലായിരുന്ന കൊച്ചി, കൊടുങ്ങല്ലൂർ രൂപതകൾ മലബാർ വികാരിയാത്തിനോട് കൂട്ടിച്ചേർക്കപ്പെട്ടു. അഭിവന്ദ്യ ഡോ. ഫ്രാൻസിസ് സേവ്യർ ആയിരുന്നു അന്നത്തെ രൂപതാദ്ധ്യക്ഷൻ. 'മഹാനായ മെത്രാപ്പൊലീത്ത' എന്ന അപര നാമത്താൽ അറിയപ്പെട്ടിരുന്ന അദ്ദേഹത്തെ പിൻതുടർന്നത് അഭിവന്ദ്യ മെത്രാൻ ഡോ. ലൂയീസ് മാർട്ടിനാണ്. അദ്ദേഹത്തിൻെറ ഭരണകാലത്താണ് ഒന്നായി കിടന്നിരുന്ന മലബാർ വികാരിയാത്തിൻെറ ആദ്യത്തെ വിഭജനം നടന്നത്. 1845ൽ വരാപ്പുഴ വികാരിയാത്ത് മൂന്നായി വിഭജിക്കപ്പെട്ടു. മംഗലാപുരം, വരാപ്പുഴ, കൊല്ലം എന്നീ വികാരിയാത്തുകൾ രൂപം കൊണ്ടു. ഈ മൂന്നു രൂപതകളിലേയും മെത്രാൻമാർ നിഷ്പാദുക കർമ്മലീത്താ സഭാംഗങ്ങളായിരുന്നു. വരാപ്പുഴ വികാരിയാത്തിൻെറ ഭരണസാരഥിയായി വന്നത് "ഇന്ത്യയിലെ മഹാ മിഷനറി'' എന്ന പേര് സമ്പാദിച്ച ഇററലി സ്വദേശിയായ ഡോ. ബർണഡിൻ ബച്ചിനേല്ലി ആ സാങ്ത തെരേസ്യാ ഒ.സി.ഡി.യാണ്. 1853ൽ തൻെറ ഭരണമാരംഭിച്ചു.

വരാപ്പുഴ വികാരിയാത്തിലെ പ്രശസ്ത ഇടവകകളിലൊ

ന്നായിരുന്നു ഓച്ചംതുരുത്തിലെ കുരിശിങ്കൽ ഇടവക. സന്തോമ ലത്തീൻ ക്രിസ്ത്യാനികൾ പുരാതന പെരുമാക്കൻമാരിൽ നിന്നും സ്വസമുദായ ഭരണാധികാരവും മററു പല ഉന്നത പദവികളും പ്രാപിച്ച് സമുദായ തലവന്റെ കീഴിൽ സ്ഥിതി ചെയ്തിരുന്നവരാണ്. കൃഷി, വ്യവസായം മുതലായ തൊഴിലുകൾക്കു പുറമെ സൈനിക സേവനവും ലത്തീൻ കത്തോലിക്കരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്നു. പാരമ്പര്യമായി സൈനിക സേവനങ്ങളിൽ ഏർപ്പെട്ടിരുന്ന കുടുംബങ്ങളെ 'കപ്പിത്താൻ കുടുംബം' എന്ന സംജ്ഞയിലാണറിയപ്പെട്ടിരുന്നത്. അങ്ങനെ ഒരു കപ്പിത്താൻ കുടുംബത്തിൽപ്പെട്ട തൊമ്മൻ, മുന്തിരിക്കപ്പിത്താന്റെ (സർവ്വ സൈന്യാധിപന്റെ) അടുത്ത ചാർച്ചക്കാരിയായ താണ്ട എന്നിവരാണ് മദർ ഏലീശ്വയുടെ മാതാപിതാക്കൾ.

വിദ്യാഭ്യാസത്തിൽ സാമാന്യം മികച്ചു നിന്നിരുന്ന പുരുഷ വിഭാഗം അന്ന് പല പ്രധാന മേഖലകളിലും സേവനം അനുഷ്ഠിച്ചിരുന്നു. മാതൃകാപരമായ കത്തോലിക്കാ ജീവിതം നയിച്ചിരുന്നവരുമായിരുന്നവർ. റോക്കോസ്ശീശ്മയുടെ കാലഘട്ടമായിരുന്നു അതെങ്കിലും വൈപ്പിശ്ശേരി കുടുംബാംഗങ്ങളെ യഥാർത്ഥ കത്തോലിക്കാ വിശ്വാസത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ അതൊന്നും പര്യാപ്തമായിരുന്നില്ല. ശരിയായ കത്തോലിക്കാ കുടുംബ സാഹചര്യങ്ങളിൽ വളർത്തപ്പെട്ട വൈപ്പിശ്ശേരി കുടുംബത്തിലെ യുവാക്കൾ പലരും ദൈവവിളി സ്വീകരിച്ച് വൈദികാന്തസ്സിലേക്ക് കടന്നു വന്നിട്ടുണ്ട്. അന്നത്തെ മെത്രാപ്പോലീത്തയുടെ സെക്രട്ടറിയായിരുന്ന തോമസ് ഗുയോമ്മാർ (പറമ്പിൽ), താണ്ടയുടെ സഹോദരനാണ്. ആദ്ധ്യാത്മികവും, ഭൗതികവുമായ ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിരുന്ന കാരണവൻമാർ, കുടുംബത്തിലെ സ്ത്രീ വിഭാഗത്തിനും നിലവിലിരുന്ന രീതി അനുസരിച്ചുള്ള വിദ്യാഭ്യാസം പകർന്നു കൊടുത്തിരുന്നു. പെൺകുട്ടികൾക്കായി അന്ന് വിദ്യാലയങ്ങൾ

സ്ഥാപിതമല്ലായിരുന്ന സാഹചര്യത്തിൽ കുടുംബങ്ങളിൽ ലഭിച്ച വിദ്യാഭ്യാസവും മതബോധനവുമാണ് അവരുടെ ഭാവി ജീവിതത്തെ കരുപ്പിടിപ്പിച്ചത്. പുരുഷ വിഭാഗങ്ങൾക്ക് സന്യാസ സഭകളും വൈദിക പരിശീലനങ്ങളും ഉണ്ടായിരുന്നെങ്കിലും സ്ത്രീ ജനങ്ങൾക്കായി അന്ന് മലബാറിൽ സന്യാസിനി സഭകളൊന്നും ഉണ്ടായിരുന്നില്ല. പരിതഃസ്ഥിതികൾ ഇങ്ങനെ ആയിരിക്കെ സാധാരണ ഗതിയിൽ എല്ലാ പെൺകുട്ടികളും വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുകയായിരുന്നു പതിവ്. ഗൃഹ ജോലികളിലും കൈത്തൊഴിലുകളിലുമാണ് സ്ത്രീകൾ പ്രധാനമായി ഏർപ്പെട്ടിരുന്നത്.

ഓച്ചംതുരുത്ത്, കുരുശിങ്കൽപ്പള്ളി ഇടവകയിൽപ്പെട്ട വൈപ്പിശ്ശേരി കുടുംബം സാമാന്യം ധനസമൃദ്ധിയും വിദ്യാ സമ്പന്നതയുമുള്ളതായിരുന്നു. എട്ടു സന്താനങ്ങളെ നല്ല നിലയിൽ വളർത്തി ദൈവത്തിന് പ്രദാനം ചെയ്ത തൊമ്മൻ–താണ്ട ദമ്പതികൾ ഭാഗ്യസ്മരണാർഹരാണ്. ഇവരുടെ സീമന്തപുത്രി യായി ജനിച്ച മഹൽരത്നമാണ് നമ്മുടെ കഥാനായിക.

## അദ്ധ്യായം 2

## ശൈശവവും ബാല്യവും

1831 തുലാം മൂന്നാം തിയ്യതി ഓച്ചംതുരുത്ത് വൈപ്പിശ്ശേരി കുടുംബത്തിൽ തൊമ്മൻ–താണ്ട ദമ്പതികളുടെ സീമന്തപുത്രിയായി ഒരോമനപ്പെൺകുഞ്ഞ് ഭൂജാതയായി. സുമുഖിയും അരോഗദൃഢ ഗാത്രയുമായിരുന്ന ഈ ശിശുവിന് ഏലീശ്വ എന്ന് പേര് നൽകി. കുരിശിങ്കൽ പള്ളിയായിരുന്നു ഇടവക. ശിശു വളർന്നു. മാതാപിതാക്കൾ അവളുടെ സ്വഭാവരൂപീകരണത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നു. അവൾ ദൈവഭയം, സഹാനുഭൂതി, വിനയശീലം, സൗമ്യത എന്നീ ഗുണങ്ങളാൽ അലംകൃതയായി കാണപ്പെട്ടു. പ്രായത്തിനൊത്തു ഈ സദ്ഗുണങ്ങൾ അവളിൽ പുഷ്ടിപ്രാപിച്ചു കൊണ്ടിരുന്നു. 'കുരുന്നിലെ അറിയാം മുളയുടെ കരുത്ത്' എന്നാണല്ലോ ആപ്തവാക്യം.

മലബാറിലെ സമ്പന്ന കുടുംബങ്ങളിൽ ഒട്ടു മിക്കവർക്കും പറമ്പിലും പാടത്തും മഴയും വെയിലും കൊണ്ടു അഹോരാത്രം പണിയെടുക്കുവാൻ വിലയ്ക്കുവാങ്ങിയ അടിമകളുള്ള കാലഘട്ടം. ദരിദ്രരും ആശ്രിതരുമായ ഒട്ടേറെ സാധു ജനങ്ങൾ അവരുടെ പാദസേവയ്ക്ക് നിർബന്ധിതരായിരുന്നു. ഈ കൂട്ടരോടൊന്നും കാര്യമായ അനുകമ്പയോ, ആശ്രിത വാത്സല്യമോ, ഗൃഹനായകൻമാരോ ഗൃഹനായികമാരോ

കാണിക്കാറുണ്ടായിരുന്നില്ല. തമ്പുരാൻ, തമ്പുരാട്ടി എന്നുള്ള അഭിസംബോധനയുമായി അങ്ങകലെ നിൽക്കുന്ന സാധു ജനം അനുകമ്പയുടെ നേരിയ ഒളി ദർശിച്ചെങ്കിലായി. ഏതാദൃശ സാമൂഹ്യ വ്യവസ്ഥിതിയാണ് അന്നത്തെ കുഞ്ഞുമക്കളും ദർശിച്ചിരുന്നത്. ഏലീശ്വ പിറന്നു വീണതും, മെല്ലെ വളർന്നതും വ്യത്യസ്തമായ ഒരന്തരീക്ഷത്തിലല്ല. എങ്കിലും അവളിൽ സ്വതസിദ്ധമെന്നോണം ദീനാനുകമ്പ, ആശ്രിത വാത്സല്യം തുടങ്ങിയ സദ്ഗുണങ്ങൾ മൊട്ടിട്ടു വികസിക്കുവാൻ തുടങ്ങി. കുടിയാൻമാരോ ഭിക്ഷുക്കളോ വീട്ടുമുററത്തു വന്നാൽ ഏലീശ്വ തൻെറ കുഞ്ഞിക്കയ്യിൽ എന്തെങ്കിലുമായി അവരുടെ അടുക്കലേയ്ക്ക് ഓടിയെത്തു കയായി. നിഷ്കളങ്കമായ ആ സ്നേഹ പ്രചുരിമയിൽ എത്രയെത്ര പാവപ്പെട്ട ഹൃദയങ്ങളാണ് കോരി ത്തരിച്ചിട്ടുള്ളത്! മാതാപിതാക്കൾ തങ്ങളുടെ ഈ ഓമന മക ളിൽ കണ്ട വിശിഷ്ടഗുണം വളർത്തിയെടുക്കുന്നതിന് എല്ലാ സാഹചര്യങ്ങളും അനുവദിച്ചു. അതുകൊണ്ടാണ് പിൽക്കാല ത്ത് സന്യാസം ആരംഭിക്കുന്നതിന് മുൻപ് തന്നെ ചുററുമുള്ള സാധുജനങ്ങളുടെ ഇടയിലേയ്ക്ക് അവൾ ഇറങ്ങിച്ചെന്നു സേവനം ആരംഭിച്ചത്.

കുശാഗ്രബുദ്ധിയും, ചുറുചുറുക്കുമുള്ള ഏലീശ്വ യ്ക്ക് കാലത്തിൻെറ തികവിൽ കുഞ്ഞനുജൻമാരും, അനുജ ത്തിമാരും ഭൂജാതരായി. അങ്ങനെ അഞ്ചു സഹോദരൻമാരുടെ യും രണ്ടു സഹോദരിമാരുടെയും മൂത്ത ചേച്ചിയായി വളർന്നു വന്നു. അവരുടെ ഇടയിൽ നേതൃത്വപാടവവും, കാര്യാന്വേ ഷണ ചാതുര്യവും അവൾ പ്രദർശിപ്പിച്ചു. അനുജൻമാർ സ്കൂളിൽ പോയി പഠനം ആരംഭിച്ചപ്പോൾ കാരണവൻമാർ നൽകിയ അവശ്യം വേണ്ട വിദ്യാഭ്യാസം അവൾ വീട്ടിലിരുന്ന്

കരസ്ഥമാക്കി. ഗൃഹജോലിയിൽ അമ്മയെ സഹായിക്കുക, വീടുവൃത്തിയാക്കി സൂക്ഷിക്കുക, അതിഥികളെ സത്ക്കരിക്കുക എന്നിവ അവൾക്കേറെ ഇഷ്ടമുള്ള കൃത്യങ്ങളായിരുന്നു.

ലൗകിക വിജ്ഞാനത്തിനു പുറമെ വേണ്ടത്ര മതബോധനവും അവൾക്ക് ലഭിച്ചു. കുടുംബ പ്രാർത്ഥനകൾ ചൊല്ലുക, ഭക്തഗ്രന്ഥപാരായണം നടത്തുക, തുടങ്ങിയവ നന്നായി അവൾ അഭ്യസിച്ചു. മലയാള ഭാഷ സാമാന്യം മെച്ചപ്പെട്ട രീതിയിൽ ഹൃദിസ്ഥമാക്കി.

ഏലീശ്വയിൽ വളരെ ചെറുപ്പം മുതൽക്കേ കണ്ട ഒരു വിശിഷ്ട ഗുണമാണ് ദൈവമാതാവിനോടുള്ള ഭക്തി. ഒരു മകൾക്കടുത്ത സ്നേഹവായ്പ്പോടെ അവൾ ദിവ്യാംബികയുടെ സ്വരൂപത്തിൻ മുന്നിലണയും. അവിടെ പൂക്കൾ ചാർത്തുന്നതിനും തിരുസ്വരൂപം അലങ്കരിക്കുന്നതിനും കാണിച്ച താല്പര്യം ഒന്നു വേറെതന്നെയായിരുന്നു. ഒരു ദിവസമെങ്കിലും അവൾക്ക് ഈ ഭക്താനുഷ്ഠാനം മുടക്കുന്നതിഷ്ടമായിരുന്നില്ല. ജീവിതത്തിന്റെ അന്ത്യനാളുകളിൽ മാതാവിന്റെ സ്വരൂപത്തിൻ മുമ്പാകെ പുഷ്പാർച്ചന നടത്തിയില്ലെങ്കിൽ "എനിക്ക് വിശക്കുന്നു" എന്ന് പറഞ്ഞിരുന്നതും അബോധാവസ്ഥയിൽ കിടന്നപ്പോൾ മുറിയിൽ ചെന്നിരുന്നവരെ "നൻമ നിറഞ്ഞ മറിയമെ" എന്നുവിളിച്ചിരുന്നതും ഈ മാതൃഭക്തി വളർന്ന് വികസിച്ചതിന്റെ സത്ഫലങ്ങളായിരുന്നു. പിൽക്കാലത്ത് ദൈവമാതാവിന്റെ ഏലീശ്വ എന്ന് അവൾ അറിയപ്പെട്ടു. ദൈവത്തിൽ നിന്നും ധാരാളം അനുഗ്രഹങ്ങൾ സ്വീകരിച്ച ഏലീശ്വ കൗമാരദശയിലേക്ക് കടന്നു.



ഓച്ചം തുരുത്തു കുരിശിങ്കൽ പള്ളി



സെൻറ് ഫിലോമിനാസ് പള്ളി
കൂനമ്മാവ്

# അദ്ധ്യായം 3

## കൗമാരവും വിവാഹജീവിതവും

ഏലീശ്വായ്ക്ക് വയസ്സ് പതിനാറായി. യൗവ്വനയുക്ത യും അരോഗദൃഢഗാത്രയും കർമ്മകുശലയുമായ ഈ തരുണീമണിക്ക് അനുരൂപനായ ഒരു വരനെ കണ്ടെത്തുന്ന തിൽ മാതാപിതാക്കഠം അധികം ക്ലേശിക്കേണ്ടി വന്നില്ല. ദൈവഹിതം, തന്നെ വിവാഹജീവിതത്തിലേക്ക് വിളിക്കുന്നു എന്ന് മനസ്സിലാക്കിയ അവഠം മാതാപിതാക്കളുടെ ഇംഗിതത്തിനു വഴങ്ങി.

വരാപ്പുഴ വികാരിയാത്തിൽപ്പെട്ട അതിപുരാതനമായ പള്ളികളിൽ ഒന്നാണ് കൂനമ്മാവ് സെൻറ് ഫിലോമിനാസ്. സമ്പൽ സമൃദ്ധികൊണ്ടും പൗരാണികത്വം കൊണ്ടും മികച്ചു നിന്നിരുന്ന വാകയിൽ കുടുംബാംഗമായ ശ്രീ വറീത് (വത്തരു) കൂനമ്മാവ് ഇടവകാംഗമായിരുന്നു. ആവശ്യമായ എല്ലാ ഗുണങ്ങളും തികഞ്ഞുകണ്ട ഈ യുവാവിനെ ഏലീശ്വായ്ക്ക് യോഗ്യവരനായി കാരണവൻമാർ നിശ്ചയിച്ചു. വത്തരു വിൻെറ പിതാവ് വറിയതിനും, മാതാവ് മറിയയ്ക്കും ഈ ആലോചന തൃപ്തികരമായി. യഥാക്രമം വിവാഹച്ചടങ്ങുകഠം വളരെ ഭംഗിയായി നടന്നു.

ഏലീശ്വ തൻെറ പുതിയ ഭവനത്തിൽ ജീവിതം

ആരംഭിച്ചു. അവരം സന്തുഷ്ടയായിരുന്നു. ശുഭപ്രതീക്ഷയോടുകൂടി ഭർത്തൃശുശ്രൂഷകളിൽ വ്യാപൃതയായി. വർഷങ്ങരം ഒന്നു രണ്ടു കഴിഞ്ഞു. ഏലീശ്വയെ മാതൃസ്ഥാനത്തേയ്ക്കുയർത്താൻ നിശ്ചയിച്ച ദൈവം അവർക്ക് ഒരു ഓമന പെൺകുഞ്ഞിനെ പ്രദാനം ചെയ്തു. 1850 മേടമാസം 21 – ാം തീയതി ജാതയായ ശിശുവിന് യഥാകാലം മാമ്മോദീസ നൽകി 'അന്ന' എന്ന് പേരിട്ടു.

നീലിമയാർന്നു തെളിഞ്ഞുനിന്നിരുന്ന ഈ കുടുംബാന്തരീക്ഷത്തിൽ കാർമേഘ പടലങ്ങരം ഇത്രവേഗം പടർന്നുയരുമെന്ന് ആർക്കൂഹിക്കാൻ കഴിയും? ആരുമാരും ഓർക്കാതിരുന്ന ഒരു നിമിഷത്തിൽ വറീത് രോഗബാധിതനായി. എങ്കിലും മരണത്തിൻെറ തിരശ്ശീല പൊടുന്നനവെ വീഴുമെന്ന് കുടുംബാംഗങ്ങരം ഒട്ടും തന്നെ പ്രതീക്ഷിച്ചില്ല. ഏലീശ്വ തൻെറ കഴിവിൽപ്പെട്ട എല്ലാ സ്നേഹ ശുശ്രൂഷകളും നൽകി. ഭർത്താവിൻെറ സുഖപ്രാപ്തിക്കായി ഉള്ളുനീറി അവരം അഹോരാത്രം പ്രാർത്ഥിച്ചു.

ദൈവത്തിൻ മനം ആരു കണ്ടു? ഏലീശ്വ ആ കൊച്ചുവാകയിൽ കുടുംബത്തിൽ ഏതാനും സന്താനങ്ങളുടെ മാതാവായി, ഒരു നല്ല ഗൃഹനാഥയായി, സന്തുഷ്ടിയിലും സമ്പൽ സമൃദ്ധിയിലും ജീവിച്ച് മരണമടയണമെന്നായിരുന്നില്ല ദൈവചിത്തം. അനേകായിരങ്ങരംക്ക് ആദ്ധ്യാത്മിക മാതൃത്വം നൽകി, മലബാറിലെ എന്നല്ല ഭാരതത്തിലെ പ്രഥമ ഏതദ്ദേശിയ സന്യാസിനി സഭയുടെ സ്ഥാപകയായിത്തീരണമെന്നായിരുന്നു തിരുഹിതം.

തൻെറ പ്രിയപ്പെട്ടവൻെറ വേർപാട് അവളെ വല്ലാതെ

വേദനിപ്പിച്ചു. പ്രഥമ ദൃഷ്ട്യാ ഹതഭാഗ്യയായി അവരം കാണപ്പെട്ടു. തൻെറ പ്രേമഭാജനമായ വറീത് എന്നന്നേക്കുമായി അവളെ വിട്ടു പിരിഞ്ഞു. പിഞ്ചോമനയെ കയ്യിലേന്തി മണിക്കൂറുകരം അവരം മൃതശരീരത്തിന് അടുത്തിരുന്ന് തേങ്ങി, വാവിട്ടവരം പൊട്ടിക്കരഞ്ഞു.കേവലം പത്തൊൻപതു വയസ്സുമാത്രം പ്രായമുള്ള തരുണീമണി, ഒന്നരവയസ്സുള്ള പെൺകുഞ്ഞ്, ഇവരായിരുന്നു ഏലീശ്വ വറീത് കുടുംബത്തിൽ അവശേഷിച്ചത്.

ബന്ധുമിത്രങ്ങരം ഓടിയെത്തി. വറീതിൻെറ ശവസംസ്ക്കാരം കൂനമ്മാവ് സെൻറ് ഫിലോമിനാസ് പള്ളിയിൽ നടന്നു. പ്രാർത്ഥനകരം അർപ്പിച്ചു. ഏലീശ്വയ്ക്ക് ആശ്വാസ വചനങ്ങളും അനുശോചനങ്ങളും തുടരെത്തുടരെ എല്ലാവരിൽനിന്നും ലഭിച്ചുകൊണ്ടിരുന്നു. വൈധവ്യഭാരം അവളെ സന്താപത്തിൻെറ നീർച്ചുഴിയിലേക്ക് താഴ്ത്തിയിറക്കി. സാധാരണ ഈ സ്ഥിതിയിലുള്ള ഒരു യുവതി ആശ്വാസം കണ്ടെത്താറുള്ള മാർഗ്ഗങ്ങളൊന്നും ഏലീശ്വയ്ക്ക് ഇഷ്ടമായില്ല. ബാഹ്യവും ലൗകികവുമായ വിനോദങ്ങളിലോ ആഹ്ലാദങ്ങളിലോ ഏർപ്പെട്ട് തൻെറ ദുഃഖഭാരം തെല്ലൊന്ന് ശമിപ്പിക്കാൻ അവരം ആഗ്രഹിച്ചുമില്ല. എന്തോ ഒരു ദിവ്യാശ്വാസം, ദൈവത്തിൻെറ തൃക്കരം തൻെറ വ്രണിതാത്മാവിനെ തലോടിയാശ്വസിപ്പിക്കുന്നതായി അവരംക്കനുഭവപ്പെട്ടു. അത്യാവശ്യമുള്ള ഗൃഹജോലികരം ചെയ്തതിനുശേഷം തൻെറ പിഞ്ചുകുഞ്ഞിനേയും മാറിൽ ചേർത്ത് നിശ്ശബ്ദയായി വീടിൻെറ ഒഴിഞ്ഞ മൂലയിൽ ഇരുന്ന് വളരെ നേരം അവരം പ്രാർത്ഥിക്കും. ഭക്താനുഷ്ഠാനങ്ങളിലും കൂദാശസ്വീകരണങ്ങളിലും അവരം ദത്തശ്രദ്ധയായി കാണപ്പെട്ടു. "മാനസിക പ്രാർത്ഥന" (മെൻറൽപ്രെയർ)

അവളെ ആരും പഠിപ്പിച്ചില്ല. പക്ഷെ പരിശുദ്ധാരൂപി അവളുടെ ഗുരുനാഥനായി വന്നു. ദീർഘനേരം അവരം ധ്യാന നിർലീനയായി ദൈവവുമായി സംഭാഷിക്കും. സമയം കിട്ടുമ്പോഴെല്ലാം അവരം പള്ളിയിലേക്ക് പോകും. ദിവ്യ സക്രാരിയുടെ മുൻപിൽ മണിക്കൂറുകരം ഇരുന്ന് അവരം തൻെറ ഹൃദയഭാരം ഇറക്കിവയ്ക്കും. ക്രമേണ ഒരു ആദ്ധ്യാത്മിക സന്തോഷം അവളുടെ ജീവിതത്തെ പ്രകാശിപ്പിക്കാൻ തുടങ്ങി.

കാരണവൻമാർ ഒരു പുനർവിവാഹത്തിൻെറ ആലോചനകരം കാലതാമസമന്യേ അവളുടെ മുമ്പിൽ അവതരിപ്പിച്ചു. ഈ കൊച്ചു കുടുംബത്തിന് താങ്ങും തണലുമേകാൻ യോഗ്യനായ ഒരു യുവാവ് ആവശ്യമാണെന്ന് ശതക്തിയുക്തം അവർ വാദിച്ചു. പക്ഷെ സർവ്വശക്തൻെറ ബലിഷ്ഠകരങ്ങളിൽ സ്വയം സമർപ്പിച്ച്, അവിടുത്തെ അനന്തപരിപാലനയിലും പിതൃസ്നേഹവാത്സല്യങ്ങളിലും ആശ്രയം കണ്ടെത്തിയ ഏലീശ്വയുണ്ടോ മാനുഷികാശ്വാസ സഹായങ്ങരം തേടി പിൻതിരിയാൻ പോകുന്നു?

ശൈശവം പിന്നിട്ട ഏക പുത്രി 'അന്നയെ' പരിചരിച്ചും കുടുംബകാര്യങ്ങരം മനഃശ്ചാഞ്ചല്യമില്ലാതെ വേണ്ടതുപോലെ നിർവ്വഹിച്ചും ഏലീശ്വ ഒരു ധീരയുവതിയായിത്തന്നെ കാലം മുന്നോട്ട് നീക്കി. വാകയിൽ കുടുംബസ്വത്തായി ഏഴുപുരയിടങ്ങളും 6 നെൽപ്പാടങ്ങളും, നാണയമായി രണ്ടായിരം രൂപയും ഉണ്ടായിരുന്നു. ഇവയുടെയെല്ലാം കാര്യാന്വേഷണം ഏലീശ്വ നിർവ്വഹിച്ചു. പറമ്പിൽ താമസിച്ചിരുന്ന കുടിയാൻമാരും, ആശ്രിതരും, ദരിദ്രരുമായ അയൽവാസികളും ഏലീശ്വയുടെ

പ്രത്യേക സ്നേഹത്തിന് പാത്രീഭൂതരായി. ഒഴിവു സമയങ്ങളിൽ അവരെ ഒരുമിച്ചുകൂട്ടി സദാചാര നിഷ്ഠകളും സൽബുദ്ധികളും പറഞ്ഞുകൊടുത്ത് അവരുടെ ജീവിതത്തെ നേർവഴിയിലേക്ക് തിരിക്കുന്നതിൽ ഉത്സുക യായി കാണപ്പെട്ടു. അങ്ങനെ ഏകയെങ്കിലും അവൾ സദാ ജനമദ്ധ്യേ ആയിരുന്നു. ദീർഘനേരത്തെ പ്രാർത്ഥനയും നിശബ്ദതയിൽ കഴിക്കുന്ന മണിക്കൂറുകളും അവളുടെ ആത്മാവിന് ആനന്ദവും ആശ്വാസവുമേകി. കൊല്ലങ്ങൾ പത്തുപന്ത്രണ്ട് നീങ്ങി. അന്ന, അമ്മയുടെ നിഴലിൽ അതേ ജീവിതശൈലിയിൽ തന്നെ നല്ല പെൺകുട്ടിയായി വളർന്നു വന്നു. ഏറെ താമസിയാതെ നിഗൂഢമായ ദൈവവിചാരണ യുടെ ഫലങ്ങൾ ഏലീശ്വയുടെ ജീവിതത്തിൽ പ്രത്യക്ഷ പ്പെട്ടുതുടങ്ങി.

# അദ്ധ്യായം 4

## ജീവിതം വഴിത്തിരിവിലേയ്ക്ക്

1853 തുടങ്ങി വരാപ്പുഴ വികാരിയത്ത് ഭരിച്ചിരുന്ന നിതാന്ത ദിവ്യ ശ്രീ ഡോ. ബർണഡിൻ ബച്ചിനേല്ലി ഒ.സി.ഡി. മലബാർ ക്രിസ്ത്യാനികളുടെ ഉയർച്ചയ്ക്കും വിശ്വാസ സംബന്ധമായ കാര്യങ്ങളിൽ അന്നുണ്ടായിരുന്ന തകർച്ചയ്ക്കും പരിഹാരമായി ഏതാനും ചില കാര്യങ്ങൾ നടപ്പിൽ വരുത്താൻ തീരുമാനിച്ചു. പ്രധാനമായി ആറു കാര്യങ്ങൾക്കാണ് അദ്ദേഹം രൂപം കൊടുത്തത്.

1. പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും കൊടുക്കുക.
2. കുട്ടികൾക്കും മുതിർന്നവർക്കും വേദോപദേശം നൽകുക
3. പള്ളികൾ തോറും ധ്യാനപ്രസംഗങ്ങൾ നടത്തുക.
4. സന്യാസ സഭ സ്ഥാപിക്കുക.
5. സന്യാസിനി സഭ സ്ഥാപിക്കുക.
6. സിറിയിൻ റീത്തിലെ വൈദികരുടെ
   ജീവിതസ്ഥിതിയും പഠനവും ഉയർത്തുക.

പോർച്ചുഗീസുകാരുടെ ഭരണകാലത്ത് അഗസ്തനീയൻ സന്യാസിനിസഭ മലബാറിൽ ഉദിച്ചെങ്കിലും കാൽവിയൻ ശീശ്മയിൽപ്പെട്ട് താമസിയാതെ അത് അസ്തമിച്ചു.



റവ.ഫാ. ലൂയിസ് റ്റി.ഒ.സി.ഡി.

മദർ ഏലീശ്വായുടെ സഹോദരൻ



പുത്തൻ പള്ളി സെമിനാരി

അതിനുശേഷം സന്യാസിനി സഭകളൊന്നും മലബാറിൽ രൂപം കൊണ്ടില്ല. ഓരോ കാലഘട്ടത്തിലും ദൈവജനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് ദൈവജനത്തിൽ നിന്നുതന്നെ പരിശുദ്ധാരൂപിയുടെ പ്രേരണയാൽ പ്രത്യേകസിദ്ധികൾ ലഭിച്ച് ദൈവജനത്തെ മുന്നോട്ട് നയിക്കുന്ന സഭാ സ്ഥാപകർ തിരുസഭയിൽ എക്കാലങ്ങളിലും ഉണ്ടായിട്ടുണ്ട്.

കുട്ടികൾക്കും മുതിർന്നവർക്കും വേദോപദേശം നൽകുക, പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും കൊടുക്കുക, എന്നീ ഉദ്ദേശങ്ങളുടെ നിർവ്വഹണത്തിനായി ഒരു സന്യാസിനി സഭ വരാപ്പുഴ വികാരിയാത്തിൽ സ്ഥാപിക്കണമെന്ന ഉദ്ദേശത്തോടു കൂടി പുത്തൻ പള്ളിയിൽ ഒരു കന്യകാലയത്തിന്റെ പണി മെത്രാപ്പൊലീത്ത ആരംഭിച്ചു. ഈ ഘട്ടത്തിൽ ആണ് പോർച്ചുഗീസുകാരുമായുള്ള ഏററുമുട്ടൽ, റോക്കോശീശ്മ, മേലൂസ് ശീശ്മ എന്നിവ സഭയെ അലട്ടിക്കൊണ്ടിരുന്നത്. അവയുടെ വിനാശകരമായ ഫലങ്ങളിൽ നിന്ന് വിശ്വാസികളെ സംരക്ഷിക്കാൻ വൈദികവിദ്യാർത്ഥികളുടെ പരിശീലനം മെച്ചപ്പെടുത്തേണ്ട ആവശ്യത്തെക്കുറിച്ച് ബർണഡിൻ മെത്രപ്പൊലീത്ത കൂലംകഷമായി ചിന്തിച്ചു. സുറിയാനിക്കാരുടെ നൂറോളം പള്ളികൾ പൂർണ്ണമായും, 30 പള്ളികൾ ഭാഗികമായും പ്രസ്തുത ശീശ്മയിൽ ചേർന്നുപോയി. ഒട്ടും ചേരാതിരുന്ന പള്ളികൾ 11 മാത്രമായിരുന്നു. ഇതുകണ്ട് മനസ്സിടിഞ്ഞ മെത്രാപ്പൊലീത്ത കന്യകാലയമായി മാറേണ്ടിയിരുന്ന കെട്ടിടം സെമിനാരിയായി രൂപാന്തരപ്പെടുത്തി. എങ്കിലും ഒരു കന്യകാലയത്തിന്റെ സ്ഥാപനം കഴിയുന്നതും വേഗം നിർവ്വഹിക്കുന്നതിന് വേണ്ട പരിശ്രമങ്ങൾ ഉപേക്ഷിച്ചില്ല. യൂറോപ്പിൽ നിന്നും നിഷ്പാദുക കർമ്മലീത്താ

രണ്ടാം സഭ സന്ന്യാസിനികളെ ഇവിടെ വരുത്തുവാനാണ് മെത്രാപ്പൊലീത്ത ആഗ്രഹിച്ചത്. പക്ഷെ ദൈവഹിതം വേറെ ഒന്നായിരുന്നു.

ഈ കാലയളവിലാണ് പരേതനായ വാകയിൽ വറീത് ഭാര്യ ഏലീശ്വ തൻെറ ഭൗതിക സുഖങ്ങാം പാടെ ത്യജിച്ച് പാരത്രികമായവയെ സന്തോഷപൂർവ്വം പിഞ്ചെന്ന്, ദൈവഭക്തിപരവും, പരസ്നേഹപരവുമായ കാര്യങ്ങളിൽ മാത്രം വ്യാപൃതയായി സ്വഭവനത്തിൽ ഒരു വിരക്ത ജീവിതം നയിച്ചു കൊണ്ടിരുന്നത്. ജേഷ്ഠസഹോദരിയുടെയും കൊച്ചുമകളുടെയും ഭക്തിജീവിതത്തിൽ ഏററവും ഇളയ സഹോദരി ത്രേസ്യായും ആകൃഷ്ടയായി ഏലീശ്വയോടൊത്ത് ഭക്തിജീവിതം നയിക്കാൻ ആഗ്രഹിച്ചു. അവരുടെ മാതുലനും ബർണഡിൻ മെത്രാൻെറ സെക്രട്ടറിയുമായ ഫാ. തോമസ് ഗുയോമ്മാർ (പറമ്പിലി) ൻെറ സഹായത്തോടുകൂടി, മാതാ പിതാക്കൻമാരോട് അനുവാദം വാങ്ങി ത്രേസ്യായും വന്ന് ഏലീശ്വയോടുകൂടി ജീവിതം ആരംഭിച്ചു.

ത്രേസ്യായുടെ വരവോടുകൂടി പ്രസ്തുത ഭവനത്തിൽ ദൈവഭക്തിയുടെ ഒരു നവചൈതന്യം ഉളവായി. ഭക്തിപര മായ കാര്യങ്ങളിൽ ഉണ്ടായിരുന്ന ഹൃദയൈക്യം, പരസ്പരം ലഭിച്ചിരുന്ന സഹായ സഹകരണം, സംഭാഷണം, ദൃഷ്ടാന്ത ങ്ങാം, പ്രോത്സാഹനം മുതലായവയായിരുന്നു അതിനു കാരണം.

ഇങ്ങനെ ആദ്ധ്യാത്മികമായ കാര്യങ്ങളിൽ അവർ കുതിച്ചു മുന്നേറുന്നതുപോലെ അവർക്ക് തോന്നിയിരുന്നു.

എങ്കിലും ആ കുടുംബത്തിലെ നായികയായിരുന്ന ഏലീശ്വായ്ക്ക് ഉള്ളിൽ ഒരസ്വാസ്ഥ്യത; ഒരു വിഷമത; അതെന്താണെന്നോ, അതിൻെറ വിധമെന്തെന്നോ പറയാൻ അവർക്ക് സാധിച്ചിരുന്നില്ല. ചെയ്യുന്നതു പൂർത്തിയാകുന്നില്ലെന്നോ, ചെയ്യേണ്ടകാര്യം ഇനിയും ഉണ്ടെന്നോ, എന്തെന്നു പറയുവാൻ നിവർത്തിയില്ലാത്ത ഒരസ്വാസ്ഥ്യതയാണ് അനുഭവപ്പെട്ടത്.

1857—ൽ മാന്നാനത്തു നിന്നും വന്ന് കൂനമ്മാവ് പള്ളിയിൽ വസിച്ചിരുന്ന ബഹു. സന്യാസ അച്ചൻമാരോട് ഇത് പറഞ്ഞ് കുമ്പസാരിച്ചിരുന്നു. പക്ഷെ അവരിൽ നിന്നും യാതൊരു ഉപശാന്തിയും ലഭിച്ചില്ല. ഈ വനിതകളെ കൂടുതൽ പുരോഗമനത്തിനായി പ്രേരിപ്പിച്ചിരുന്ന ദൈവവരപ്രസാദത്തിൻെറ ഫലമായിരുന്നു അത് എന്ന് അവർ മനസ്സിലാക്കിയില്ല. ഏലീശ്വ ഇങ്ങനെ വിഷമിച്ചിരിക്കെ, ഒരു ദിവസം സായാഹ്നത്തിൽ പരി.കുർബ്ബാന സന്ദർശിക്കുന്നതിനായി കൂനമ്മാവ് പള്ളിയിൽ ചെന്നു. വിസീത്ത സമയത്ത് കർത്താവിനോട് ഈ വിഷമത്തെപ്പററി ആവലാതി രൂപത്തിൽ അവരം പറയുവാൻ തുടങ്ങി. “കൊച്ചുമുപ്പച്ചനെ (Rev. Fr. Leopold Maria of St. Joseph O.C.D.) വിളിച്ച്, നിൻെറ കാര്യം അദ്ദേഹത്തോടു പറയുക'' എന്ന് ആരോ പറയുന്നതായി അവരം കേട്ടു. ഈ വന്ദ്യദ്ദേഹം കൂനമ്മാവ് സന്യാസാശ്രമത്തിലെ നവ സന്യാസഗുരുവും സിറിയൻ സന്യാസികളുടെ കാര്യത്തിൽ മെത്രാൻെറ ഡെലിഗേററുമായിരുന്നു. നവസന്യാസത്തിൽവച്ച് ശീലിച്ച ആന്തരിക ജീവിതം, ബോധനിയന്ത്രണം, സ്വയം പരിത്യാഗം, പ്രപഞ്ചപരിത്യാഗം എന്നിവയിലൂടെ ലോകത്തിനും തനിക്കുതന്നെയും മരിച്ചവനായി ദൈവത്തിലും,

ദൈവത്തോടുകൂടിയും ജീവിക്കുക എന്ന ആദർശത്തിന് യാതൊരു തടസ്സവുമുണ്ടാകാതെ ജീവിച്ചുപോന്ന ഒന്നാം സഭ നിഷ്പാദുക കർമ്മലീത്താ വൈദികനായിരുന്നു അദ്ദേഹം. ഇങ്ങനെയുള്ള ഒരു ആത്മ നിയന്താവിനെയാണ് ദൈവം ഏലീശ്വായ്ക്ക് നൽകിയത്. അവരം ഉടനെതന്നെ വട്ടപ്പറമ്പിൽ ജോസഫ് കുഞ്ഞുവറീതാശാനെക്കൊണ്ട് കൊച്ചുമൂപ്പച്ചനെ കുമ്പസാരക്കൂട്ടിൽ വിളിപ്പിച്ചു. എല്ലാം അവരം തുറന്ന് പറഞ്ഞു. "അദ്ദേഹം മലയാള ഭാഷ പഠിച്ചു വരുന്നതേ ഉണ്ടായിരുന്നുള്ളു. എങ്കിലും ഞാൻ പറഞ്ഞത് അദ്ദേഹത്തിന് മനസ്സിലായി. ഞാൻ സമാധാനം പ്രാപിച്ചു മടങ്ങി". അവരം പിന്നീട് സഹോദരൻ ഫാ. ലൂയീസ് ററി.ഒ.സി.ഡി.യോട് പറഞ്ഞു. 1862ൽ ആണ് ഈ സംഭവം നടന്നത്. അന്നുതുടങ്ങി ഏലീശ്വാമ്മയ്ക്ക് ലഭിച്ച പ്രത്യേക സിദ്ധിയും അവളിൽ കണ്ട ആത്മ ചൈതന്യവും ഫാ. ലെയോപ്പോരംഡ് കൂലങ്കഷമായി പഠിക്കുകയായിരുന്നു. അതാത് സമയങ്ങളിൽ ആദ്ധ്യാത്മിക ഉപദേശവും മാർഗ്ഗനിർദ്ദേശവും അദ്ദേഹം അവരംക്ക് നൽകിക്കൊണ്ടിരുന്നു. ത്രേസ്യയും, അന്നയും ലെയോപ്പോരംഡ് അച്ചനെത്തന്നെ ആത്മീയ പിതാവായി തെരഞ്ഞെടുത്തു. തങ്ങളാൽ സാധിക്കുന്ന വിധത്തിലുള്ള ഭക്തകാര്യങ്ങരം പരമാർത്ഥ ബുദ്ധ്യാ ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കുവാൻ മൂവരും ശ്രമിച്ചിരുന്നു. ആദ്ധ്യാത്മിക പാതയിലൂടെ അവർ വളരെ വേഗത്തിൽ പുരോഗമിച്ചു.

## അദ്ധ്യായം 5

# ദൈവവിളി – സിദ്ധിയും ചൈതന്യവും

സുവിശേഷോപദേശങ്ങളനുസരിച്ച് ജീവിച്ചിരുന്ന സ്ത്രീപുരുഷന്മാർ തിരുസഭയുടെ ആരംഭം മുതലേ ഉണ്ടായിരുന്നു. കൂടുതൽ സ്വാതന്ത്ര്യത്തോടെ ക്രിസ്തുവിനെ പിഞ്ചെല്ലാനും അവിടുത്തെ അടുത്തനുകരിക്കാനുമാണ് അവർ അങ്ങനെ ചെയ്തത്. ഓരോരുത്തരും സ്വന്തമായ രീതിയിൽ ദൈവത്തിന് സമർപ്പിക്കപ്പെട്ട ഒരു ജീവിതം നയിച്ചിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് ചിലർ ഏകാന്ത ജീവിതം നയിച്ചു. ചിലർ സന്യാസ സമൂഹങ്ങൾക്ക് രൂപം കൊടുത്തു. ഈ സന്യാസ സമൂഹങ്ങളെ തിരുസഭ സന്തോഷപൂർവ്വം സ്വീകരിക്കുകയും ആധികാരികമായി അംഗീകരിക്കുകയും ചെയ്തു. അങ്ങനെ ദൈവപരിപാലനയിൽ അനവധി സന്യാസ സമൂഹങ്ങൾ വളർന്നു വന്നു. അവയുടെ വൈവിധ്യം വിസ്മയാജനകവുമാണ്. ഇവ എല്ലാവിധ സത്പ്രവർത്തികൾക്കും തിരുസഭയെ പ്രാപ്തയാക്കുകയും (2 തിമോ. 3:17), മൗതിക ശരീരത്തെ പടുത്തുയർത്തുകയെന്ന മഹനീയ കൃത്യത്തിന് അവളെ സന്നദ്ധയാക്കുകയുമുണ്ടായി (എഫേ. 4:12). മാത്രമല്ല, വരനെ സ്വീകരിക്കുവാൻ അണിഞ്ഞൊരുങ്ങിയ വധുവിനെപ്പോലെ സ്വസന്താനങ്ങൾക്ക് ലഭിച്ച ദൈവദാനങ്ങളാൽ തിരുസഭ സമലംകൃതയുമായി (വെളി. 21:2). ദൈവജ്ഞാനത്തിന്റെ വൈവിധ്യം തിരുസഭയിലൂടെ പ്രകടമാകാനും ഇത് കാരണമായി.

ഇത്രയേറെ വിവിധ ദാനങ്ങളോടെ സുവിശേഷോപ

ദേശങ്ങൾ അനുസരിക്കാൻ ദൈവത്താൽ വിളിക്കപ്പെടുകയും തദനുസാരം വിശ്വസ്തതയോടെ ജീവിക്കുകയും ചെയ്യുന്നവർ തങ്ങളെത്തന്നെ കർത്താവിനു പ്രത്യേകവിധത്തിൽ പ്രതിഷ്ഠിക്കുന്നു. കുരിശു മരണം വരെ വിധേയനായി, നരവംശത്തെ രക്ഷിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്ത നിർമ്മലനും, ദരിദ്രനുമായ ക്രിസ്തുവിനെയാണവർ അനുകരിക്കേണ്ടത് (മത്താ. 8:20;ലൂക്കാ. 9:58). പരി. അരൂപി തങ്ങളുടെ ഹൃദയങ്ങളിൽ ചൊരിയുന്ന സ്നേഹത്താൽ പ്രചോദിതരായി (റോമ.5:5) ക്രിസ്തുവിനും, അവിടുത്തെ ശരീരമാകുന്ന തിരുസഭയ്ക്കും വേണ്ടി അവർ ജീവിക്കുന്നു (കൊളോ 1:24). അതിനാൽ ജീവിതത്തെ മുഴുവനായി സ്പർശിക്കുന്ന ആത്മസമർപ്പണം വഴി എത്ര ഗാഢമായി അവർ ക്രിസ്തുവിനോട് ഐക്യപ്പെടുന്നുവോ അത്രയധികം തിരുസഭയുടെ ജീവിതം ഫലപ്രദമാവുകയും, അവളുടെ പ്രേഷിതവൃത്തി ശക്തി പ്രാപിക്കുകയും ചെയ്യും.

തിരുസഭയുടെ നന്മയ്ക്കുവേണ്ടിയാണ് ഓരോ സന്യാസസമൂഹത്തിനും അതാതിൻെറ സ്വഭാവവും പ്രവർത്തനവും ഉണ്ടാകേണ്ടത്. അതുകൊണ്ട് അവ സഭാസ്ഥാപകരുടെ പ്രത്യേക ചൈതന്യവും, ലക്ഷ്യങ്ങളും അവയുടെ നല്ല പാരമ്പര്യങ്ങളും വിശ്വസ്തതാപൂർവ്വം അനുഷ്ഠിക്കുകയും പരിരക്ഷിക്കുകയും വേണം. ഓരോ സമൂഹത്തിനും ലഭിച്ചിട്ടുള്ള പിതൃസ്വത്താണിവ (പി.സി.2ബി).

പരി.അരൂപിയുടെ പ്രേരണയിൽ സുവിശേഷോപദേശങ്ങളെ വ്യാഖ്യാനിക്കാനും അവയുടെ അനുവർത്തനത്തിൽ ആവശ്യമായ നിയന്ത്രണം ചെലുത്താനും, ഇതിനെ



റവ.ഫാ. ലെയോപ്പോൾഡ് മരിയ ഓഫ്
സെൻറ് ജോസഫ് ഒ.സി.ഡി.



പനമ്പു മഠം

അടിസ്ഥാനപ്പെടുത്തി സ്ഥിരമായൊരു ജീവിത ശൈലി ഏർപ്പെടുത്താനും തിരുസഭാധികാരികൾക്ക് കടമയുണ്ട്. സ്ഥാപകരുടെ അരൂപിക്കനുസരിച്ച്, അതിൻെറ നല്ല പാരമ്പര്യങ്ങൾ നിലനിർത്തികൊണ്ട്, ഒരു സഭ വളരുന്നതിന് എല്ലാ ഒത്താശകളും ചെയ്തുകൊടുക്കാനുള്ള ചുമതലയും അധികാരികൾക്കുണ്ട് (കനോന നിയമം 576).

ഒരു സഭയുടെ പിതൃസ്വത്ത് അഭംഗുരം പാലിക്കപ്പെടേണ്ടതാണ്. സ്ഥാപകരുടെ ഉദ്ദേശം, സഭയുടെ സ്വഭാവം, ചൈതന്യം എന്നിവയെ സംബന്ധിച്ച് തിരുസ്സഭ അംഗീകരിച്ച് ഉറപ്പിച്ചിട്ടുള്ള എല്ലാ ദാനങ്ങളും വിശ്വസ്തതയോടെ പരിരക്ഷിക്കപ്പെടേണ്ടവയിൽ ഉൾപ്പെടുന്നു ( കാനോനനിയമം 578).

പരി. അരൂപിയുടെ പ്രവർത്തനത്താൽ വിശ്വാസികൾക്ക് ലഭിക്കുന്ന പ്രത്യേക സിദ്ധികൾ ശരിയായിട്ടുള്ളവയാണോ എന്ന് പഠിച്ചറിയേണ്ടത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ടാണ്:

1. ക്രിസ്തുവിനോടുള്ള വിശ്വസ്തത
2. തിരുസ്സഭയുടെ അതാതു കാലത്തെ വ്യക്തമായ ആവശ്യങ്ങൾ ശ്രദ്ധിച്ച് പ്രവർത്തിക്കാനുള്ള സന്നദ്ധത
3. തിരുസ്സഭാ ജീവിതത്തിൽ ഭാഗഭാക്കാകാനുള്ള സന്നദ്ധത
4. പരിശുദ്ധാരൂപിയോടുള്ള വിധേയത്വം
5. തിരുസഭാധികാരത്തോടുള്ള അനുസരണം
6. അപ്പസ്തോലസംരംഭങ്ങളിൽ ധീരതയും മനോദാർഢ്യവും
7. സ്വയം ദാനത്തിലുള്ള സ്ഥിരത
8. വൈഷമ്യങ്ങളും, ബുദ്ധിമുട്ടുകളും നേരിടുമ്പോൾ

അവയെ വിനയപൂർവ്വം സ്വീകരിക്കാനുള്ള മനഃസ്ഥിതി.

9. ക്രിസ്തുവിൻെറ കുരിശിലും പീഡാസഹനത്തിലുമുള്ള പങ്കാളിത്തം.

1862 തുടങ്ങി ലെയോപ്പോൾഡ് അച്ചൻെറ ആദ്ധ്യാത്മിക ശിക്ഷണത്തിൽ അടിപതറാതെ നടന്നു നീങ്ങിയ ഏലീശ്വാമ്മയ്ക്ക് ലഭ്യമായ വിശേഷ സിദ്ധികൾ പരിശുദ്ധാരൂപിയുടെ പ്രത്യേക ദാനങ്ങളാണെന്ന് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ വച്ചുകൊണ്ട് ലെയോപ്പോൾഡച്ചൻ പഠിച്ചു മനസ്സിലാക്കി. തദവസരത്തിലാണ് ബർണഡിൻ മെത്രാപ്പൊലീത്ത നിഷ്പാദുക കർമ്മലീത്താ രണ്ടാം സഭ സന്യാസിനി സമൂഹത്തെ ജനോവായിൽ നിന്ന് തൻെറ രൂപതയിൽ കൊണ്ടുവരാൻ നിശ്ചയിച്ചത്. ഈ വിവരം മനസ്സിലാക്കിയ ലെയോപ്പോൾഡച്ചൻ തൻെറ ആത്മിയ പുത്രിമാരായി മൂന്നു ഭക്തവനിതകൾ കൂനമ്മാവ് വാകയിൽ കുടുംബത്തിൽ ആദ്ധ്യാത്മിക ജീവിതം വളരെ തൃപ്തികരമായി നയിച്ചുകൊണ്ടുവരുന്ന വിവരം മെത്രാപ്പൊലീത്തായെ അറിയിച്ചു. അവർ സന്യാസ ജീവിതം കഴിക്കാൻ അതിയായി ആഗ്രഹിക്കുന്നുവെന്നും ഏലീശ്വാമ്മയുടെ പ്രത്യേക സിദ്ധികൾ പരിശുദ്ധാരൂപിയാൽ പ്രേരിതങ്ങളാണെന്നും മെത്രാപ്പൊലീത്തയ്ക്ക് ഉറപ്പ് നൽകി. അദ്ദേഹവും വേണ്ട പഠനങ്ങൾ നടത്തി ബോദ്ധ്യം വരുത്തി.

ഏലീശ്വായുടെ ധ്യാനാത്മകമായ പ്രാർത്ഥനാ ജീവിതം, അതിലൂടവൾക്ക് ലഭിച്ച ആത്മിയ നൻമകൾ, ഏകാന്തതയിലും നിശ്ശബ്ദതയിലും ദൈവാനുഭൂതി കണ്ടെത്തുന്ന ചൈതന്യവിശേഷം, നിസ്സംഗത എത്രമാത്രം ദൈവൈക്യ

ത്തിന് ഉപകരിക്കുമെന്നുള്ള ബോദ്ധ്യം, സർവ്വോപരി ദൈവമാതാവിനോടുള്ള പുത്രീസഹജമായ ഭക്തി ഇവയാണ് പ്രഥമസിദ്ധിയായി ഏലീശ്വാമ്മയിൽ തിളങ്ങിയിരുന്നത്. പ്രാർത്ഥനാ പ്രാധാന്യമായിട്ടുള്ള ഒരു സന്യാസ ജീവിതാന്തസ്സിലേക്ക് വിരൽ ചൂണ്ടുന്ന ഒരു ദൈവവിളിയാണ് അവർക്ക് ലഭിച്ചിട്ടുള്ളതെന്ന് ആത്മീയ പിതാക്കൻമാർക്ക് മനസ്സിലായി. അതോടൊപ്പം അവളിൽ പ്രശോഭിച്ചിരുന്ന ദീനാനുകമ്പ, ആശ്രിത വാത്സല്യം, സാധുജനസേവന തൽപ്പരത ഇവ വളരെ സ്വതസിദ്ധമായി കാണപ്പെട്ടു.

നിഷ്പാദുക തെരേസ്യൻ കർമ്മലീത്താ സഭയുടെ സിദ്ധിയും ചൈതന്യ വിശേഷവുമാണ് ഏലീശ്വയിൽ പ്രകടമാവുന്നതെന്ന് ബർണഡിൻ മെത്രാൻ മനസ്സിലാക്കി. തൻെറ ഉദ്ദേശ സാദ്ധ്യതയ്ക്കായി വിദേശിയരെ വരുത്തേണ്ട തില്ലെന്നും ഏലീശ്വ, ത്രേസ്യ, അന്ന എന്നീ മൂന്നു വനിതകളെ പരിശീലിപ്പിച്ച് ഒരു ഏതദ്ദേശീയ സന്യാസിനീ സമൂഹം വരാപ്പുഴ വികാരിയാത്തിൽ ആരംഭിച്ചാൽ മതിയെന്നും അദ്ദേഹം നിശ്ചയിച്ചു. ഇററലിയിലെ ജനോവ മഠത്തിൽ നിന്ന് കർമ്മലീത്താ രണ്ടാം സഭ നിഷ്പാദുക സന്യാസിനിമാരുടെ നിയമാവലി വരുത്തി, ഈ നാടിൻെറ സ്ഥിതിക്കനുയോജ്യ മായ വിധത്തിൽ ക്രമപ്പെടുത്തി, വന്ദ്യതിരുമേനി ബർണഡിൻ കയ്യൊപ്പുവച്ച് ലെയോപ്പോൾഡ് മിഷനറിയെ ഏൽപ്പിച്ചു. ഈ നിയമാവലി അനുസരിച്ചാണ് പ്രഥമ അംഗങ്ങളെ സന്യാസ ജീവിതത്തിൽ പരിശീലിപ്പിച്ചത്. റവ. ഫാ. ലെയോപ്പോൾഡ് ഒ.സി.ഡി. ആയിരുന്നു നവ സന്യാസ ഗുരു. യഥാസമയങ്ങ ളിൽ വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ ജനോവ മഠാധിപയാണ് നൽകിക്കൊണ്ടിരുന്നത്.

1866 ൽ ഏലീശ്വായിൽ കണ്ട സിദ്ധിയും ചൈതന്യവും നിഷ്പാദുക തെരേസ്യൻ കർമ്മലീത്താ സഭയുടേതാണെന്ന് പരിശീലനങ്ങളിലും പരീക്ഷണങ്ങളിലും നിന്ന് തെളിഞ്ഞു. 1860–ൽ നിഷ്പാദുക കർമ്മലീത്താ സഭയുടെ ഡെഫിനെററി ജനറലിൽ നിന്ന് സിദ്ധിച്ച അധികാരം ഉപയോഗിച്ചും, മലബാറിലെ നിഷ്പാദുക കർമ്മലീത്താക്കാരുടെ പ്രൊവിൻഷ്യൽ എന്ന നിലയിലും ബർണഡിൻ മെത്രാപ്പോലീത്ത ഈ മൂന്നു വനിതകളെയും 1866 ഫെ. 12–ാം തീയതി കർമ്മലീത്താ സഭയിൽ ഔദ്യോഗികമായി സ്വീകരിച്ചു. വെ. റവ. ഫാ. ഡോമിനിക് ഒ.സി.ഡി. ആയിരുന്നു അന്ന് സഭയുടെ ജനറൽ. അങ്ങനെ നിഷ്പാദുക കർമ്മലീത്താ സന്യാസിനി മൂന്നാം സഭ (ററി.ഒ.സി.ഡി.) ഇന്നത്തെ കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈററ്സ് (സി.ററി.സി.) നൈയാമികമായി സ്ഥാപിക്കുന്നതിനുള്ള കളം ഒരുങ്ങി.

ഏലീശ്വയ്ക്ക് സിദ്ധിച്ച പ്രഥമ ക്യാരിസം ഏകാന്തതയുടെയും നിശ്ശബ്ദതയുടെയും ജീവിതത്തിലൂടെ ധ്യാനാത്മകമായ പ്രാർത്ഥന വഴി ആത്മവിശുദ്ധീകരണവും, ആഴമായ ആന്തരിക ജീവിതവും സമാർജ്ജിച്ച് വിശുദ്ധി പ്രാപിക്കാൻ പരിശ്രമിക്കുക എന്നതായിരുന്നു. പരിത്യാഗത്തിൻെറയും നിസ്സംഗതയുടെയും ജീവിതം ഇതിൽ ഉാംക്കൊണ്ടിരുന്നു. ഇതാണ് ഇന്ന് സി.ററി.സി സഭയുടെ പ്രത്യേക ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതായി എടുത്തിരിക്കുന്നത്.

ഈ അമ്മയിൽ സ്വതസിദ്ധമായി വിളങ്ങിയിരുന്ന ദീനാനുകമ്പ, ആശ്രിത വാൽസല്യം, സാധുജനസേവന

തൽപ്പരത ഇവ സഭയെ അപ്പസ്തോല പ്രവർത്തനങ്ങളി ലേക്ക് നയിച്ചു. ഈ ദ്വിതീയ ക്യാരിസത്തിൻെറ മൂല്യങ്ങളടങ്ങിയ അപ്പസ്തോല പ്രവർത്തനങ്ങളിലേക്ക് ഓരോ കാലത്തിൻെറയും, സ്ഥലത്തിൻെറയും ആവശ്യങ്ങള നുസരിച്ച് സഭ വിവിധപ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു.

## അദ്ധ്യായം 6

## സഭാസ്ഥാപക

സന്ന്യാസ ജീവിതത്തിന് ഒരുക്കമായുള്ള ജീവിത പരീക്ഷണ കാലഘട്ടം വിജയകരമായി പൂർത്തിയാക്കിയ ഏലീശ്വ, അന്ന, ത്രേസ്യ എന്നിവരെ സഭയുടെ അടിസ്ഥാന ശിലകളായി ബർണഡിൻ മെത്രാപ്പൊലീത്ത സ്വീകരിച്ചു. അന്നു വരെ വാകയിൽ സ്വന്തം വീട്ടിൽ താമസിച്ചിരുന്ന ഈ മൂവർക്കും സന്ന്യാസ ജീവിതം നയിക്കുന്നതിന് ഒരു ചെറിയ മഠത്തിൻെറ രൂപത്തിൽ പനമ്പുകൊണ്ടു നിർമ്മിച്ച മൂന്നു മുറികളും ഭക്ഷണശാലയും പ്രാർത്ഥനാമുറിയും അടങ്ങിയ പനമ്പു മഠം വാകയിൽ കുടുംബത്തിൻെറ സ്വത്തായ കഷണ്ടിയാൻ പറമ്പിൽ പണിതീർത്തു. 1866 ഫെ. 13-ാം തീയതി ചൊവ്വാഴ്ച സെൻറ് ഫിലോമിനാസ് പള്ളിയിൽ രാവിലെ കുർബ്ബാനയും പ്രാർത്ഥനയും കഴിച്ചതിന് ശേഷം മൂന്നുപേരും ഒൻപതുമണിയായപ്പോഠം മാതാപിതാക്കൻമാരോടും ബന്ധുജനങ്ങളോടും കൂടി പനമ്പു മഠത്തിലേക്ക് വന്നു. അവിടെ പ്രത്യേകമായി സജ്ജീകരിച്ചിരുന്ന പ്രാർത്ഥനാ മുറിയിൽ പ്രവേശിച്ച് കുറേനേരം മുട്ടുകുത്തിപ്രാർത്ഥിച്ചതിനുശേഷം റവ. ഫാ. ലെയോപ്പാഠഡ് ഒ.സി.ഡി ഈ മൂന്നു വനിതകാഠക്കും കർമ്മലീത്താ ഉത്തരീയം നൽകി. പ്രിയോരായിരുന്ന ചാവറ കുര്യാക്കോസ്

ഏലിയാസ് അച്ചനും അവിടെ സന്നിഹിതനായിരുന്നു. (സി.ററി.സി., സി.എം.സി. നാളാഗമം മൂലഗ്രന്ഥം പേജ്. 12, 13 വാല്യം—1 സഹ—1)

ഫാ.ലെയോപ്പോാഡ് അവർ അനുഷ്ഠിക്കേണ്ട നിയമങ്ങളേയും ക്രമച്ചട്ടങ്ങളേയും കുറിച്ച് വേണ്ട നിർദ്ദേശങ്ങാ നൽകി. ലെയോപ്പോാഡ് അച്ചൻെറ നേതൃത്വത്തിൽ നവസന്യാസകാലഘട്ടം കാനോനികമായി ആരംഭിച്ചു. ഇതോടുകൂടിയാണ് ഇന്നത്തെ തെരേസ്യൻ കർമ്മലീത്താ സഭ (സി.ററിസി.) ജൻമം കൊണ്ടത്.

അന്നുവരെ സന്യാസമെന്തെന്നോ, സന്യാസ ജീവിത ക്രമം എങ്ങിനെയെന്നോ യാതൊരുവിധത്തിലും ഗ്രഹിക്കാതിരുന്ന ഈ മൂന്നു വനിതകാ വളരെ ധീരമായ ഒരു കാൽവയ്പ്പാണ് നടത്തിയത്. പരിശുദ്ധാരൂപിയിൽ നിന്നും ലഭിച്ച പ്രത്യേക സിദ്ധിയും ചൈതന്യവും അഭംഗുരം പാലിച്ച് വളർത്തിയെടുത്തതിൻെറ ഫലമായി ഏലീശ്വ എതദ്ദേശീയ നിഷ്പാദുക തെരേസ്യൻ കർമ്മലീത്താ സന്യാസിനി മൂന്നാം സഭയുടെ സ്ഥാപകസ്ഥാനത്തേയ്ക്ക് ദൈവത്താൽ ഉയർത്തപ്പെട്ടു. അനേകായിരങ്ങാ ഈ സിദ്ധിയും ചൈതന്യവും പ്രാപിച്ച് അവളുടെ ധീര സന്താനങ്ങളായി ഇന്ന് തിരുസ്സഭയിൽ സേവനം നടത്തി വരുന്നു.

പുതിയതായി ആരംഭിച്ച സന്യാസിനി സഭയുടെ മദർ സുപ്പീരിയറായി ഏലീശ്വയെത്തന്നെ നിയോഗിച്ചു. പരി.മറിയത്തിൻെറ സഹോദരി ഏലീശ്വ, തിരുഹൃദയത്തിൻെറ സഹോദരി അന്ന, ഈശോയുടെ സഹോദരി ത്രേസ്യ എന്നീ

പേരുകളാണ് സന്യാസ ജീവിതം ആരംഭിച്ചതോടുകൂടി അവർക്ക് നൽകപ്പെട്ടത്.

1866 ഫെ. 11 – ാം തിയതി വൈക്കം പുത്തനങ്ങാടി കൊച്ചുവർക്കി വൈദ്യൻെറ മകാ ഏലീശ്വ സഭാ പ്രവേശനം അഭ്യർത്ഥിച്ചു് കൂനമ്മാവിൽ വന്നു. ഇത് സംബന്ധിച്ച വിവരങ്ങാ നാളാഗമം മൂലഗ്രന്ഥം വാല്യം 1, രണ്ടാം സഹയിൽ നിന്ന് ഇവിടെ പകർത്തുന്നു: "ഇവർ 14 വയസ്സിൽ വിവാഹം കഴിച്ച് പത്ത വത്സരം ഭർത്താവൊടുകൂടെ ജീവിച്ച ശെഷം 24–ാം വയസ്സിൽ ഭർത്താവു മരിച്ച പതിമൂന്നു വത്സരം വൈധവ്യത്തിൽ ആങ്ങള ഇസഹാക്ക വൈദ്യൻ എന്നയാളൊടുകൂടെ സ്വന്തവീട്ടിൽപാർത്ത, പള്ളി സമീപമാകയാൽ നിത്യവുമായുള്ള കുർബ്ബാന കണ്ടും അടുക്കെയുള്ള കുംപസാരം കൂർബ്ബാന എന്ന കൂദാശകാ കൈകൊണ്ടും പാടുപോലെയുള്ള ധ്യാനനമസ്ക്കാരങ്ങളും കഴിച്ചു വന്നിരുന്ന വിവരം പ്രിയൊരച്ചൻ അറിഞ്ഞിരുന്നതിനാൽ ഈ അന്തസ്തിൽ ചെരുവാൻ മനസ്സുണ്ടെങ്കിൽ വരണമെന്നും ആ പള്ളിയുടെ വിഗാരിയച്ചൻ വഴിയായി അറിവിച്ചിരുന്നതിനാൽ അപ്രകാരം വരുന്നതിന് നിശ്ചയിച്ചിരുന്ന വർത്തമാനം മററു കൂടപ്പിറപ്പുകളുംസമ്പന്ധക്കാരും അറിഞ്ഞ് പലമുടക്കുകളും തടവുകളും പറഞ്ഞ എംകിലും ആയത ഒന്നും എടുക്കാതെ ധൈര്യപ്പെട്ടതിനാൽ എളയപ്പൻ ആയിരിക്കുന്ന പുത്തനങ്ങാടി, ഇട്ടൂപ്പ് എന്നയാളും മെലെഴുതി വിഗാരിയച്ചനും കൂടെ സഹായമായി വെണ്ടതൊക്കയും കൊണ്ടുവന്നു. എംകിലും ബ.മൂപ്പച്ചൻ ഒരിക്കലും കണ്ടറിവില്ലായ്കയാൽ ഒന്നു രണ്ടു കുറി കുമ്പസാരക്കൂട്ടിൽ വന്നു ചൊദിച്ചു പറഞ്ഞ് അറിഞ്ഞതല്ലാതെ ഇപ്പൊാ നിശ്ചയിച്ചു പറവാൻ

പാടില്ലായ്കയാൽ പുറത്ത ഒരു വീട്ടിൽ താമസിപ്പാൻ കൽപ്പിച്ചു. ഇതിനാൽ കുറെ സംകടവും യിളക്കവും തോന്നി എംകിലും ചൊൽ വിളിയിൽ ഉറെച്ചു പാർത്തു''. (സി.എം.സി, സി.ററി.സി നാളാഗമം മൂലഗ്രന്ഥം വാല്യം 1 സഹ 1 പേജ്.9.)

"1866 ഫെബ്രുവരി 14–ാം തീയതി ബുധനാഴ്ച തന്നെ മുപ്പച്ചൻ വൈക്കം ഏലീശായെ വീണ്ടും കുമ്പസാരക്കൂട്ടിൽ വിളിച്ചു കുമ്പസാരവും പരീക്ഷയും കഴിച്ച് ശുദ്ധമാന കുർബ്ബാനയും കൊടുത്ത ശെഷം അന്ന് 4 മണിക്ക് ലെയോപ്പോാംഡ് മുപ്പച്ചനും പ്രിയോരച്ചനും കൂടെ പനമ്പുമഠത്തിൽ ചെന്ന് സുഖവിശെഷങ്ങാം അന്വേഷിച്ചു. "നിങ്ങാംക്ക ഒരു സഹൊദരികൂടെ വന്നിരിക്കുന്നു. ആയതിനെ കൈക്കൊാംവാൻ നിങ്ങാംക്ക് മനസ്സുണ്ടൊ, ഇനി നിങ്ങളുടെ കാര്യം നിങ്ങാം തന്നെ പറയണം. മററു സഹൊദരികാം ഉണ്ടാകണമെന്നു നിങ്ങാംക്ക് ആഗ്രഹമുണ്ടൊ? എന്ന് ചൊദിച്ചതിന് ശ്രെഷ്ഠത്തി അമ്മ ഉത്തരിച്ചതായത, ഇപ്പൊാം തന്നെ സഹൊദരി ത്രെസ്യയും, അന്നായും കൂടെ നമുക്കൊരു കുടപ്പിറപ്പ് കൂടെ ഇന്നു വരുമായിരിക്കും എന്നു മൂപ്പച്ചൻ കൽപ്പിച്ചിരുന്നുവല്ലൊ. ആയതുകണ്ടില്ലല്ലൊ എന്നും പറഞ്ഞുകൊണ്ടിരുന്നു. ഞങ്ങാംക്ക് ഒരു കുടപ്പിറപ്പുകൂടെ ഉണ്ടാകുന്നത് അത്രെയും സന്തൊഷമല്ലൊ എന്നും പറഞ്ഞതിനെ ഉടൻ പ്രിയോരച്ചനൊട് പറഞ്ഞ് അവരെ വിളിപ്പിച്ചു. ഉടൻ സഹൊദരിയും മെലെഴുതിയ എളയപ്പനും പെട്ടി, പാ മുതലായത എടുത്തുംകൊണ്ട ഒരാളും ആയിട്ട പുറവെലി കടന്നു വന്ന അടക്ക വെലിയുടെ പടിക്കു പുറത്ത എളയപ്പൻ നിന്നുകൊണ്ട സഹൊദരിയെയും കൊപ്പും അകത്തൊട്ട ആക്കിയശെഷം മൂപ്പച്ചൻെറ കുപ്പായം മുത്തി

മുട്ടുകുത്തി നിന്നപ്പൊാം ഇവർക്കു ശുശ്രൂഷ ചെയ്തുകൊണ്ട് മരിപ്പൊളം യിവിടെ പാർപ്പാൻ മനസ്സുണ്ടൊ എന്നും ചൊദിച്ചതിന്ന മനസ്സിലായിരിക്കുന്നു എന്നും ഉത്തരിച്ചാറെ അപ്രകാരം മനസ്സാകുന്നുവെങ്കിൽ ഈ പാവപ്പെട്ട എന്നെക്കൂടെ നിങ്ങളുടെ വെലക്കാരത്തി ആയിട്ടു കൈക്കൊള്ളണമെന്നും ശ്രെഷ്ടയുടെ മുമ്പിൽ മുട്ടുകുത്തി അപെക്ഷിക്ക എന്നു പറഞ്ഞ വുടൻ ശ്രെഷ്ടത്തിയും മററു സഹൊദരികളും ഇരിക്കുന്നയിടത്തു ചെന്ന ശ്രെഷ്ടത്തിയുടെ മുമ്പിൽ മുട്ടുകുത്തി അപെക്ഷിച്ചപ്പൊാം ഞങ്ങാം പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു ഞങ്ങളിൽ ഒന്നു പോലെ കുടപ്പിറപ്പിനെയും കൈക്കൊാംവാനും ദെയവം തരുന്ന ഭിക്ഷ നാം കൈകൊണ്ട് പാർപ്പാൻ നൽമനസ്സായിരിക്കുന്നുവെന്നും ശ്രെഷ്ടത്തിയും ഉത്തരിച്ചശെഷം മുപ്പച്ചൻെറ മുൻപിൽ മുട്ടുകുത്തിച്ച് സ്കാപ്പുളാരിയും കൊടുത്ത് കൂട്ടുന്നതിന്നു തുടങ്ങിയപ്പൊാം പെര എന്തന്നും ചൊദിച്ചു. ഏലീശ്വ എന്നു കെട്ടാറെ ശ്രെഷ്ടത്തിയുടെയും സഹായക്കാരത്തിയുടെയും രണ്ട പെര ഇതുതന്നെ ആകയാൽ ആയത മാററി ക്ലാര എന്ന പെരുംയിട്ട് ത്രെസ്യാ പുണ്യവാളത്തി അമ്മയുടെ മൂന്നാം സഭ കന്യാസ്ത്രീകളുടെ കൂട്ടത്തിൽ ചെർക്കയും ചെയ്തു.

അപ്പൊാം മൂന്നു മുറിയും 3 കട്ടിലും മററും മാത്രം ഉണ്ടായിരുന്നതിനാൽ സഹൊദരി അന്ന പാർത്തിരുന്ന മുറിയും കട്ടിലും സഹൊദരി ക്ലാരയുടെ പെരുമാററത്തിനായിട്ട നിയമിച്ചു സ.അന്ന ശ്രെ. അമ്മയുടെ മുറിയിൽകൂടെ താമസിപ്പാനും സ. ക്ലാര കൊണ്ടു വന്ന വസ്തുക്കളും മററും ആകമാനമായിട്ട ഒന്നായിട്ട പെരുമാറണമെന്നും'' ലെയോപ്പോാംഡ് അച്ചൻ നിർദ്ദേശിച്ചു. (സി.ററി.സി. നാളാഗമം

വാല്യം 1 സഹ—2, സി.എം.സി. നാളാഗമം വാല്യം1. സഹ.2 പേജ് 14—15). മദർ ഏലീശ്വായ്ക്ക് 35 വയസ്സും സഹോദരി അന്നയ്ക്ക് 16 വയസ്സും, സഹോദരി ത്രേസ്യക്ക് 17വയസ്സും സഹോദരി ക്ലാരയ്ക്ക് 38 വയസ്സും പ്രായമുണ്ടായിരുന്നു. ഈ ചെറു സമൂഹത്തെ മദർ ഏലീശ്വ കർമ്മലീത്താ സഭയുടെ ചൈതന്യത്തിലും ആദ്ധ്യാത്മികതയിലും വളർത്തിക്കൊണ്ടു വന്നു. അങ്ങനെ ദൈവപരിപാലനയുടെ അഗ്രാഹ്യമായ വഴികളിലൂടെ അർപ്പണ ബോധത്തോടുകൂടി ഏറെ ബുദ്ധിമുട്ടി പരിപോഷിപ്പിച്ചെടുത്ത സഭാതരുവാണ് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈററ്സ് (സി.ടി.സി.).

# അദ്ധ്യായം 7

## സഭ വളരുന്നു

അംഗസംഖ്യ വർദ്ധിച്ചതോടുകൂടി കൂടുതൽ സ്ഥല സൗകര്യമുള്ള ഒരു കെട്ടിടം ആവശ്യമായി വന്നു. ഭദ്രതയും കെട്ടുറപ്പുമുള്ള ഒരു മഠം പണിയുവാൻ മെത്രാൻ തീരുമാനിച്ചു. അതിനുള്ള എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുവാൻ ലെയോപ്പോൾഡ് അച്ചനെ ഏല്പിച്ചു. പനമ്പുമഠത്തിനു സമീപം തന്നെ തളിച്ചുവാ പുരയിടം ഈ ആവശ്യത്തിനായി വാങ്ങി. മദർ ഏലീശ്വായ്ക്കും മകൾ അന്നയ്ക്കും പരേതനായ വാകയിൽ വറീതിൻെറ സമ്പാദ്യമായി കിട്ടിയ തുകയാണ് ഇതിനായി ഉപയോഗിച്ചത്. കൂടാതെ അന്നയുടെ പിതൃ സ്വത്തവകാശമായിട്ടുണ്ടായിരുന്ന പതിനായിരം രൂപയും ബർണഡിൻ ബച്ചിനേല്ലി മെത്രാപ്പൊലീത്ത ദാനം ചെയ്ത എണ്ണായിരം രൂപയുമാണ് കെട്ടിടം പണി ആരംഭിക്കുവാൻ ഉണ്ടായിരുന്ന മൂലധനം. ഈ തുക ഒട്ടും തന്നെ മതിയാകുകില്ലെന്നു കണ്ട് ലെയോപ്പോൾഡ്അച്ചനും ചാവറ കുര്യാക്കോസ് അച്ചനും ധനശേഷിയുള്ള ലത്തീൻ സുറിയാനി കത്തോലിക്കരെ സമീപിച്ച് ധനസഹായാഭ്യർത്ഥന നടത്തുകയും, ഉദാരമതികളിൽ നിന്നും കുറേപ്പണം ശേഖരിക്കുകയും ചെയ്തു. മദർ ഏലീശ്വായുടെ മാതുലനായിരുന്ന ഫാ. തോമസ് ഗുയോമ്മാർ (പറമ്പിൽ) മൂന്നു പുരയിടങ്ങൾ മഠത്തിന് ദാനമായി നൽകി. അവ, അദ്ദേഹത്തിനു സ്വത്തായിട്ടുണ്ടായിരുന്ന പാദ്രി പറമ്പും,



റവ.ഫാ. ചാവറ ഏലിയാസ് കുരിയാക്കോസ്
സി.എം.ഐ.



സെൻറ് തെരേസ്യാസ് കോൺവെൻറ്
കൂനമ്മാവ്

റൊക്കം പണം കൊടുത്തു വാങ്ങിയ വട്ടപ്പറമ്പും, തെക്കേയി നടത്തുപറമ്പുമായിരുന്നു. ഈ 5 പറമ്പുകൾ കൂടിയതായി രുന്നു മഠത്തിൻെറ വളപ്പ്.

1866 ജൂൺ 13—ാം തീയതി ശനിയാഴ്ച ലെയോപ്പോൾഡ ച്ചൻ അമ്മത്രേസ്യയുടെ നാമത്തിൽ ഒരുനിലക്കെട്ടിടമായി പണിയാൻ മഠത്തിന് കല്ലിട്ടു. മാതാവിൻേറയും യൗസേപ്പിതാ വിൻേറയും വി.അമ്മത്രേസ്യ പുണ്യവതിയുടേയും കാശു രൂപങ്ങളും "അമ്മത്രേസ്യയ്ക്ക് കാഴ്ച വച്ചിരിക്കുന്നു നിങ്ങൾ എന്നെ സഹായിക്കുന്നില്ലെങ്കിൽ എന്നാൽ ഒന്നും സാധിക്കുകയില്ല." എന്ന് എഴുതി കാശു രൂപങ്ങൾ അതിൽ പൊതിഞ്ഞു അതിൻമേൽ കല്ലുവച്ച് പണി തുടങ്ങി. (സി.റ്റി.സി., സി.എം.സി., നാളാഗമം മൂലഗ്രന്ഥം വാല്യം 1 സഹ 2 പേജ്.25, സഹ 4 പേജ്. 47). പക്ഷെ മെത്രാനച്ചൻ രണ്ടുനിലക്കെട്ടിടമായി പണിയണമെന്നു നിർദ്ദേശിച്ചത നുസരിച്ച് അന്നുവരെ നടന്നിടത്തോളം പണികൾ പൊളിച്ച് രണ്ടുനിലക്കെട്ടിടത്തിന് കല്ലിട്ടു. തെക്കു പടിഞ്ഞാററായി 42 കോൽ നീളവും 7 കോൽ വീതിയുമുള്ള 13 മുറികൾ അടങ്ങിയ പ്രധാന കെട്ടിടവും അതിൻെറ വടക്കേ അററത്ത് 21 കോൽ നീളവും 7 കോൽ വീതിയുമുള്ള ഉപശാല കിഴക്കു പടിഞ്ഞാററായും പണിതു. സെപ്ററംബർ മുതൽ പണി ധൃത ഗതിയിൽ നടന്നു. 1867 ഫെബ്രുവരിയിൽ പണി പൂർത്തിയായി. ഫെ. 27—ാംനു ബുധനാഴ്ച ആശിർവാദ കർമ്മങ്ങൾ നടത്തി സഹോദരിമാരെ പനമ്പു മഠത്തിൽ നിന്ന് പുതിയ കോൺവെൻറിലേക്ക് മാററി താമസിപ്പിച്ചു. തദവസരത്തിൽ ലെയോപ്പോൾഡ് മുപ്പച്ചൻ സന്യാസ ജീവിതത്തിൻെറ പൊരുളും ഈ മഠം സ്ഥാപിച്ചതിൻെറ ഉദ്ദേശ്യവും അവിടു ത്തെ ജീവിത ക്രമവും പുരസ്ക്കരിച്ച് ഒരു വിൽപ്പത്രം

ഴുതിക്കൊടുത്തു. അത് ചുവടെ ചേർക്കുന്നു.

"എന്റെ പ്രിയമുള്ള മക്കളെ പ്രത്യക്ഷമായിട്ടെന്ന പൊലെ നമ്മുടെ കർത്താവ് പുത്തനായി ഈ ദെശത്തിൽ ഉണ്ടാക്കിയ ഈ ഒന്നാമത്തെ കന്യാസ്ത്രീ മഠത്തിൽ കെറുന്ന ഇന്നത്തെ ദിവസത്തിൽ നിങ്ങളുടെ മെലുള്ള സ്നെഹത്തെ ക്കുറിച്ചും, നിങ്ങൾ പട്ടാങ്ങയായിട്ട് പുണ്യവാളത്തികളാകണം എന്ന ഇനിക്കുള്ള ഏററിക്കപ്പെട്ട ആഗ്രഹത്തെ കുറിച്ചും എന്റെ പിതാവിനടുത്ത ശാപൊരുളായിട്ടും നമ്മുടെ അമ്മത്രെസ്യാ പുണ്യവാളത്തിയുടെ നാമത്താലെ നിങ്ങൾ ക്കും നിങ്ങൾ മരിച്ചിട്ട് വരുവാനിരിക്കുന്ന സഹൊദരികൾക്കും ഈ ഗുണദൊഷങ്ങളെ എഴുതിത്തന്നിരിക്കുന്നു. ഈ ഗുണ ദൊഷങ്ങളെ നിങ്ങൾ സൂക്ഷിച്ചു കാർത്ത് നടക്കണമെന്ന് കർത്താവുങ്കൽ നിങ്ങളൊട് ഞാൻ അപെക്ഷിക്കുന്നു. ഇതിനെ കാക്കുന്നതുവരെയും ഈശൊമിശിഹാ നിങ്ങളൊടു കൂടെ ഇരിക്കും. ഇതിനെ ഉപെക്ഷിച്ചു തുടങ്ങിയാൽ ഈശൊ മിശിഹാ നിങ്ങളിൽ നിന്ന് പൊകും."

## സന്ന്യാസ ജീവിതം എന്തിന് ?

1. "എന്റെ പ്രിയമുള്ള മക്കളെ, സർവ്വെശ്വരൻ തമ്പു രാൻ നിങ്ങളെ ഈ മഠത്തിൽ വിളിച്ചത് സുഖമുള്ള ജീവിതം കഴിപ്പാനല്ല, ലൊകത്തെ പ്രസാദിപ്പിക്കാനുമല്ല പിന്നെയൊ മറെറാരു കാര്യവും വിചാരം കൂടാതെ തന്നെ മാത്രം സ്നെ ഹിപ്പാനും തന്റെ സ്തുതിയെ മാത്രം അന്വെഷിപ്പാനും നിങ്ങളുടെ മനസിന്റെ ഉപെക്ഷയിലും ചൊല്ലുവിളിയുടെ കീഴും താൻ നിങ്ങൾക്കു തന്ന റെഗുള ന്യായപ്രമാണത്തിന് തക്കതിൻ വണ്ണവും തനിക്കു ശുശ്രൂഷ ചെയ്യുവാനും

വെണ്ടിയത്രെ വിളിച്ചത് എന്ന് ഓർത്ത് കൊള്ളുവിൻ.''

2. "റെഗുള ന്യായപ്രമാണവും ചൊൽവിളിയും തമ്പുരാൻ നിങ്ങളാൽ സ്നെഹിക്കപ്പെടുവാനും ശുശ്രൂഷിക്കപ്പെടുവാനും താൻ തിരുമനസ്സായിരിക്കുന്ന വഴിയായിരിക്കുന്നു, എന്ന് വിചാരിപ്പിൻ. ഈ വഴിയല്ലാതെ മറെറാരു വഴി നിങ്ങാംക്കില്ല. ക്രമംപൊലെയുള്ള ഓരൊ അൽപ്പമായിട്ടുള്ള പ്രവർത്തിയും കൂട്ടമായിട്ടുള്ള അൽപ്പമായ ഒരു പ്രകരണവും നിങ്ങാം ഒരു രാജ്യം മുഴുവനും സത്യവെദത്തിൽ കൂട്ടുന്നതും, ഏററിയ പരാക്രമമായ പ്രവർത്തികളെ ചെയ്യുന്നതും എന്നതിനെക്കായിൽ തമ്പുരാന് ഏററവും പ്രസാദമുള്ളതായിരിക്കുന്നു, എന്ന് പട്ടാങ്ങയായിട്ട് വിശ്വസിപ്പിൻ. ആയതിനാൽ റെഗുളന്യായപ്രമാണത്തിൻെറ അൽപ്പമായ സംഗതികളെ കുറിച്ച് മഹാ താല്പര്യമായിരിപ്പിൻ അജ്ഞാനികാം അവരുടെ വെദത്തിനടുത്ത ക്രമങ്ങളും ചട്ടങ്ങളും കാക്കുന്നതിന് എത്രയും സൂക്ഷവും താത്പര്യവുമായിരിക്കുമ്പൊാം തമ്പുരാൻ നിങ്ങാംക്ക് കൽപ്പിച്ചു തന്നിരിക്കുന്ന ക്രമങ്ങളെ കാപ്പാൻ താൽപ്പര്യക്കുറവായി പൊയാൽ എത്രയൊ നാണംകെട്. റെഗുള ന്യായപ്രമാണത്തിന് വിരൊധമായി അൽപ്പമായ ഒരു പ്രവർത്തി ചെയ്യുന്നതിന് മുമ്പിൽ മരിപ്പാൻ ആഗ്രഹമായിരിപ്പിൻ. റെഗുള ന്യായപ്രമാണത്തിന് വിരൊധമായിട്ടുള്ള ചട്ടം വയ്ക്കുന്ന ശ്രെഷ്ടത്തി എത്രയൊ കഠിനമായിട്ട് ദൈവത്തിൻ മുമ്പാകെ ന്യായം പറയെണ്ടി വരും.''

3. "ചൊൽവിളി നിങ്ങളുടെ ഏററവും പ്രിയമുള്ള പുണ്യമായിരിക്കട്ടെ. യാതൊന്നിനും നിങ്ങളുടെ മനസ്സിനെ ചായിക്കെണ്ട. ചൊല്ലുവിളിയൊടു കൂടെ അല്ലാതെ യാതൊന്നും

ആഗ്രഹിക്കണ്ട, യാതൊന്നും ചെയ്യേണ്ട. നിങ്ങളുടെ ഇഷ്ടത്തിനും മനസ്സിനും വിരൊധമുള്ള കൂട്ടങ്ങളും ഏററം സന്തൊഷത്തൊടെ ചെയ്യുക.''

"ആയതിന്മെൽ ശൊധന ചെയ്യണം. ഇഷ്ടംപൊലെയുള്ളതും ബൊധിക്കുന്നതും മാത്രം ചെയ്‌വാൻ കഴിയുകയുള്ളു എന്നവർ ലൊകത്തിൽ പൊകട്ടെ. അവിടെ ന്യായം പൊലെ ഒക്കെയും ചെയ്യാമായിരിക്കും എന്ന അമ്മത്രെസ്യ പുണ്യവതി അരുളിച്ചെയ്തിരിക്കുന്നു. ശ്രെഷ്ടത്തിയെ മാനുഷി ആയിട്ടല്ല : പിന്നെയൊ ഇശൊ മിശിഹാ, ആയിട്ട് വിചാരിപ്പിൻ. അവരുടെ ആഗ്രഹവും, ചൊല്ലുവിളിയും ദൈവതിരുമനസ്സിനെ തികയ്ക്കുന്നു എന്ന് ഉറപ്പായിട്ട് വിശ്വസിപ്പിൻ മാസത്തിലൊരിക്കൽ തന്നയല്ല പിന്നെയൊ, ആഗ്രഹവും, ദിഷ്ടതിയും ഉള്ളപ്പൊഴൊക്കെയും മുഴുവൻ പരമാർത്ഥത്തൊടുകൂടെ നിങ്ങളുടെ ഹൃദയത്തിൻെറ രഹസ്യങ്ങളൊക്കെയും വിഷാദങ്ങളും മററും ബൊധിപ്പിച്ച് അവരുടെ ഗുണദൊഷങ്ങളെ കർത്താവിൻെറ വചനം പൊലെ കൈക്കൊള്ളുവിൻ''.

## നിസ്സംഗത — നിർമ്മലത

4. "നിങ്ങാക്കുവേണ്ടി ലൊകം ഇല്ല എന്ന് വിചാരിപ്പിൻ. നിങ്ങളുടെ മഠത്തിൻെറ പുറമെയുള്ള വർത്തമാനങ്ങാം പിശാച് നിങ്ങാക്ക് കൊംപ്പിക്കുന്ന വർത്തമാനങ്ങളാകുന്നു. നിങ്ങാം മനുഷ്യരിൽ നിന്നകന്നിരിക്കുന്തൊറും ഏററം തമ്പുരാനൊട് അടുത്തിരിക്കും എന്ന് ഒർത്ത് കൊള്ളുവിൻ. എത്രയൊ കന്യാസ്ത്രീകാം ഇതിനാൽ നരകത്തിലിരിക്കുന്നു. വീടിൻെറ ഓർമ്മയും പക്ഷവും തണ്യപരീക്ഷയെപ്പൊലെ തള്ളുവിൻ . എന്നാൽ വീട്ടുകാർ കാൺമാൻ വരുമ്പൊാം

നിർബന്ധമായിട്ട് എന്നതുപൊലെ വെഗത്തിൽ കണ്ട് വെഗത്തിൽ പൊകുവിൻ. ''

## പരസ്പരം സ്നേഹിപ്പിൻ

5. "നിങ്ങഠം തമ്പുരാനെ സ്നെഹിക്കുന്നു എന്ന ഏററം നല്ല അടയാളം നിങ്ങഠം തമ്മിൽ തമ്മിൽ ഉപവിയും പ്രിയവുമായിരിക്കുന്നതാകുന്നു. പ്രത്യെകം പിടിക്കാത്ത സ്വഭാവക്കാരെയും വിരൊധികളെയും സ്നെഹിക്കുന്നവരും സഹൊദരികളുടെ കെല്പക്ഷയങ്ങളെ സന്തൊഷമായി ക്ഷമിക്കുന്നവരും ഈശൊമിശിഹായുടെ തിരുഹൃദത്തിലെ വാസികളായിരുക്കുന്നു. ഒരു സഹൊദരിക്ക് ചെയ്യുന്നത് ഈശൊമിശിഹായ്ക്ക് ചെയ്യുന്നു എന്ന് ഓർത്തുകൊള്ളുവിൻ. എന്നാൽ എല്ലാ സഹൊദരികളെയും ഒരുപൊലെ കർത്താവുങ്കൽ സ്നെഹിപ്പിൻ. യാതൊരുത്തിയുടെമെൽ വിശെഷസ്നെഹം വയ്ക്കണ്ട. അതെന്ത്യെ ഇത് കുററങ്ങഠംക്ക് കാരണമാകുന്നു. നിങ്ങഠം തമ്മിൽ ഉപവി കാക്കുന്നതുവരെയും തമ്പുരാൻ നിങ്ങളൊടുകൂടെ ഇരിക്കും.''

ശെഷം പെരാൽ സ്നെഹിക്കപ്പെടുവാനും മതിക്കപ്പെടുവാനും ആഗ്രഹിക്കണ്ട. എല്ലാവരുടെ താഴെ ഇരിപ്പാനും ഏററം എളിമയുള്ള വെലകളെ ചെയ്യാനും ആഗ്രഹിക്കുക. ശെഷം പെരെ നിങ്ങളെക്കൊണ്ട കുററം പറയുകയും നിങ്ങളുടെ മെൽ വെറുപ്പു കാട്ടുകയും ചെയ്യുമ്പൊഠം സന്തൊഷമായിരിപ്പിൻ. അതെന്ത്യെ അതുതന്നെ നിങ്ങഠം ഈശൊമിശിഹായൊടു കൂടെ നടക്കുന്നു എന്ന അടയാളം. മനുഷ്യർ നിങ്ങളെ ബഹുമാനിക്കുകയും സന്തൊഷിപ്പിക്കുകയും ചെയ്യുംതൊറും അധികം ഈശൊ മിശിഹാ നിങ്ങളിൽ നിന്ന് അകന്ന് പൊകുകയും ചെയ്യും. മനുഷ്യർ നിങ്ങളെ കുററം

പറയുകയും നിങ്ങളെ നിരസിക്കുകയും ചെയ്യുമ്പൊാം ഈശൊ മിശിഹാ നിങ്ങളെ സ്നെഹിക്കുകയും സന്തൊഷിപ്പിക്കുകയും ചെയ്യും. പാടുപെടുന്നതിനുമെൽ വെറുപ്പായിരിക്കുന്നവർ ത്രെസ്യപുണ്യവാളത്തിയുടെ മക്കളൊകുന്നില്ല. അധികം പാടുപെടുന്നവർ എററവും വലിയ പുണ്യവാളത്തികളാകും.''

## ലളിതമായ ജീവിതം

7. "നിങ്ങളുടെ മഠത്തിൽ വസ്തു സമ്പൂർണ്ണത കെറുന്ന ദിവസത്തിൽ ഈശൊ മിശിഹാ നിങ്ങളിൽ നിന്ന് പുറപ്പെടുമെന്ന് ഓർത്ത് കൊള്ളുവിൻ. അമ്മത്രെസ്യ പുണ്യവാളത്തി സ്ഥാപിച്ചിരിക്കുന്ന കന്യാസ്ത്രീ മഠങ്ങാം എങ്ങനെ ആയിരുന്നുവെന്ന് ഓർത്തുക്കൊള്ളുവിൻ. എല്ലാററിലും ദാരിദ്ര്യമായിരിപ്പാൻ ആഗ്രഹിപ്പിൻ. ഏററം ദരിദ്രമുള്ള ഉടുപ്പും മററും പെരുമാറുവാൻ തമ്മിൽ തമ്മിൽ മത്സരിക്കുവിൻ. വെള്ളിയാഴ്ച തോറും തൂങ്ങപ്പെട്ട രൂപം കയ്യിൽ പിടിച്ചുകൊണ്ട് ഓരൊരുത്തി പാർക്കുന്ന മുറി സൂക്ഷിച്ചു നൊക്കി അതിൽ തൂങ്ങപ്പെട്ട രൂപത്തൊട് ചെരാത്തതെന്തെങ്കിലും, ആവശ്യമില്ലാത്തതെന്തെങ്കിലും, അനുവാദമില്ലാത്തതെന്തെങ്കിലും കണ്ടാൽ ശ്രെഷ്ടത്തിയുടെ പക്കൽ കൊണ്ടുപൊകുവിൻ. നിങ്ങാംക്ക് ഞരുക്കം വന്നാലും വിഷാദിക്കണ്ട. പിന്നെയൊ, തമ്പുരാൻെറ മെൽ ശരണമായിരിപ്പിൻ. താൻ നിങ്ങളുടെ കാര്യം വിചാരിക്കും.''

## ഏകാഗ്രത — ഏകാന്തത

8. "ഏകാന്തത്തെയും മിണ്ടടക്കത്തെയും സ്നെഹിപ്പിൻ. അവിടെ തമ്പുരാനെയും ഹൃദയസമാധാനത്തെയും നിങ്ങാം കണ്ടെത്തും. പാർക്കുന്ന മുറി നിങ്ങളുടെ ഏററം

പ്രിയമുള്ള സ്ഥലവും നിങ്ങളുടെ സങ്കെതസ്ഥലവുമായിരിക്കട്ടെ. നിങ്ങാം സൃഷ്ടിപ്പുകളൊട് മിണ്ടാതിരിക്കുന്തൊറും ഈശൊ മിശിഹാ നിങ്ങളുടെ ഹൃദയത്തിൽ തൻെറ സ്വരം കൊംപ്പിക്കുകയും ചെയ്യും. ദിഷ്ടതി കൂടാതെ ചൊല്ലിയ ഒരൊരൊമൊഴിക്ക് വിധി ദിവസത്തിൽ ന്യായം ബൊധിപ്പിക്കെണ്ടിവരും എന്ന് കർത്താവ് അരുളിചെയ്തിരിക്കുന്നു. നിങ്ങാംക്ക് തമ്മിൽ രഹസ്യങ്ങളും ആലൊചനകളും ഉണ്ടാകരുത്, അല്ലെങ്കിൽ എപ്പൊഴും കലങ്ങിയിരിക്കും.''

9. ''നിങ്ങളുടെ വചനങ്ങളിലും പ്രവർത്തികളിലും പരമാർത്ഥം പ്രകാശിക്കട്ടെ. യാതൊന്നിനും സൂത്രവും, കൗശലവും പെരുമാറണ്ട. ഈശൊ മിശിഹായുടെ അരൂപി പരമാർത്ഥത്തിൻെറ അരൂപിയാകുന്നു. മാടപ്രാവിൻെറ പരമാർത്ഥം പാമ്പിൻെറ വിവെകത്തെക്കാാം എത്രയൊ നല്ലതാകുന്നു.

ഒരു നെരവും മെനക്കെട്ടിരിക്കണ്ട. ഓരൊ ക്ഷണനെരത്തിൽ തമ്പുരാനെ സ്തുതിക്കണമെന്ന് വിചാരിപ്പിൻ. എന്നാൽ ഓരൊ വെലയിലും കാര്യത്തിലും നിങ്ങളുടെ ബൊധം മുഴുവനായിട്ട തമ്പുരാനിൽ നിന്നു അകററണ്ട. അല്ലെങ്കിൽ നിങ്ങളുടെ വെല നിഷ്പലമായിത്തീരും. അമ്മത്രെസ്യാ പുണ്യവാളത്തി പഠിപ്പിക്കുന്ന ദൈവഓർമ്മ കാർപ്പിൻ. അതായത് നിങ്ങളുടെ ഉള്ളിൽ ഈശൊമിശിഹായെ നോക്കിക്കൊണ്ട് തന്നെ സ്നെഹിപ്പിൻ. തന്നൊട് അപെക്ഷിപ്പിൻ. തനിക്ക് സ്ത്രൊത്രം ചെയ്യുവിൻ. ഈ മുറ തുടക്കത്തിൽ പ്രയാസമുള്ളതായി തൊന്നും. എന്നാൽ കുറെ നാാം കഴിയുമ്പൊാം എളുപ്പമുള്ളതും മധുരമുള്ളതും എത്രയും

ഉപകാരമുള്ളതുതായി വരികയും ചെയ്യും. ഒരു കാര്യം ചെയ്യുന്ന നെരത്തിൽ മററൊരു കാര്യം ഓർക്കണ്ട. മററൊരു വിചാരം കൈക്കൊള്ളണ്ട. പിന്നെയൊ ചെയ്യുന്ന കാര്യം മാത്രം വിചാരിക്കുക.''

11. "കാനൊനെ നമസ്ക്കാരം, ധ്യാനം, കുർബ്ബാന, കൂർബ്ബാന കൈക്കൊള്ളപ്പാട്, ആത്മശൊധന, ഭക്തി ക്കടുത്ത നമസ്ക്കാരങ്ങളും മററും ഒരു പതിവുപൊലെയും, ചട്ടമായിട്ടുള്ള ഒരു ക്രമംപൊലെയും ചെയ്യാതിരിപ്പാൻ മഹാ സൂക്ഷമായിരിപ്പിൻ. ഇത് പുണ്യ ജീവിതത്തിലെ വസന്ത പൊലെയാണ്. ഒരു ദിവസത്തെക്ക് ഇങ്ങനെ ചെയ്താൽ രണ്ടു ദിവസത്തെക്ക് ചെയ്യും. പിന്നെ തഴക്കമായിത്തീരുകയും ചെയ്യും. ദിവസം പ്രതിയുള്ള പ്രവൃത്തി നല്ലതിൻ വണ്ണം ചെയ്‌വാൻ സൂക്ഷിപ്പിൻ. ഇത് പുണ്യവാൻമാർ നടന്ന വഴിയാകുന്നു. ആദ്യം തന്നെ ഇതിൽ സൂക്ഷം വച്ചാൽ പിന്നെ സ്വഭാവത്താലെ എന്നതു പൊലെ പ്രവർത്തികളൊക്കെയും നല്ലതിൻ വണ്ണം ചെയ്യുകയും ചെയ്യും. പുണ്യത്തിൽ നമ്മെ വർധിപ്പിക്കുന്നത് വലിയ പ്രവൃത്തികളല്ല. പിന്നെയൊ അൽപ്പമായ പ്രവർത്തികളാകുന്നു.''

## സന്തോഷിക്കുവിൻ — സദാ സന്തോഷിക്കുവിൻ

12. "ഒരു നെരവും ദുഃഖമായിരിക്കണ്ട. പിന്നെയൊ എല്ലായിപ്പൊഴും കർത്താവുങ്കൽ സന്തൊഷമായിരിപ്പിൻ. പുണ്യം ദുഃഖമല്ല. പിന്നെയൊ പുണ്യവാളൻമാർ എല്ലാ നെരവും മുഖത്തെളിവായിരുന്നു. ദുഃഖവും ഉള്ളു കലക്കവും ഏതു സംഗതിയിലായിരുന്നാലും തമ്പുരാനിൽ നിന്നും വരുന്നതല്ല. ഒരു കുററത്തിൽ വീണിട്ടുള്ള ദുഃഖം എളിമയ്ക്കുതകുന്നു.

നല്ല തെററമായിരുന്നാൽ സമാധാനമുള്ളതും മധുരിക്കപ്പെട്ടതുമാകുകയും ചെയ്യും. യാതൊരു സംഗതിയെക്കുറിച്ച് നിങ്ങളുടെ ഹൃദയസമാധാനം കളയണ്ട. അതെന്ത്യ, അതു പൊയാൽ ഗുണമായിട്ടൊന്നും ചെയ്‌വാൻ പാടാകയില്ല. അടിയാർക്കടുത്ത നിർബന്ധത്തൊടു കൂടെയല്ല, പിന്നെയൊ മക്കാംക്കടുത്ത തെളിവൊടുകുടെ തമ്പുരാന് ശുശ്രൂഷ ചെയ്യെണ്ടതാകുന്നു. ദുഃഖം നിങ്ങളെ പിടിക്കുന്നു എന്ന് കാണുമ്പൊാം ഉടനെ നിങ്ങളുടെ ഹൃദയം ശ്രെഷ്ടത്തിക്ക് തുറന്നുകാട്ടുവിൻ. അവരുടെ വചനങ്ങളാൽ സമാധാനമായിരിപ്പിൻ. കടശി ഈ ഗുണദൊഷങ്ങളെ മാസം തൊറും മുഴുവൻ ധ്യാനദിവസത്തിലും സാവധാനത്തിൽ സൂക്ഷിച്ച് വായക്കണമെന്ന് നിങ്ങളൊട് ഞാൻ അപെക്ഷിക്കുന്നു''.

## കൂനമ്മാവ് ഗൊവെന്തയിൽ നിന്ന്
### 1867—ാം കാലം കുംഭം—12—ാംനു

1867 മീനം 27—ാം തീയതി സഹോദരി ഏലീശ്വ, അന്ന, ത്രെസ്യ, ക്ലാര എന്നിവർക്ക് കർമ്മലീത്താ സഭാവസ്ത്രം നൽകി. ഇതിൻെറ സാക്ഷി പത്രം ചുവടെ ചേർക്കുന്നു.

''എത്രയും പെ.പെ.ബ.മലയാളത്തിൻെറ വിഗാരി അപ്പസ്തൊലിക്കായും, കർമ്മലീത്താ ദിസ്ക്കാംസ് സഭയുടെ എഃ പെ. ബ. പ്രെപ്പൊസിത്ത ജനരാം നമ്മുടെ പിതാവ്, പ്രെ. ദുമനിംകൊസ ദെ സംജുസെ എന്ന ദെഹത്തിൻെറ കൽപന പ്രകാരം നമുക്ക് വിഗാരി പ്രൊവിൻസ്യാം ആയി ഭരിച്ചു വരുന്ന മെൽ എഴുതിയ പ്രെ. ബർണദീനു ദെ സംത ത്രെസ്യ എന്ന മെത്രാപ്പൊലീത്താച്ചൻ

ഈ മലയാളത്തിൽ സ്ഥാപിച്ചിരിക്കുന്ന കൊവെന്തകാംക്കും ആ സഭയുടെ കന്യാസ്ത്രീകളായവരെയും ചെർത്ത നടത്തുവാൻ തക്കവെണ്ണം കന്യാസ്ത്രീമഠങ്ങാംക്കും ദെലഗാത്ത എന്ന മുഷ്ക്കരം കൊടുത്ത നടത്തി വരുന്നു. മലയാളത്തിൽ മിസ്യൊണാരി അപ്പ. ഒന്നാം സഭക്കാരനും ആയ എ. പെ. ബ. പ്രെ. ലയൊപ്പൊലദ മര്യാ ദെസം ജൂസെ എന്ന മൂപ്പച്ചൻ 1867 മീനം 27–ാം നു സ.ഏലിശ്വ, സ.അന്ന, സ.ത്രെസ്യ, സ.ക്ലാര എന്ന ഈ 4 പെർക്കും ശു. ഉടുപ്പുകളെ ക്രമപ്രകാരം ഉടുപ്പിച്ചു.''

എ. പ്രെ. ലെഒപ്പൊല്ദ് മര്യാ ദെ സം ജൂസെ. (ഒപ്പ്) (സി.റ്റി.സി. നാളാഗമം സി.എം.സി. നാളാഗമം മൂലഗ്രന്ഥം പേജ്.200 )

ഒരു കൊല്ലത്തെ കാനോനിക നവസന്യാസകാലം വിജയകരമായി പൂർത്തിയാക്കിയ പ്രഥമാംഗങ്ങളെ 1868 കർക്കിടകം 16–ാം തിയതി വ്രതവാഗ്ദാനം ചെയ്യിച്ചു. ഈ രണ്ടു തിരുകർമ്മങ്ങളുടെയും പ്രധാന കാർമ്മികൻ ഫാ.ലെയോപ്പോാംഡ് ഒ.സി.ഡി. ആയിരുന്നു. ഇതിൻെറ ഔദ്യോഗിക സാക്ഷിപത്രം ചുവടെ ചേർക്കുന്നു.

“1868 കർക്കിടകം 16–ാംനു നമ്മുടെ അമ്മ കർമ്മല മാതാവിൻ തിരുനാളിനു 10 ദിവസം മുൻപിൽ ഒന്നാമത മഠത്തിൽ ചെർന്നവരെ പറഞ്ഞൊപ്പു ചെയ്യിപ്പാനുള്ള സംഗതി പെ.പെ.ബ. വിഗാരി പ്രൊവിൻസ്യാം മെത്രാപ്പൊലീത്താച്ചനെ ബൊധിപ്പിച്ച ആദെഹത്തിൻെറ കല്പന പ്രകാരം മുറ പൊലെയുള്ള 10 ദിവസത്തെ ധ്യാനവും കഴിച്ച മെലെഴുതിയ ദിവസത്തിൽ ശു. കുർബാനയും കൈക്കൊണ്ട നാളിത



സ. ഏലീശ്വ



സ. അന്ന



സ. ത്രേസ്യ



സ. ക്ലാര

ഒമ്പതുമണിക്ക് സ. ഏലീശ്വായെയും സ.അന്നയെയും സ.ത്രേസ്യയെയും സ.ക്ലാരെനെയും പറഞ്ഞൊപ്പു ചെയ്യിച്ചു"

ദെ. പ്രെ. ലെഒപ്പൊല്ദ മര്യാ ദെ സം ജൂസെ (ഒപ്പ്)

(സി.ടി.സി. നാളാഗമം മൂലഗ്രന്ഥം പേജ്. 200, സി.എം.സി. നാളാഗമം മൂലഗ്രന്ഥം പേജ്. 200)

മദർ ഏലീശ്വായുടെ കുടുംബ സ്വത്തായി ഉണ്ടായിരുന്ന വസ്തുക്കളുടെ വിവരം

<u>പറമ്പുകൾ</u>

1. അവരാപ്പറമ്പ്
2. കപ്പിത്താൻ പറമ്പ്
3. തിന്നപ്പൻ പറമ്പ്
4. വെളിയത്തു പറമ്പ്
5. വടക്കെ മുറിപ്പറമ്പ്
6. കരെ നിലത്തിൽ തൈവെപ്പു പറമ്പ്
7. കഷണ്ടിയാൻ പറമ്പ്
8. പാദ്രീപ്പറമ്പ്
9. വട്ടപ്പറമ്പ്
10. തെക്കേയിനടത്തു പറമ്പ്

<u>നിലങ്ങൾ</u>

1. മഠപാടനിലം
2. മുട്ടുകുറനിലം
3. തിന്നപ്പൻപറമ്പിടനിലം
4. കപ്പിത്താൻ നിലം
5. പുതുവൽ നിലം
6. ആനച്ചാൽ നിലം

ഈ ചെറുസമൂഹത്തെ നയിക്കുന്ന ഭാരം മദർ ഏലീശ്വാ യിൽ തന്നെയാണ് നിക്ഷിപ്തമായിരുന്നത്. സ.അന്നയെ ഉപശ്രേഷ്ഠയും നോവീസ് മിസ്ട്രസുമായി നിയമിച്ചു. സ.ത്രേസ്യ ഇവരെ രണ്ടുപേരെയും അവരുടെ ഭാരമേറിയ ജോലിയിൽ സഹായിച്ചിരുന്നു.

അംഗങ്ങറം ക്രമേണ വർദ്ധിച്ചു. 1868 ആയപ്പോഴേക്കും ലത്തിൻ സുറിയാനി റീത്തുകളിൽ നിന്നും സഭയിൽ 8 പേർ അംഗങ്ങളായി ചേർന്നു. അക്കൊല്ലം തന്നെ ജൂലൈ 20–ാം തീയതി സഭയ്ക്ക് ബാഹ്യ അപ്പസ്തോല പ്രവർത്തനമായ സ്ത്രീ വിദ്യാഭ്യാസം മെത്രാനച്ചൻ നിയമിച്ചുകൊടുത്തു. തദവസരത്തിൽ ലയോപ്പോറംഡ് മൂപ്പച്ചൻ കന്യാ സ്ത്രീകറംക്ക് കൊടുത്ത ഗുണദോഷം താഴെ ചേർക്കുന്നു. (സിടി.സി. നാളാഗമം 1872–ാം കാലം തുലാ മാസം 14–ാം തീയതിയിലെ കുറിപ്പിൽ നിന്ന്)

"എൻെറകുഞ്ഞുങ്ങളെ, ഇപ്പൊറം ഇസ്കൊള തുടങ്ങു വാൻ പൊകുന്നു. എന്നാൽ ആയതിന്ന ഈശൊമിശിഹാ നിങ്ങളെ വിളിക്കുന്നു. അപ്പൊഴൊ ഈ വെല തുടങ്ങുന്നതിനു മുൻപിൽ ഈ രണ്ടു മൂന്നു വചനങ്ങളെ നിങ്ങറംക്ക് ഞാൻ ചൊല്ലിത്തരുന്നു. ഇത് നിങ്ങളുടെ ബൊധത്തിൽ എല്ലായി പ്പൊഴും ഉണ്ടായിരിക്കണം. ഇതു മറന്നു പൊകരുത. അതായത് 1–ാമത പൗലൊസുശ്ലീഹായുടെ ഗുണദൊഷം തന്നെ നിങ്ങളൊടു ഞാൻ പറയുന്നു. അതായത മററവർക്കു പ്രസംഗിക്കുമ്പോറം നിങ്ങറം മൊശമായി പൊകാതിരിപ്പാൻ സൂക്ഷിപ്പിൻ. എന്നതിൻ വണ്ണം തന്നെ നിങ്ങളും ഈ വെലയ്ക്കു പുറപ്പെടുമ്പൊറം സൂക്ഷിപ്പിൻ. അതെന്ത്യെ, നിങ്ങറം ലൊകത്തിൽ നിന്ന് പൊന്നിട്ട് ഏറിയ നാളാകയും ഇവിടെ വന്നിട്ടും ഇതുവരെ അറംമെനിക്കാരൊട് സംസർഗ്ഗമില്ലാതെ ഏകാന്തമായും ഇരിക്കുന്നു. ആയതിനാൽ നിങ്ങളും ഈ വെലയിൽ വ്ച്ച നിങ്ങളുടെ ഹൃദയത്തിൽ ലൊകത്തിൻെറ ചെളി പററാതിരിപ്പാൻ സൂക്ഷിപ്പിൻ. അതെന്ത്യെ, ഞാൻ അനുഭവസിദ്ധിയാലേ കൊവെന്തയിൽ

കണ്ടു വരുന്നതുപൊലെ കൊവെന്തയിൽ വച്ച് എങ്ങനെയെങ്കിലും ചെയ്താലും ഒരു മൊശവും വന്നു കാണുന്നില്ല. എന്നാൽ പുറമെ അംമെനികളൊട് പെരുമാറുമ്പൊൾ അധികം സൂക്ഷിക്കുന്നതിന് ഇടയാകുന്നു. അതെന്ത്യെ, ചെളിയെ ചവിട്ടുമ്പൊൾ അത പററാതിരിക്കയില്ല എന്ന പൊലെ ലൊകരൊട് പെരുമാറുമ്പോൾ ലൊകത്തിൻെറ ചെളി പററാതിരിക്കയില്ല.

അപ്പൊഴെ എൻെറ മക്കളെ നല്ലവണ്ണം സൂക്ഷിക്ക. ഈ വെലയിൽ വെച്ചു ലൊകവർത്തമാനങ്ങളും മററും അറിയുന്നതിന് നിങ്ങൾക്ക് ഇടവരും. അപ്പൊൾ നിങ്ങൾക്ക് മനസ്സിലെങ്കിലും ആ ഓർമ്മയും വിചാരങ്ങളും പിശാച് നിങ്ങൾക്ക് വരുത്താതിരിക്കുകയില്ല. അപ്പൊഴെ പ്രിയമുള്ള മക്കളെ ഇതു വരാതിരിക്കുന്നതിന്നു ഈശൊമിശിഹായുടെ ഓർമ്മ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം. ഇത് ഒരിക്കലും വിടാതിരിപ്പാൻ സൂക്ഷിക്ക. അതെന്ത്യെ, തന്നിൽ നിന്ന അകന്നാൽ എങ്ങിനെയെങ്കിലും ലൊകത്തിൻെറ ചെളി പററാതിരിക്കയില്ല.

എന്നാൽ എൻെറ മക്കളെ നിങ്ങൾ ഇപ്പൊൾ ഓർക്കും ഇങ്ങനെയുള്ള വെല ചെയ്യാതരിപ്പാൻമെല. എന്നാൽ എൻെറ കുഞ്ഞുങ്ങളെ ഇങ്ങനെയല്ല. പിന്നെയൊ, തനിക്ക് സ്തുതിയും സന്തൊഷവുമുള്ള ഈ വെല ചെയ്യുന്നതിന് ഈശൊമിശിഹാ വളരെ ആഗ്രഹിച്ചിരിക്കുന്നു. ഇതിനെക്കുറിച്ച് താൻ ഇത്ര ആഗ്രഹത്തൊടെ ഒരാത്മാവിന് വെണ്ടി ഈ പാടുകൾ ഒക്കെയും പെട്ടിട്ട് ആയതു ഓർക്കാതെയും, സാരം വെക്കാതെയും ഇടയനായ തന്നിൽ നിന്നകന്ന

പിശാചിൻെറ വചനം കെട്ട ആ ദുഷ്ടൻെറ പുറകെ പൊകുന്ന ഒരാത്മാവിനെ നിങ്ങാം നിങ്ങളുടെ കൈകൊണ്ട തൻെറ പക്കലേയ്ക്കു പിടിച്ചു കൊണ്ടു ചെല്ലുന്നത തനിക്കു എത്രയൊ പ്രസാദവും സന്തൊഷവും ആകുന്നു അപ്പൊഴൊ എൻെറ മക്കളെ നിങ്ങളുടെ വചനത്താലൊ, പ്രവർത്തിയാലൊ, നല്ല കണ്ടുപഠിതാം കൊണ്ടൊ ഏതു പ്രകാരത്തിലെങ്കിലും ഒരാത്മാവ് ഒരു ദിവസത്തെക്കെങ്കിലും അല്ലെങ്കിൽ ഒരു ക്ഷണനേരത്തെക്കെങ്കിലും ഈശോമിശിഹായെ സ്നെഹിക്കുന്നതിനു ഇടവരുത്തിയാൽ മററു പ്രകാരം സർവ്വ സന്തൊഷം കൊടുക്കുന്നതിനെക്കായിലും തനിക്കെററം സന്തൊഷവും സ്തുതിയുമാകും.

എന്നാൽ ഈശൊമിശിഹായെ സ്നെഹിപ്പിൻ എന്ന നിങ്ങാം വചനത്താൽ ചൊല്ലിക്കൊടുത്താലും നിങ്ങളിൽ കാണുകയില്ലെങ്കിൽ ആരും ആയത് വിശ്വസിക്കയില്ല.

എന്നാൽ ആദ്യം കുറെ വെടിപ്പുകെട കാണെണ്ടി വരും. അപ്പൊാം ഈശൊമിശിഹായുടെ അരൂപിയൊടുകൂടെ പ്രവർത്തിക്കണം. അതായത തൻെറ ശിഷ്യരിൽ കെൽപ്പക്ഷയപ്പെട്ടവരും ക്ഷമയില്ലാത്തവരും അരിശക്കാരും പൊട്ടിയതും ചീഞ്ഞതും ഉണ്ടായിരുന്നു. എങ്കിലും താൻ അതിനെക്കുറിച്ച അരിശപ്പെടാതെയും കൊപിക്കാതെയും വെറുപ്പു കാണിക്കാതെയും എല്ലാം നല്ല ക്ഷമയൊടെ സഹിച്ചുകൊണ്ട എല്ലാവരെയും കൈക്കൊണ്ട തൻെറ തിരുമടിയിൽ ചെർത്തു മുത്തിയിരുന്നു. ഇതിൻ വണ്ണം തന്നെ നിങ്ങളും ചെയ്യണം. അവരുടെ കുററങ്ങളും കെൽപ്പക്ഷയങ്ങളും കാണുമ്പൊാം അരിശപ്പെട്ടുകൊണ്ട്, കുററപ്പെടുത്തരുത.

പിന്നെയൊ സാധുത്വത്തൊടും മഹിമയൊടും കൂടെ കുററപ്പെടുത്തുകയും പ്രായശ്ചിത്തം കൽപ്പിക്കയും വെണം. അല്ലെങ്കിൽ അരിശത്തൊടും കലക്കത്തൊടും കൂടെ ചെയ്യുന്നു എന്നവരു കാണുമ്പൊരം ആ ഇത തമ്പുരാനിൽ നിന്നല്ല മാനുഷ്യരിൽ നിന്നാകുന്നു എന്നൊർത്ത ഫലത്തൊടു കൂടെ കൈക്കൊള്ളുകയില്ല.

എന്നാൽ എൻെറ മക്കളെ ചിലപ്പൊരം പിശാശു നിങ്ങരം ക്കു തൊന്നിക്കും കുറെ കളിയും വികൃതിയും കാട്ടിയാൽ കുറെ ക്കൂടെ സ്നെഹവും അടുപ്പവും വരുത്താം. എന്ന ഇതിനെ നിങ്ങരം വിശ്വസിക്കണ്ട. അതിൽ വണ്ണം തന്നെ കുറെ അരിശം കാട്ടണമെന്നും പിശാശു നിങ്ങരംക്കു തൊന്നിക്കും. ഇതിനെയും നിങ്ങരം ഒട്ടും വിശ്വസിക്കണ്ട. പിന്നെയൊ ഒരു മഹിമയുള്ള ഭാവത്തൊടും മധുരത്തൊടു കൂടെ അവരൊടു പെരുമാറുകയും വെണം. അതെന്ത്യെ ഞാൻ മുമ്പു പറഞ്ഞതുപൊലെ ദെവമാതാവിനെപ്പൊലെ നിങ്ങരം ആകണം എന്നാകുന്നു.

എന്നാൽ പ്രിയമക്കളെ, നിങ്ങരം ഈ വെലയ്ക്ക് പൊകുന്നതിനു മുമ്പിൽത്തന്നെ ദെയവതിരുമനസറിയുന്ന തിനും ഈശൊയുടെ തിരുവാഴ്വൊടുകുടെ പൊകുന്നതിനും വെണ്ടി ഇസ്ക്കൊള തുടങ്ങുന്നതിനു കുറെ മുമ്പിൽക്കുടി മുറിയിൽ ചെന്നു മുട്ടുകുത്തി ഈശൊമിശിഹായൊട് തൻെറ വെളിവ് അപെക്ഷിക്കയും ആയതിൻെറ ശെഷം ശ്രെഷ്ട അമ്മയുടെ പക്കൽ ചെന്ന വാഴ്വ് അപെക്ഷിച്ചുകൊണ്ടു ദെയവതിരുമനസ്സിനെ കയ്യിൽ പിടിച്ചുകൊണ്ടും ഇതിനു പൊകയും വെണം'' (സി.ററി.സി. നാളാഗമം).

താമസിയാതെ അനാഥരും ദരിദ്രരുമായ പെൺകുട്ടികളുടേയും സ്ത്രീകളുടേയും സംരക്ഷണത്തിനായി ഒരു അനാഥശാലയും സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളുടെ ശരിയായ ശിക്ഷണത്തിനായി ഒരു ബോർഡിങ്ങ് ഹൗസും മഠത്തോടു അനുബന്ധിച്ച് ആരംഭിച്ചു. സ്ത്രീ വിദ്യാഭ്യാസം വേണ്ട വിധത്തിൽ നടത്താൻ അന്ന് പ്രഗൽഭയായിക്കണ്ട സഹോദരി ത്രേസ്യയെയാണ് ലെയോപ്പോൾഡ് മൂപ്പച്ചൻ ഏൽപ്പിച്ചത്. 1871മെയ് 24–ാം ന് സഹോദരി അന്ന മരണമടയുകയും നവസന്യാസിനികളുടെ ഗുരുത്തിയമ്മയായി സ. ത്രേസ്യായെ നിയമിക്കുകയും ചെയ്തു. ഈ രണ്ടു ജോലികളും സഹോദരി ത്രേസ്യ വളരെ സ്തുത്യർഹമായി നിർവഹിച്ചു. 1871ൽ മദർ ഏലീശ്വായുടെ ശ്രേഷ്ഠസ്ഥാനത്തിൻെറ കാലാവധി അവസാനിച്ചതോടുകൂടി വീണ്ടുമൊരു തിരഞ്ഞെടുപ്പു നടത്തി സ.ത്രേസ്യയെ കൂനമ്മാവു മഠത്തിലെ രണ്ടാമത്തെ അധിപയായി നിയമിച്ചു.

## അദ്ധ്യായം 8

# സഭാസ്ഥാപകയുടെയും പ്രഥമാംഗങ്ങളുടെയും ആദ്ധ്യാത്മികത

സി.റ്റി.സിയുടെ പൈതൃകത്തിൻെറ വിലപ്പെട്ട രത്നങ്ങളാണ് സഭയുടെ സ്ഥാപകയുടെയും പ്രഥമാംഗങ്ങളുടെയും ആദ്ധ്യാത്മിക ചൈതന്യത്തിൽ നിന്നും അവരുടെ ജീവിത രീതിയിൽ നിന്നും നാം ശേഖരിച്ചെടുക്കേണ്ട അന്തസത്തകാം. ഇവ അംഗങ്ങളുടെ ഭാവി ജീവിതത്തിന് ഒരു മാർഗ്ഗദീപവും, ലക്ഷ്യം തെററാതെ സഭയുടെ സ്ഥാപനോദ്ദേശ്യവും സ്ഥാപകയുടെ സിദ്ധിയും ചൈതന്യവും നിലനിർത്തിക്കൊണ്ടു പോകുന്നതിന് ഏററവും അധികം ഉപകരിക്കുന്ന വസ്തുതകളുമാണ്. ഇതിന് വളരെ അധികം സഹായിക്കുന്ന ഏതാനും ആശയങ്ങളുടെ തനിപകർപ്പ് നാളാഗമം വാല്യം 1, ആദ്ധ്യാത്മിക വഴികാട്ടി, എന്ന കയ്യെഴുത്തു പ്രതി, ഇവയിൽ നിന്നും അടർത്തിയെടുത്തവ താഴെ ചേർക്കുന്നു:

നാലുപേർ മാത്രമുണ്ടായിരുന്ന പനമ്പു മഠത്തിൽ കാര്യവിചാരിപ്പുകാരിയും അടുക്കളജോലിക്കാരിയും എല്ലാം മദർ ഏലീശ്വ തന്നെയായിരുന്നു. മഠത്തിലെ ജോലിക്കാർക്ക് കഠിന രോഗങ്ങാം , പനി, ഛർദ്ദി, മസൂരി ഇവ പിടിപെട്ടു

കിടപ്പിലായ അവസരത്തിൽ അവരുടെ സഹായത്തിന് മററാളുകളെ കയററാതെ ആവൃതിനിയമം പരിപൂർണ്ണമായി പാലിച്ചു. ഇതുമൂലമുണ്ടായ ബുദ്ദിമുട്ടുകഠം സധൈര്യം സഹിച്ചുകൊണ്ട് മദർഏലീശ്വ അനുകരണീയമായ മാതൃകകഠം നൽകിയിട്ടുണ്ട്. രണ്ടു മൂന്നു പ്രാവശ്യം പാമ്പിഴഞ്ഞ് മഠത്തിനകത്ത് കയറിയപ്പോഠംപ്പോലും മദർഏലീശ്വ അതിനെ കൊല്ലാൻ പുരുഷൻമാരെ അകത്തു കയററാതെ സഹായക്കാരിയുടെ മാത്രം സഹായത്തോടുകൂടി ആ പാമ്പിനെ കൊന്നു. ഇവയെല്ലാം നിയമലംഘനത്തിന് പഴുതുണ്ടാക്കാൻ പിശാചു ചെയ്യുന്ന തന്ത്രമായിട്ട് അവഠം ജ്ഞാന ദൃഷ്ട്യാ മനസ്സിലാക്കുകയും അങ്ങനെയുള്ള കെണിയിൽ വീഴാതെ ആ കുരുന്നു സഭയെ യഥാർത്ഥ ചൈതന്യത്തിൽ വളർത്തുകയും ചെയ്തു. ആവൃതിനിയമം പാലിക്കുന്നതിലുണ്ടാകുന്ന അലംഭാവം പ്രാർത്ഥനാ ചൈതന്യത്തെ കുറയ്ക്കുമെന്നും, ലോകാരൂപി നുഴഞ്ഞു കയറി സന്യാസ ജീവിതത്തെ അലങ്കോലപ്പെടുത്തുമെന്നും, സഭാ സ്ഥാപക മുന്നറിയിപ്പു നൽകുന്നുണ്ട് (സി.ററി.സി. നാളാഗമം മൂലഗ്രന്ഥം, വാല്യം 1 സഹ 2. പേജ്. 17).

ധ്യാനത്തിൽ അഭിവൃദ്ധിപ്പെടുന്നതിന് വേണ്ട ഉപദേശങ്ങഠം ആരംഭത്തിൽ തന്നെ നൽകി കർമ്മലീത്താ സഭയുടെ ജീവൻ തന്നെയായ ധ്യാനാത്മക ജീവിതത്തിൽ നമ്മുടെ സഭയുടെ പ്രഥമ അംഗങ്ങളെ മുന്നേററുന്നതിൽ ഫാ. ലെയോപ്പോഠംഡ് ഒ.സി.ഡി അതീവ ശ്രദ്ധാലുവായിരുന്നു.

നിരവധി ഉപാധികഠം അദ്ദേഹം നിർദ്ദേശിച്ചുകൊടുത്തു. ഉല്ലാസ സമയത്തും മററു വർത്തമാനം പറയാനുള്ള

അവസരങ്ങളിലും ലൗകിക കാര്യങ്ങളും പുറത്തുള്ള ആളുകൾ സംസാരിക്കുന്ന രീതിയിലുള്ള സംസാര ഭാഷയും ഉപേക്ഷിക്കണമെന്ന് അദ്ദേഹം പ്രത്യേകം നിർദ്ദേശിച്ചു. കാരണം ഇവ ധ്യാന സമയത്ത് പല വിചാരങ്ങൾക്കും വഴിതെളിക്കും. എളിമയും അനുസരണവും പ്രത്യേകം പാലിക്കണമെന്ന് ഉപദേശിച്ചു. ആത്മ നൈർമ്മല്യം, ശുദ്ധത ഇവയെക്കുറിച്ചുള്ള പഠനങ്ങളും, സൂക്ഷക്കേടുമൂലം പരസ്പര പെരുമാററത്തിൽ അവ എങ്ങനെ നഷ്ടപ്പെടാമെന്നും അവർക്ക് മനസ്സിലാക്കിക്കൊടുത്തു. 'അമ്മത്രേസ്യായെപ്പോലെ പരാക്രമമുള്ള പടയാളികൾ ആയിരിക്കണം കന്യാസ്ത്രീകൾ' എന്ന് മൂപ്പച്ചൻ ഓർമ്മിപ്പിച്ചു. (cf.. ആദ്ധ്യാത്മിക വഴികാട്ടി, സി.ററി.സി നാളാഗമം, മൂലഗ്രന്ഥം. വാല്യം 1സഹ.2 പേജ്. 3)

"ലോകത്തിൻെറ പൊടി നിങ്ങളിൽ നിന്നും പൊയല്ലാതെ പുണ്യത്തിൻെറ പരിമളം വിശുകയില്ല. ശുദ്ധമാന കുർബ്ബാനയെക്കുറിച്ച് എപ്പൊഴും നിങ്ങൾ ഓർക്കണം. നിങ്ങളിൽ എളിമ, അനുസരണം, ഉപവി, ദാരിദ്രം, ഇവയിൽ ഏതെങ്കിലും ഒന്നില്ലെങ്കിൽ ഈ മഠം ഇടിഞ്ഞ് വീണ് നിങ്ങൾ എല്ലാവരും ഇതിൽ കിടന്ന് ചാകണമെന്ന് ഞാൻ അപെക്ഷിക്കും" എന്ന് ഫാ. ലെയോപ്പോൾഡ് പറയുമായിരുന്നു. "ദാരിദ്ര്യത്തിന് വിരോധമായിട്ടുള്ള സന്തൊഷങ്ങളും, സമ്പൂർണ്ണതയും ഇവിടെ കയറുന്ന ദിവസത്തിൽ തീ വീണ് ഈ മഠം കത്തി നിങ്ങളെല്ലാവരും അതിൽ ചാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു എന്ന് അമ്മത്രേസ്യ പറയുന്നു. ദിവ്യ മണവാളനിഷ്ടമില്ലാത്ത സന്തോഷങ്ങൾ പാടില്ല." പഞ്ചേന്ദ്രിയങ്ങളുടെ മേൽ ഉയർന്ന് വിശ്വാസം, ശരണം, ഉപവി ഇവയുടെ ജീവിതം ജീവിക്കേണ്ടതെങ്ങനെയെന്ന് ഫാ. ലെയോപ്പൊൾഡ്

പല അവസരങ്ങളിലും കന്യാസ്ത്രീകളെ ഉപദേശിച്ചിരുന്നു. "പഞ്ചെന്ദ്രിങ്ങാംക്കടുത്ത ബുദ്ധിയൊടുകൂടി പ്രവർത്തിക്കു മ്പൊാം മഹാ വിശ്വാസക്കുറവു നമുക്കുണ്ടാകുവാനും മതിയാകും വണ്ണം ദൈവ തൃക്കരങ്ങളിൽ കയ്യാളിക്കാതിരി ക്കാനും അത് കാരണമാകുന്നുവെന്ന് കാണുന്നില്ലയൊ? എന്നാൽ വിശ്വാസത്തിൻെറ മെൽ ഉറച്ച അരുപി വിഷമത കളുടെ ഇടയിൽ തന്നെ ഏററം ശക്തിപ്പെടുന്നു. ആത്മാവ് ശരീരത്തിൻെറ ജീവനാകുന്നതുപൊലെ സ്നെഹം ആത്മാവിൻെറ ജീവനാകുന്നു. അരൂപിക്ക് തക്കവണ്ണം ജീവിക്കുന്നത് അരൂപിക്കു തക്കവണ്ണം സ്നെഹിക്കുന്ന താകുന്നു. മാംസത്തിന് തക്കവണ്ണം ജീവിക്കുന്നത് മാംസത്തി നൊത്തവണ്ണം സ്നെഹിക്കുന്നതുമാകുന്നു. സഹൊദരങ്ങളെ സ്നെഹിപ്പാതിരിപ്പാൻ വയ്യ. എന്തെന്നാൽ അവർ ഈശൊ മിശിഹായുടെ ഭാഷയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു." "താഴുക, താഴുക മണ്ണോളം താഴുക" ഇത് ഫാ.ലെയോ പ്പോാംഡിൻെറ ഒരു ശൈലിയായിരുന്നു (സി.ററി.സി. നാളാഗമം മൂലഗ്രന്ഥം വാല്യം 1. സഹ 2 പേജ്. 27).

തെരേസ്യൻ കർമ്മലീത്താ സഭാ സ്ഥാപകയായ മദർ ഏലീശ്വായുടെ ആദ്ധ്യാത്മികത ഈ അമ്മയുടെ ജീവിത ശൈലിയിൽ നിന്നും നാം ഏറെ മനസ്സിലാക്കി കഴിഞ്ഞു. ഇവയ്ക്കും പുറമെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സ്വന്തം വാക്യശകലങ്ങളിൽ നിന്നു പ്രസ്പഷ്ടമാകുന്ന ആഴമായ ആത്മിയ ചൈതന്യ വിശേഷം അവലോകനം ചെയ്യുന്നത് വളരെ അഭികാമ്യമാണ്.

മദർ ഏലിശ്വ സ്ഥാപിച്ച സഭയിലേക്ക് നാലാമത്തെ

അംഗമായി പ്രവേശിക്കാൻ, തന്റെ മുൻപിൽ മുട്ടുകുത്തി നിന്നുകൊണ്ട്, അഭ്യർത്ഥിച്ച സുറിയാനി റീത്തിൽപ്പെട്ട വൈക്കം പുത്തനങ്ങാടി കൊച്ചുവർക്കി വൈദ്യന്റെ മകൾ ഏലീശാക്ക് നൽകിയ മറുപടിയിൽ സന്യാസ ദൈവവിളി എന്ന മഹാദാനത്തിന്റെ ദൈവ ശാസ്ത്രവശം ഈ ധന്യ ശരിയായി മനസ്സിലാക്കിയിരുന്നുവെന്ന് വ്യക്തമാകുന്നു.

"ഞങ്ങൾക്ക് ഒരു കൂടപ്പിറപ്പുകൂടെ ഉണ്ടാകുന്നതു അത്രയും സന്തൊഷമല്ലൊ. ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു. ഞങ്ങളിൽ ഒന്നുപോലെ കൂടപ്പിറപ്പിനെയും കൈക്കൊള്ളുവാനും ദെയവം തരുന്ന ഭിക്ഷ നാം കൈക്കൊണ്ട പാർപ്പാൻ നൻമനസ്സായിരിക്കുന്നു" (സി.റ്റി.സി., സി. എം. സി. നാളാഗമം മൂലഗ്രന്ഥം വാല്യം – 1 സഹ – 2 പേജ് – 15).

മലബാറിൽ സന്യാസ ജീവിതത്തിലേയ്ക്ക് ഇദം പ്രഥമമായി ദൈവവിളി ലഭിച്ചത് തനിയ്ക്കാണെന്നുള്ള യാഥാർത്ഥ്യം വ്യക്തമായി മദർ ഏലീശാ മനസ്സിലാക്കിയിരുന്നു. ഈ മഹാദാനം തന്റെ യാതൊരു യോഗ്യതയും കൂടാതെ അനന്തകാരുണീകനിൽ നിന്നും ലഭിച്ച ഇഷ്ടദാനമാണെന്നും ബോദ്ധ്യമുണ്ടായിരുന്നു. തനിക്കു കിട്ടിയ കാരിസവും ചൈതന്യവും അനേകായിരങ്ങളിൽ പകർന്നു കൊടുത്ത് സഭയെ വളർത്തുവാൻ ദൈവം തിരുമനസ്സായിരുക്കുന്നുവെന്ന് പ്രഥമ ദൃഷ്ട്യാ ഈ അമ്മ മനസ്സിലാക്കി. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് മാനിച്ചുകൊണ്ട് ഹൃദ്യമായ ഒരു സ്വാഗതമാണ് പുത്തനങ്ങാടി ഏലീശാ എന്ന അർത്ഥിനിയ്ക്ക് നൽകിയത്. ഇങ്ങനെയൊരു സന്ദർഭത്തിൽ

എന്തു പറയണമെന്ന് മുൻകൂട്ടി ആലോചിക്കുകയോ, ചർച്ച നടത്തുകയോ ചെയ്യാതെ വളരെ സ്വതസിദ്ധമായ ഒരു മറുപടിയാണ് അമ്മയുടെ സമ്മതം ആരാഞ്ഞ അവസരത്തിൽ ഫാ. ലെയോപ്പോാംഡിന് അമ്മ നൽകിയത്.

പുതിയതായി വന്ന അംഗത്തെ അന്നുവരെ യാതൊരു വിധത്തിലും ബന്ധപ്പെടുകയോ പരിചയപ്പെടുകയോ ചെയ്തിട്ടില്ല. എങ്കിലും അവരെ ''കൂടപ്പിറപ്പായി'' സ്വീകരിക്കുന്നുവെന്നു ശ്രേഷ്ഠതന്നെയാണ് ഇവിടെ പറയുന്നത്. മഠാധിപ സ്ഥാനത്തേയ്ക്ക് അവരോധിക്കപ്പെട്ടിട്ടു കേവലം ഒരു ദിവസം മാത്രമെ ആയുള്ളുവെങ്കിലും നലം തികഞ്ഞ ഒരു ശ്രേഷ്ഠയെയാണ് ഏലീശ്വാമ്മയിൽ നാം ഇവിടെ ദർശിക്കുന്നത്.

ഏകോദര സഹോദര ബുദ്ധ്യാ ജീവിക്കുകയാണ് സന്യാസത്തിലെ ആനന്ദം. ഉപവിയുടെ ഊഷ്മളതയിൽ ആ സഭാതരു വളർന്ന് പുഷ്ടിപ്പെടണമെന്ന് അമ്മ ആഗ്രഹിച്ചു. ആദിമ ക്രൈസ്തവരുടെ ജീവിത ശൈലിയും 131–ാം സങ്കീർത്തനത്തിൻെറ പൊരുളും ഉാംപ്പെടുത്തിക്കൊണ്ട് സമൂഹജീവിതത്തെക്കുറിച്ചുള്ള മനോഹരമായ ആശയങ്ങാം പ്രഥമാംഗങ്ങാംക്ക് നൽകുകയായിരുന്നു ഏലീശ്വാമ്മ ഈ സന്ദർഭത്തിൽ. അതെ, ഹൃദയത്തിൻെറ പൂർണ്ണതയിൽ അധരങ്ങാം സംസാരിക്കുന്നു:

''ഞങ്ങാം പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു''. ഈപ്രസ്താവന ഒരു പുതിയ അർത്ഥിനിയോട് പറയുവാൻ മദർ ഏലീശ്വായെ പ്രേരിപ്പിച്ച ചൈതന്യ വിശേഷം എന്തായിരിക്കാം? പരിശുദ്ധാരൂപിയുടെ പ്രേരണക്ക്

വിധേയയായി പറഞ്ഞ ഈ വാക്കുകളിൽ ആഴമായ ആദ്ധ്യാത്മീകത നാം ദർശിക്കുന്നു. മനുഷ്യൻ എന്തെല്ലാം വിശിഷ്ട ദാനങ്ങൾ ദൈവത്തിൽ നിന്നും സ്വീകരിച്ചാലും അവൻ എന്നും ശൂന്യനും നിസ്സഹായനുമാണ്. എല്ലാ അനുഗ്രഹങ്ങളും ദൈവത്തിൻെറ ദാനങ്ങളാണെന്നും ഏത് നിമിഷവും അവൻ വെറുമയിലേക്ക് പിന്തിരിയുവാനുള്ള എല്ലാ സാദ്ധ്യതകളും അവനോടുകൂടി നിലനിൽക്കുന്നു വെന്നുമുള്ള യാഥാർത്ഥ്യബോധം അമ്മയുടെ വാക്കുകളിൽ നിറഞ്ഞ് നിന്നിരുന്നു. ദാനങ്ങൾ സ്വീകരിച്ച്, ദാരിദ്ര്യത്തിൻെറ പൊരുൾ മനസ്സിലാക്കി സന്യാസജീവിതം നയിക്കണമെന്നും ഈ നല്ല അമ്മ ഇവിടെ ഉദ്ബോധിപ്പിക്കുന്നു. ആഴമായ എളിമയുടെ സന്ദേശവും നമുക്കിവിടെ ലഭിക്കുന്നുണ്ട്.

സഭയിലേക്ക് വരുന്ന ഒരോ അർത്ഥിനിയേയും ദൈവം തരുന്ന ദാനമായി സ്വീകരിക്കുവാനും, മനഃസംതൃപ്തി യോടുകൂടെ അവരെ സമൂഹത്തിലേക്ക് ഉൾക്കൊള്ളുവാനും നമുക്കു കഴിയണം എന്ന ദർശനവും ഇത്തരുണത്തിൽ സഭയ്ക്ക് നൽകുന്നു.

മദർ ഏലീശ്വ അർത്ഥിനികളെ സ്വീകരിച്ചിരുന്നപ്പോൾ പ്രത്യേകം ശ്രദ്ധിച്ചിരുന്ന രണ്ട് സദ്ഗുണങ്ങളാണ് അനുസരണവും അടക്കവും. "സഹൊദരി മറിയത്തിന് നല്ല ചൊൽ വിളിയും അടക്കവും ഉണ്ട. ആയതുകൊണ്ട് ഉടുപ്പുകൊടുക്കാമെന്ന് തൊന്നുന്നു " (1867 കർക്കിടകം 3—ാം തീയതി നാളാഗമം മൂലഗ്രന്ഥം, വാല്യം 1 സഹ. 2 പേജ് 66).

ഭാവിയിൽ സഭ ഏറ്റെടുക്കുവാനിരിക്കുന്ന ബാഹ്യ അപ്പസ്തോല പ്രവർത്തനങ്ങളിൽ സഭാംഗങ്ങൾക്ക്

ഉണ്ടായിരിക്കേണ്ട അടിസ്ഥാന മനസ്ഥിതി വളർത്തി യെടുക്കുവാൻ പര്യാപ്തമായ ആശയ ശകലം കൂടി "ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരുമാണ്" എന്ന വാക്കുകളിൽ തെളിഞ്ഞു കാണുന്നുണ്ട്. "പൊന്നും വെള്ളിയും ഞങ്ങൾക്കില്ല, യേശുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവർത്തിക്കുന്നു" എന്ന് പത്രോസ് ശ്ലീഹായോടുകൂടി അവർ പറയുകയായിരുന്നു. "അവൻ 12 പേരെയും വിളിച്ച് സകല പിശാചുക്കളുടെയും മേൽ അവർക്കധികാരവും ശക്തിയും കൊടുത്തു. അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും, ദൈവരാജ്യം പ്രസംഗിക്കുവാനും രോഗികളെ സുഖപ്പെടുത്തുന്നതിനുമായി അവനവരെ അയച്ചു. അവൻ പറഞ്ഞു: യാത്രക്ക് വടിയോ, സഞ്ചിയോ, അപ്പമോ, പണമോ ഒന്നും എടുക്കരുത്. രണ്ടുടുപ്പും ഉണ്ടാവരുത്"(ലൂക്കാ. 9.1—4).

ക്രിസ്തു ശിഷ്യർക്ക് ഒരു യാചക മനസ്ഥിതി ഉണ്ടായിരിക്കണമെന്നുള്ള ഉദ്ബോധനം സുവിശേഷ പഠനത്തിലൂടെയും വചന ധ്യാനത്തിലൂടെയും ആഴമായി ഗ്രഹിച്ചിരുന്ന മദർ ഏലീശ്വ "ഉള്ളതെല്ലാം വിററ്, ഒന്നുമില്ലാത്തവരായി", "പിച്ചക്കാരായി" കുരിശുമെടുത്ത് യേശുവിനെ അനുഗമിക്കാനാണ് സന്യാസം വരിക്കുന്ന തെന്നുള്ള യാഥാർത്ഥ്യം പ്രഥമാംഗങ്ങൾക്ക് മനസ്സിലാക്കി ക്കൊടുത്തു. ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തിൽ കാണുന്ന സ്വയം ശൂന്യവൽക്കരണത്തിന്റെയും, പരി പൂർണ്ണമായി ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടുള്ള ശരണം എന്ന ദൈവിക പുണ്യത്തിന്റെയും ജീവിതം അവർ അങ്ങേയററം വിലമതിച്ചു. ബർത്തിമേവൂസ്സിനെപ്പോലെ വഴിയരികിൽ യേശുവിനോടുകൂടി ജറുസലേമിലേക്ക് യാത്രചെയ്യണം. പുറംകുപ്പായം വലിച്ചെറിയണം. (cf.. മത്തായി.

10:46–52). ക്രിസ്തു ശിഷ്യത്വത്തിന്റെ വിലയാണവ. ജീവിത ഭദ്രതയുടെയും, ഭാവി കണക്കുകൂട്ടലുകളുടെയും മനോഭാവങ്ങൾ മുളയിലേ നുള്ളിക്കളഞ്ഞു പൂർണ്ണ നിസ്സംഗത യുടെ വഴിയിൽ തന്റെ സഭയെ നയിക്കുവാൻ അവൾ ശ്രദ്ധിച്ചു. അതുകൊണ്ടാണ് എല്ലാം ഉപേക്ഷിച്ച് മാതൃഭവനത്തിൽ നിന്നും വെറും കയ്യോടെ ഇറങ്ങിപ്പോരേണ്ട ഒരവസരം ഭാവിയിലുണ്ടായപ്പോൾ മദർ ഏലീശ്വാക്കും ആ ചെറുസമൂഹത്തിനും അങ്ങനെയൊരു പ്രതിസന്ധി വളരെ വിജയകരമായി തരണം ചെയ്യാൻ സാധിച്ചത്. ഒതുങ്ങിയതും ഒളിഞ്ഞതുമായിരുന്നു അവളുടെ ജീവിതം.

അഗാധമായ എളിമയുടെ ദർപ്പണമായിരുന്നു ഏലീശ്വാമ്മ. സഭാസ്ഥാപകയും പ്രഥമ ശ്രേഷ്ഠയു മായിരുന്നിട്ടും മൂന്നു കൊല്ലത്തെ തന്റെ ഉദ്യോഗ കാലാവധിക്കുശേഷം മറ്റൊരാൾക്കു സഭയുടെ ഭരണ ഭാരം ഒഴിഞ്ഞുകൊടുത്തു. അവരുടെ കീഴിൽ ഒരു എളിയ സഹോദരിയായി ജീവിക്കുന്നതിൽ മദർ ഏലീശ്വ വളരെ സന്തോഷം കണ്ടെത്തി. താൻ സ്ഥാപിച്ച സഭയുടെ ഭരണം എന്നും കയ്യിൽ ഒതുക്കി വയ്ക്കാൻ ഈ ധന്യ ഒട്ടും ഇഷ്ടപ്പെട്ടില്ല. അതിനായി പരിശ്രമിച്ചുമില്ല. രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം സന്യാസ സഭകളിൽ ഉയർത്തിപ്പിടിക്കുന്ന സഹവർത്തിത്വത്തിന്റെയും കൂട്ടു ത്തരവാദിത്വത്തിന്റെയും മഹനീയ തത്വങ്ങൾ 125 കൊല്ല ങ്ങൾക്കു മുൻപേ മദർ ഏലീശ്വ ഗ്രഹിച്ചുകഴിഞ്ഞിരുന്നു. ആരിലൂടെയും പരിശുദ്ധാരൂപിക്ക് പ്രവർത്തിക്കാമെന്ന് അവൾ ദൃഢമായി വിശ്വസിച്ചു.

ശ്രേഷ്ഠസ്ഥാനം ഒഴിഞ്ഞുകൊടുത്തിട്ട് ഈ അമ്മ

ഏറ്റെടുത്തത് 'താക്കോൽകാരിയുടെ' ജോലിയാണ്. യഥാസമയങ്ങളിൽ മഠത്തിൻെറ പുറമെയുള്ള വാതിലുകളും ഗെയിററും അടയ്ക്കുകയും തുറക്കുകയും ചെയ്യുക എന്ന എളിയ സേവനം സഭക്കു വേണ്ടി അവാം ചെയ്തു. അതു പോലെ ശ്രേഷ്ഠയായിരുന്ന അവസരത്തിലും മഠത്തിലെ ജോലിക്കാർക്ക് അസുഖങ്ങാം മൂലം അവരുടെ കൃത്യനിർവ്വഹണത്തിന് ബുദ്ധിമുട്ടിയപ്പോാം മദർ ഏലീശ്വ തന്നെ പാചകക്കാരിയും തൂപ്പുകാരിയുമായി ജോലി ചെയ്തിരുന്നു. സ്ഥാനമാനങ്ങളും ഉദ്യോഗങ്ങളുടെ മാന്യതയും തേടിപ്പോകുന്നവരുടെ മുമ്പിൽ അവാം എന്നും ചോദ്യചിഹ്നമാണ്.

റീത്തു വിഭജനത്തിനു ശേഷം വരാപ്പുഴയിലേക്ക് മാറിത്താമസിച്ച അവസരത്തിൽ ഏലീശ്വാമ്മയേക്കാം 18 വയസ്സു പ്രായം കുറഞ്ഞ തൻെറ ഏററവും ഇളയ സഹോദ രിയെ മദർ സുപ്പീരിയറായി നിയമിച്ചതിൽ അവർ വളരെ അധികം സന്തോഷിച്ചു. ഉപശ്രേഷ്ഠയായിപ്പോലും തിര ഞ്ഞെടുക്കുവാൻ അവാം സമ്മതിച്ചില്ല. ബോർഡിങ്ങിലെ കുട്ടികളുടെ മേൽനോട്ടമാണ് ഈ അമ്മ തദവസരത്തിൽ സന്തോഷപൂർവ്വം ഏറ്റെടുത്തത്. വി. എലിസബത്തിനെ ശുശ്രൂഷിക്കാൻ ഓടിയെത്തിയ പരിശുദ്ധ മറിയത്തെ അടുത്തനുകരിച്ചിരുന്ന മദർ ഏലീശ്വ എല്ലാത്തരത്തിലുള്ള എ ളിയ ശുശ്രൂഷകളും സ്നേഹപൂർവ്വം സഭാ മക്കാംക്ക് നൽകി. ഒരേ സമയത്ത് അവാം സഭാ സ്ഥാപകയും പ്രഥമ ശ്രേഷ്ഠയും, പാചകക്കാരിയും, തൂപ്പുകാരിയും ആയിരുന്നു. ആശാരി പണിപ്പുരയിൽ തച്ചൻെറ മകനായി ജോലി ചെയ്യുവാനും നസ്രത്തിലെ കൊച്ചുവീട്ടിൽ വെള്ളം കോരിയും നിലം അടിച്ചുവാരിയും 30 കൊല്ലം എളിയ സേവനത്തിൻെറ

ജീവിതം നയിക്കുവാനും മടിക്കാഞ്ഞ മഹോന്നതൻെറ പുത്രൻ ക്രിസ്തുവിനെ അവരം അനുധാവനം ചെയ്തു.

ക്ലേശിതരെയും ദുഖിതരെയും മദർ ഏലീശ്വ എപ്പോഴും ആശ്വസിപ്പിക്കുക പതിവായിരുന്നു. പ്രത്യാശപൂർണ്ണമായ ക്രൈസ്തവ ജീവിതം നയിക്കണമെന്നും, സഹനങ്ങളെ നിത്യസമ്മാനത്തിന് ഉപകരിക്കത്തക്കവിധത്തിൽ നേരിടണമെന്നും അവരം ഉപദേശിച്ചിരുന്നു. ഈ അമ്മയുടെ വാക്കുകളിൽത്തന്നെ ഏതാദൃശ ആശ്വാസ വചനങ്ങരം നമുക്ക് ശ്രവിക്കാം :

" ഒരംശോമിശിഹാ നമ്മുടെ മേലുള്ള സ്നേഹത്തെക്കുറിച്ച്പെട്ട പാടുകളോടും കൂടെ നമുക്കുണ്ടാകുന്ന ദുഖസങ്കടങ്ങളൊക്കെയും ചെർത്ത അവയെ ക്ഷമയൊടുകൂടെ സഹിപ്പാൻ നാം വിചാരപ്പെടുക. ആകാശമൊക്ഷത്തിൻെറ വിചാരം കൊണ്ടു നമ്മെ ധൈര്യപ്പെടുത്തുക. നാം അനുഭവിക്കുന്ന ഈ സങ്കടങ്ങളും, രൊഗങ്ങളും, പാടുകളും, വിഷാദങ്ങളും, ഭയങ്ങളും എല്ലാം ഒരു ദിവസം തീരും. നാം രക്ഷപ്പെടുന്നെങ്കിൽ ഭാഗ്യപ്പെട്ടവരുടെ രാജ്യത്തിൽ നമ്മുടെ സങ്കടങ്ങളിൽ ആശ്വാസം ഉണ്ടാകുവാൻ വെണ്ടി ഒരം തിരുവചനങ്ങളെ അരുളിചെയ്തിരിക്കുന്നു. നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും. അപ്പോഴെ മൊക്ഷഭാഗ്യത്തിൽ നമുക്കുണ്ടാകുമെന്ന സന്തോഷങ്ങളിൻമേൽ നാം ധ്യാനിക്കുക'' (മദർ ഏലീശ്വ സൂക്ഷിച്ചിരുന്ന ആദ്ധ്യാത്മിക കുറിപ്പുകളിൽ നിന്ന്).

മദർ ഏലീശ്വ അസാധാരണമായ കരുണയും ആർദ്രതയുമുള്ള പ്രകൃതക്കാരിയായിരുന്നു. സഭയുടെ

ശൈശവ ദശയിൽ ഈ സദ്ഗുണങ്ങൾ ആവശ്യവുമായിരുന്നു. ഇവയ്ക്ക് പുറമെ അവളുടെ എല്ലാ പ്രവർത്തികളിലും വളരെ വിവേകവും മനക്കരുത്തും പ്രത്യക്ഷപ്പെട്ടു. കൃത്യനിഷ്ഠ, ദീർഘദൃഷ്ടി, സന്യാസ ഗൗരവം, ഭക്താനുഷ്ഠാന നിഷ്ഠ, തുടങ്ങിയ സദ്ഗുണങ്ങൾ ഏലീശ്വായെ ഒരു മാതൃകാ ശ്രേഷ്ഠയാക്കി തീർത്തു.

"ഇതാ അങ്ങയുടെ ദാസി'' എന്ന് പറഞ്ഞുകൊണ്ട് പരിശുദ്ധ അമ്മയോടുകൂടി എല്ലാം ദൈവതിരുമനസ്സിന് കീഴ്വഴങ്ങി നിശ്ശബ്ദയായി സഹിച്ചു. ഏതു സാഹചര്യത്തിലും അവൾ സമനില പാലിച്ചു. ശരിയായ എളിമയുടെ ജീവിതത്തിൽ നിന്നും കടഞ്ഞെടുത്തതാണ് ഈ ഗുണവിശേഷം.

പുതിയ അർത്ഥിനികളെ സ്വീകരിക്കുന്നതിന് 15 ദിവസം മുൻപ് മാതാവിൻെറ ലുത്തിനിയയും,യൗസേപ്പിതാവിൻെറ സ്തുതിക്കായി 5 സ്വർഗ്ഗ, 5 നന്മ, 5 ത്രീത്വസ്തുതിയും ചൊല്ലി, നല്ല ബുദ്ധിയും സാമർത്ഥ്യവും, ആത്മാർത്ഥമായിട്ട് ദൈവസ്നേഹത്തിൽ വർധിക്കാനും, ആത്മരക്ഷ പ്രാപിക്കാനും ആഗ്രഹമുള്ളവരെ തെരഞ്ഞെടുക്കാനുള്ള ദൈവാനുഗ്രഹത്തിനായി സമൂഹം പ്രാർത്ഥിച്ചു വന്നു.

അമ്മത്രേസ്യയുടെയും കർമ്മല മാതാവിൻെറയും കർത്താവിൻെറ പിറവിയുടെയും തിരുനാളുകൾ ഒഴികെ മററ് ഏത് പെരുന്നാളുകൾ വന്നാലും റെഗുളനോയമ്പ് കാർത്തിരുന്നു. (സി.ററി.സി നാളാഗമം മൂലഗ്രന്ഥം വാല്യം 1, സഹ 3. പേജ്.35).

"ശ്രേഷ്ടൻമാർ അറിയാതെ ഒരല്പ്പകാര്യമുണ്ടായി

1904 ചിങ്ങം 24-ാം തീയതി തുടങ്ങിയ 8 ദിവസത്തെ [illegible] ധ്യാനത്തിന [illegible] [illegible] [illegible] 1 ഭാഗങ്ങൾ.

ആറാം ദിവസം — ഏശോ മിശിഹാ തമ്പുരാൻ [illegible]

[illegible]

മദർ ഏലീശ്വായുടെ [illegible] ധ്യാനക്കുറിപ്പുകളിൽ നിന്നും ഒരു ഭാഗം. — കൈയെഴുത്തുപ്രതി. സ്വന്തം കൈപ്പടയിൽ.

എന്നുവച്ചാൻ അപ്പൊ൦ തന്നെ ഈ മഠം ചുട്ടുപൊകട്ടെ. മഠത്തിൽ എല്ലാവരും പൊയാലും ഒരാ൦ മാത്രം ഉള്ളുവെങ്കിലും ഉള്ളവ൦ പട്ടാങ്ങയായിട്ട് ലൊകം ഉപെക്ഷിച്ചവ൦ ആയിരിക്കണം. നിങ്ങളുടെ അടക്കവെലിക്കു പുറത്തുള്ള വിചാരം ആറാം പ്രമാണത്തൊട് മറുത്തുള്ള വിചാരം പൊലെ തള്ളിക്കളയുക. നിങ്ങളുടെ ശ്രെഷ്ഠത്തി ബുദ്ധിയില്ലാത്തവളും അറിവില്ലാത്തവളും ആകുന്നുവെങ്കിലും അവരെ നിങ്ങളുടെ തമ്പുരാട്ടിയെപ്പൊലെ വിചാരിപ്പാൻ കടമയായിരിക്കുന്നു. ചൊല്ലുവിളിയെങ്കിലും, ന്യായപ്രമാണമെങ്കിലും കടപ്പെട്ട കാര്യമല്ലാതെ മററൊന്നും അന്വെഷിക്കണ്ട. നിങ്ങളുടെ ഏകവിചാരം താഴപ്പെടുവാനും എളിമപ്പെടുവാനും ആയിരിക്കണം. നിങ്ങളിൽ ആര് അധികം താണിരിക്കുന്നുവെന്ന് നിങ്ങ൦ തമ്മിൽ തമ്മിൽ മത്സരിക്കണം. സ്വന്ത മനസ്സിനെ പൊടിക്കണം, ഇല്ലാതാക്കണം. നിങ്ങളിൽ ഉപവിക്കുറവുള്ള ഒരു വചനം നിങ്ങ൦ക്ക് ചാവുദൊഷമാകുമെന്ന് ഓർത്തുകൊള്ളുക. നിങ്ങ൦ തമ്പുരാനെ മാത്രം ഓർപ്പാനും സ്നെഹിപ്പാനും വെണ്ടി ഇത്ര അടക്കമുള്ള സ്ഥലം തന്നിരിക്കുമ്പോ൦ നിങ്ങ൦ തൻെറ കാര്യമല്ലാതെ വെറെ കാര്യമന്വെഷിച്ച പൊയാൽ നരകത്തിൽ പൊകും. (ഫാ.ലെയൊപ്പോ൦ഡ്, സി.ററി.സി നാളാഗമം, മൂലഗ്രന്ഥം, വാല്യം 1, സഹ 3, പേജ്.40)

വി. അമ്മത്രേസ്യ പഠിപ്പിച്ചിട്ടുള്ള ധ്യാനരീതിയാണ് (തെരേസ്യൻമെത്തേഡ് ഒഫ് മെൻറൽ പ്രെയർ) ഫാ. ലെയോപ്പൊ൦ഡ് ഒ.സി.ഡി. പ്രഥമ സഭാംഗങ്ങളെ അഭ്യസിപ്പിച്ചത്. ധ്യാനം പ്രവർത്തിക്കപ്പെടുന്നതായിരിക്കണം. ധ്യാനത്തിൽ സമ്പാദിച്ചത് മററുള്ളവർക്ക് പകർന്നു കൊടുക്കുക.

ആന്തരികനിശ്ശബ്ദതയെയും, ഏകാന്തതയേയും, മദർ ഏലീശ്വ അങ്ങേയററം സ്നേഹിച്ചിരുന്നു. കേവലം 19 വയസ്സ് പ്രായമുള്ളപ്പോഠം തന്നെ ലൗകിക ബഹളങ്ങളിൽ നിന്നും ബാഹ്യാഡംബരങ്ങളിൽ നിന്നും സ്വമനസ്സാ അകന്നു. അതിൻെറ ഫലമാണ് അവളുടെ അന്തരാത്മാവിൽ ചലനം സൃഷ്ടിച്ച പരിശുദ്ധാരൂപിയുടെ സ്വരം അവഠംക്ക് ശ്രവിക്കുവാൻ സാധിച്ചത്. നിഷ്ക്കളങ്ക ഹൃദയവും പരമാർത്ഥ ബുദ്ധിയും പാവനാത്മാവിൻെറ പ്രചോദനങ്ങഠം ക്കൊത്തു പ്രതികരിക്കാൻ അവളെ പ്രേരിപ്പിച്ചു. "ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്ക് കൊണ്ടു വരും. അവളോട് ഞാൻ ഹൃദ്യമായി സംസാരിക്കും. അവഠംക്കു അവളുടെ മുന്തിരിത്തോട്ടങ്ങഠം നൽകും'' (ഹോസിയ 2:14–15).

ഏലീശ്വയോട് പരിശുദ്ധാത്മാവ് സംസാരിച്ചത് അവഠം കേട്ടു. "ഞങ്ങഠം ഞങ്ങളുടെ അറിവിനൊത്തും , ഞങ്ങളാൽ കഴിയുന്നതുമായ ഭക്ത കൃത്യങ്ങഠം ഒരു ഉപേക്ഷയും കൂടാതെ ശുഷ്കാന്തിയോടു കൂടെ ചെയ്തു വരുന്നു. എങ്കിലും എൻെറ മനസ്സിൽ ഒരു വിഷമത–ചെയ്യുന്നതു പൂർത്തിയാകുന്നില്ലെന്നോ ചെയ്യേണ്ട കാര്യം ഇനിയും ഉണ്ടെന്നോ എന്തെന്നു പറയുവാൻ നിവർത്തിയില്ലാത്ത ഒരു വിഷമത''–സഹോദരൻ ഫാ. ലൂയിസ് ററി.ഒ.സി.ഡി.യോടു അവഠം പറഞ്ഞ വാക്കുകളാണ്.

ഈ വിഷമതക്ക് പ്രാർത്ഥനയിലൂടെ തന്നെ അവഠംക്കു നിവർത്തി മാർഗ്ഗം ലഭിച്ചു. റവ. ഫാ. ലെയോപ്പോഠംഡിനെ വിളിച്ച് അവഠം എല്ലാം തുറന്ന് പറഞ്ഞു. 'കർമ്മലയുടെ മുന്തിരിത്തോട്ടങ്ങഠം' അവഠംക്ക് നൽകപ്പെട്ടു.

പരിശുദ്ധാത്മാവിൻെറ സ്വരം ശ്രദ്ധിക്കുക, അതനുസരിച്ച് പ്രവർത്തിക്കുക ഇവ മദർ ഏലീശ്വായുടെ പ്രാർത്ഥനാ ചൈതന്യത്തെ ശക്തിപ്പെടുത്തി. ധ്യാനാത്മക ജീവിതത്തിൽ അവരം അടിക്കടി പുരോഗമിച്ചു. പ്രഥമാംഗങ്ങളെയും ഈ വഴിയിലൂടെ തന്നെ ഏലീശ്വാമ്മ നടത്തി.

"ദൈവത്തിൻെറ പക്കലേക്ക് തിരിഞ്ഞിരിക്കുന്നത് നമ്മുടെ ആത്മാക്കളുടെ വലിയ നൻമയാകുന്നു എന്നാൽ ദൈവത്തിൻെറ പക്കലെക്കല്ലാതെ മററു യാതൊരു വസ്തുവിൻെറ പക്കലെക്ക് തിരിയാതിരിക്കുന്നത് നമ്മുടെ ആത്മാവിൻെറ എത്രയും വലിയ നൻമയാകുന്നു''. (ആദ്ധ്യാത്മിക വഴികാട്ടി)

മഠങ്ങളിൽ അംഗസംഖ്യ അധികമാകാതിരിക്കുന്നതാണ് ക്രമപാലനത്തിന് നല്ലതെന്ന് സഭാസ്ഥാപക ആരംഭത്തിലേ മനസ്സിലാക്കിയിരുന്നു. (cf. നാളാഗമം മൂലഗ്രന്ഥം, വാല്യം 1. സഹ 4, പേജ്.60) "നിങ്ങരം തമ്പുരാനെ സ്നെഹിപ്പാൻ തുടങ്ങിയതിനാൽ നിങ്ങരംക്ക് യാതൊരു കൂട്ടത്തിനെങ്കിലും കുറവു വന്നിട്ടുണ്ടൊ? നിങ്ങരംക്ക് യാതൊരു സാമർത്ഥ്യവും മിടുക്കുമില്ല, ഒരു വെലയും അറിവാൻ മെല. എങ്കിലും നിങ്ങരംക്ക് യാതൊന്നിനും കുറവില്ല. അപ്പൊഴൊ നിങ്ങരം ഈശൊ മിശിഹായെ മാത്രം സ്നെഹിപ്പിൻ. നിങ്ങരം നിങ്ങളുടെ കാര്യമൊന്നും അന്വെഷിപ്പാൻ പൊകണ്ട. നിങ്ങരം തമ്പുരാൻെറ കാര്യം മാത്രം അന്വെഷിപ്പിൻ. എന്നാൽ തമ്പുരാൻ നിങ്ങളുടെ കാര്യം അന്വെഷിക്കും. വി. അമ്മത്രെസ്യയുടെ പുസ്തകത്തിൽ ഈ ഗുണദൊഷം ഇല്ലാത്ത ഒരു പെജെങ്കിലുമില്ല. ഒരു സമ്പന്നനൊട് കെട്ടിയിരിക്കുന്ന പെണ്ണ് ആ

മണവാളന്റെ കൂലിക്കാരൊട് ധർമ്മം ചൊദിച്ചാൽ ആ മണവാളന് സങ്കടം ഇല്ലാതെയിരിക്കുമൊ? നിങ്ങാം തമ്പുരാന് ഇഷ്ടമാകുവാൻ മാത്രം പ്രയാസപ്പെടുക. നിങ്ങാം ഇതിന്റെ അടിസ്ഥാനകാരാകുന്നു. ഇനി വരുന്ന ശ്രെഷ്ഠത്തിമാരെങ്കിലും, സഹൊദരികളെങ്കിലും വസ്തുക്കാം ഉണ്ടാക്കാനും ഒരോരൊ കൊപ്പുകളും മററും ഉണ്ടാക്കുവാൻ നൊക്കുമെങ്കിൽ എന്റെ ഈ ഗുണദൊഷങ്ങളെ അവരൊടു പറ. അതായതയിത് നമുക്ക നാശമുള്ളതാകുന്നു. അച്ചൻ ഞങ്ങളൊട് മുമ്പെ പറഞ്ഞിട്ടുണ്ട അതായത നാം ഒരൊരൊ വസ്തുക്കളും കൊപ്പുകളും ഉണ്ടാക്കാൻ തുടങ്ങുമെങ്കിൽ പലയിടത്തും സംഭവിച്ചതുപൊലെ ഇവിടയും സംഭവിക്കും. ഇവിടെ നശിച്ചു പൊകും.''(സി.ററി.സി നാളാഗമം, മൂലഗ്രന്ഥം , വാല്യം 1. സഹ 3,പേജ്.61,62)

"ദുഖവും സങ്കടവും നിങ്ങാംക്ക് വസന്തയാകുന്നു. ലൊകത്തിലെ സ്ത്രീകാം അവരുടെ മണവാളന്റെ അന്തഃസ്സിന് തക്കവെണ്ണം ഇരിക്കുന്നതാണ് അവരുടെ സന്തൊഷം. എന്നാൽ നിങ്ങാം നിങ്ങളുടെ മണവാളന് തക്കവെണ്ണം ഇരിക്കുന്നതാണ് നിങ്ങളുടെ സന്തൊഷം.''

"നിങ്ങാം ചെയ്യുന്ന കൈ വെലകളാൽ നിങ്ങാം പുണ്യവാളത്തികളാകും എന്ന് ഓർത്ത്കൊണ്ട് താത്പര്യമായി അവ പഠിക്കണം. പുണ്യവാളത്തികളാകാൻ ആഗ്രഹിക്കുന്നവരെ കൂട്ടാനാണ് ഈ മഠം ഉണ്ടാക്കിയിരിക്കുന്നത്.'' (സി.ററി.സി. നാളാഗമം,മൂലഗ്രന്ഥം,വാല്യം 1,സഹ 3,പേജ്.65)

അമ്മത്രേസ്യായുടെ അസ്ഥിയുടെ ഒരു കഷ്ണം

അരുളിക്കയിൽ കൊണ്ടുവന്ന് ഫാ. ലെയോപ്പോാംഡ് ഏലീശ്വാമ്മയെയും സഹോദരിമാരെയും ഏല്പിച്ചിട്ട് പറഞ്ഞു: "അമ്മത്രേസ്യയുടെ അസ്ഥി ഇത്ര മുഴുപ്പിൽ കിട്ടിയത ഞാൻ ഓർത്തിട്ട എനിക്ക് തിരിയുന്നില്ല. ഇത ഒരു അതിശയം ആകുന്നു. അമ്മ ത്രേസ്യ പുണ്യവതി നിങ്ങളുടെ മെൽ അനുഗ്രഹിച്ച താൻ നിങ്ങളെ കൈക്കൊണ്ടിരിക്കുന്നു എന്നുള്ള അടയാളത്തിനായിട്ട അമ്മയുടെ ഈ എല്ലെങ്കിലും നിങ്ങളൊട് കൂടിയിരിപ്പാൻ തിരുമനസ്സായി. എൻെറ മക്കളെ, അവിടെ ആയിരുന്നപ്പൊഴും ഇവിടെ വന്നിട്ടും എൻെറ വിചാരം ഇതാകുന്നു". ഓരോ ചൊവ്വാഴ്ചയും ഈ തിരുശേഷിപ്പ് ഓരോരുത്തരുടെ മുറിയിൽ കൊണ്ടുപോകാൻ കൽപ്പിച്ചു. (സി.റ്റി.സി നാളാഗമം മൂലഗ്രന്ഥം, വാല്യം 1, സഹ 5, പേജ്.69)

സന്യാസ പരിശീലനത്തിൻെറ ആരംഭത്തിൽ തന്നെ ആവിലായിലെ വി. അമ്മത്രേസ്യായെ പ്രഥമാംഗങ്ങാംക്ക് അവരുടെ പ്രത്യേക സ്വർഗ്ഗീയ മദ്ധ്യസ്ഥയായി ഫാ. ലെയോപ്പോാംഡ് നിർദ്ദേശിച്ചുകൊടുത്തു. ഈ മഹാ വിശുദ്ധയുടെ മുദ്രാവാക്യം മദർ ഏലീശ്വ തന്നെ ഹൃദിസ്ഥമാക്കി.

" യാതൊന്നും നിന്നെ ഭയപ്പെടുത്താതിരിക്കട്ടെ,
യാതൊന്നും നിന്നെ അലട്ടാതിരിക്കട്ടെ
ദൈവം മാത്രം മതി"

ഇതവാം പ്രാവർത്തികമാക്കി. അവളുടെ ജീവിതത്തിൽ അലറുന്ന തിരമാലകാംക്കിടയിലും നൂറു നൂറു നൂലാമാലകാംക്കിടയിലും പ്രശാന്തമായി സുസ്മേര വദനയായി നടന്നു നീങ്ങുവാൻ ഈ അമ്മയ്ക്കു സാധിച്ചതിൻെറ രഹസ്യം ഇതുതന്നെയാണ്.

"നിങ്ങളുടെ സ്വന്തമനസ്സിനെ മുഴുവനായി ഉപെക്ഷിപ്പിൻ. നിങ്ങളുടെ മനസ്സുപൊലെ നിങ്ങാ ഒന്നും ചെയ്യരുത്. ഒരൊ കാര്യം ചെയ്യുമ്പൊഴും അക്കാര്യം മാത്രം ചിന്തിക്കുക. അതിനെക്കാ വലിയ കാര്യം ചെയ്യാനുള്ള വിചാരം വന്നാൽ കൈക്കൊള്ളണ്ട. ഇപ്പൊ ഈ കാര്യം ചെയ്യട്ടെ. വലിയ പുണ്യങ്ങളെ ചെയ്തുകൊണ്ടല്ല വിശുദ്ധർ പുണ്യവാളൻമാരായത്. പിന്നെയൊ അൽപ്പാൽപ്പമായ സംഗതികളെ സൂക്ഷത്തൊടെ ചെയ്തുകൊണ്ടത്രെ. ഒരൊ പ്രവർത്തികാക്കുള്ള അടയാളം കെക്കുമ്പൊ എല്ലാവരിലും മുമ്പ് ചെല്ലുവാൻ നിങ്ങാ തമ്മിൽ തമ്മിൽ മത്സരമായിരിക്കണം. കാനൊനനമസ്ക്കാരത്തിനുള്ള മണി കെക്കുമ്പൊ ഈ സ്വരം മഹാരാജാവിൻെറ സ്വരമാകുന്നു. ഒന്നാമത് ചെന്ന് കാഴ്ചകളെ വയ്ക്കണം എന്ന് ചൊല്ലിക്കൊണ്ട് എല്ലാവരിലും മുമ്പെ ചെല്ലുവാനുള്ള മത്സരമായിരിക്കണം. പ്രാർത്ഥനാ മുറിയിൽ നല്ല ആചാരത്തൊടു കുടി കയറി, നടുവിൽ ചെന്ന് ആചാരം ചെയ്യണം. ന്യായപ്രമാണത്തിൽ കല്പ്പിക്കപ്പെട്ടിരിക്കുന്ന ക്രമങ്ങാ എത്രയും സുക്ഷത്തൊടെ കാർക്കണം. അത് തമ്പുരാൻെറ തിരുമനസ്സാകുന്നു. മറിയം മഗ്ദലെന ദെപാസി ന്യായപ്രമാണം എന്ന പെരു കെക്കുമ്പൊ പരവശയായിപ്പൊയിരുന്നു. അമ്മത്രെസ്യ പുണ്യവതി ന്യായ പ്രമാണത്തിൻെറ കടലാസ് കാണുമ്പൊ സന്തൊഷത്തൊടെ കരയുമായിരുന്നു" (ആദ്ധ്യാത്മിക വഴികാട്ടി).

"ഹന്നാൻ വെള്ളം തൊടുമ്പൊ തങ്ങളിലുള്ള അല്പാല്പ്പമായിട്ടുള്ള കുററങ്ങളൊക്കെയും നീക്കണമെന്ന് അപെക്ഷിക്കണം. കത്താവിൻെറ പങ്കപ്പാടുകളുടെ യൊഗ്യതകളൊട് കൂട്ടിച്ചെർത്ത് നമ്മുടെ നമസ്ക്കാരങ്ങളെ കാഴ്ച

വയ്ക്കണം. ഓരോ പ്രവർത്തികരം ചെയ്യുന്നതിനു മുമ്പ് നമ്മുടെ നിയോഗം ചൊവ്വാക്കണം. കാനൊന നമസ്ക്കാരം മൊഴികളുടെ അർത്ഥം ഓർത്തു ചൊല്ലണം. ഊട്ടുമുറിയിലെക്ക് പൊകുമ്പൊരം ഈ നടപ്പ് നിത്യത്തിലെക്ക് എന്നൊർത്ത് നടക്കണം. ഊട്ടുമുറിയിൽ ഒടുക്കലത്തെ അത്താഴം ഓർക്കണം. കർത്താവിൻെറ സ്ഥാനത്താണ് ശ്രെഷ്ഠ'' (ആദ്ധ്യാത്മിക വഴികാട്ടി).

"നിങ്ങളുടെ ധ്യാനം അമ്മത്രെസ്യയുടെ ധ്യാനം പൊലെ ആയിരിക്കണം. നിങ്ങളുടെ ജീവിതം ധ്യാനമാകുന്നു. പ്രത്യേകം ശുദ്ധമാന കുർബ്ബാനയുടെ മെലും ധ്യാനിക്കണം. മൊക്ഷത്തിനുമെൽ ധ്യാനിക്കുമ്പൊരം ഈ ലൊകത്തിലുള്ള നിന്ദകളൊ, പരിഹാസങ്ങളൊ, സങ്കടങ്ങളൊ, ഒക്കയും സന്തൊഷത്തൊടു കുടെ ക്ഷമിപ്പാൻ ധൈര്യം തൊന്നും. എളിമയ്ക്കടുത്തു വെല എനിയ്ക്കെനിക്ക് ചെയ്യണമെന്ന് എല്ലാവരും ശുഷ്ക്കാന്തി ആയിരിക്കണം. നിങ്ങളൊടും ഇനി വരുന്നവരൊടും ഒരു പ്രത്യേകകാര്യം പറയുവാൻ മെത്രാപ്പൊലീത്താച്ചൻ (ബർണഡിൻ ബെച്ചിനേല്ലി) കൽപ്പിച്ചിരിക്കുന്നു. അതായത വീടിൻെറ വർത്തമാനങ്ങളും പണ്ടത്തെ കാര്യങ്ങളും, സംബന്ധക്കാരുടെ കാര്യങ്ങളും പറയരുതെന്ന. ഇത ഒരു കർമ്മലീത്താ കന്യാസ്ത്രീക്ക് എത്രയും ചെരാത്തതാകുന്നു. ഈ വർത്തമാനം പറയുന്നവർ അമ്മത്രെസ്യാ പുണ്യവാളത്തിയുടെ പെൺമക്കളാകയില്ല'' (സി.റ്റി.സി നാളാഗമം മൂലഗ്രന്ഥം, വാല്യം-1, സഹ-5. പേജ്. 73).

"മണികേരക്കുമ്പോരം ഉടനെ പുറപ്പെടണം. ടൈംടേബിരം കാർക്കുന്നത് അനുസരണ വ്രതത്തിൽ ഉരപ്പെട്ടിരിക്കുന്നു.'' (സി.റ്റി.സി നാളാഗമം മൂലഗ്രന്ഥം. വാല്യം-1, സഹ-5. പേജ്.74).

"എൻെറ പ്രിയപ്പെട്ടവാം എൻെറ പെൺമക്കളുടെ ഇടയിൽ മുള്ളുകാംക്കിടയിലെ റൊസാപ്പൂവാകുന്നു. മണവാളന് ചെർന്ന പുഷ്പം റൊസാപ്പൂവാകുന്നു" (ആദ്ധ്യാത്മിക വഴികാട്ടി).

ഇത്തരം നർമ്മോക്തികളും ആദ്ധ്യാത്മിക നിർദ്ദേശങ്ങളും പ്രഥമാംഗങ്ങളെ യഥാർത്ഥ തെരേസ്യൻ കർമ്മലീത്താ സന്യാസ ജീവിതത്തിൽ അടിക്കടി പുരോഗമിപ്പിക്കയും, പാറയിൽ സ്ഥാപിച്ച ഒരു അസ്ഥിവാരം സഭയ്ക്ക് പ്രദാനം ചെയ്യുകയും ചെയ്തു. ക്രിസ്തുവിൻെറ പ്രബോധനങ്ങാം അനുസരിച്ച് പിന്നീടുണ്ടായ വെള്ളപ്പൊക്കത്തിലും, കൊടുങ്കാററിലും, ഏലീശ്വാമ്മ പതറാതെ തളരാതെ വിജയകരമായി മുന്നേറി.

മുള്ളുകാംക്കിടയിൽ വിരിഞ്ഞ ഒരു റോസാപ്പൂവാണ് മദർ ഏലീശ്വ. വി. പൗലോസ് ശ്ലീഹായുടെ പഠനം അനുസരിച്ച് കഷ്ടതകളിൽ അവാം അഭിമാനിച്ചു. എന്തെന്നാൽ കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കി ( റോമ 5:3—5).

അവളുടെ വിശ്വാസത്തെ സുകൃതം കൊണ്ടും സുകൃതത്തെ ആത്മസംയമനം കൊണ്ടും, ആത്മ സംയമനത്തെ ക്ഷമ കൊണ്ടും, ക്ഷമയെ ഭക്തി കൊണ്ടും, ഭക്തിയെ സഹോദര സ്നേഹം കൊണ്ടും, സഹോദര സ്നേഹത്തെ ഉപവി കൊണ്ടും, മദർ ഏലീശ്വ സമ്പൂർണ്ണമാക്കി. ഇതാണ് അവളുടെ ജീവിത വിജയ രഹസ്യം (2 പത്രോ.1:6—7).

# റവ. ഫാ. ലെയോപ്പോൾഡിൻെറ ഏതാനും കത്തുകളുടെ തനി പകർപ്പ്

11/1

റോമായാത്ര. 1

ഈ.മ.യൗ

പ്രിയമുള്ള മക്കളെ,

ആ എൻെറ മക്കളെ നിങ്ങൾ എങ്ങനെയിരിക്കുന്നു സൗഖ്യമുണ്ടൊ. സന്തൊഷമുണ്ടൊ. ദുഃഖിക്കണ്ട. എൻെറ ഗുണദൊഷങ്ങളെ മറന്നു പൊകരുതു. ചൊല്ലുവിളി, എളിമ, ഉപവി. തിരിഞ്ഞൊ. ഞാൻ ഇപ്പൊൾ മദ്രാസിൽ ഇരിക്കുന്നു. രണ്ടു ദിവസത്തിനകം യാത്ര പുറപ്പെടും. ഈ മെത്രാൻമാരൊടുകൂടെ. ഇനിക്ക നല്ല സൗഖ്യമുണ്ടു. ഒരു സൗഖ്യക്കെടെ എനിക്കുള്ളു. അതായതു എൻെറ പ്രിയമുള്ള മക്കളെ കാണുന്നില്ല. തമ്പുരാൻ തിരുമനസ്സാകും വണ്ണമാകട്ടെ. സ. അമ്മയെയും സ. മര്യന്നയെയും എന്നൊടു കൂടി കൊണ്ടു വരാൻ മറന്നു പൊയി. എന്നാൽ ഇപ്പൊൾ മനസ്സുണ്ടെങ്കിൽ സുത്രക്കമ്പി പുറത്തു കയറിയാൽ ഇങ്ങെട്ടു പൊരാം. നിങ്ങൾക്കും എദുക്കും ദാത്തിലെ പൈതങ്ങൾക്കും വാഴ്വ്. എനിക്കുവെണ്ടി അപെക്ഷിക്കണമെന്ന് എല്ലാവരൊടും കല്പിക്കുന്നു.

മദ്രാസ് 1869 കന്നിമാസം 20—ാംനു

ഫാ. ലെയോപ്പൊൾദ്

(ഒപ്പ്)

11/2

റോമായാ്രത.2

ഈ.മ.യ

തുലാം 2—ാംനു

ഹ്എൻെറ പ്രിയമുള്ള മക്കളെ !

ഈ ഹ്എഴുത്തു തുടങ്ങുന്ന ഈ നെരത്തിൽ ഞാൻ കടലിൻെറ നടുവിലിരിക്കുന്നു. ഭൂമി കണ്ടിട്ടു 5 ദിവസമായി. ഇനി അഞ്ചുദിവസം കഴിഞ്ഞിട്ടെ ഭൂമി കാണാൻ ഇട കിട്ടുകയുള്ളു. ഹ്എന്നാൽ ഈ ഹ്എഴുത്തു നിങ്ങളുടെ കയ്യിൽ ഹ്എത്തുമ്പൊാം യൂറൊപ്പിലെത്തും. അതെന്ത്യെ ദൈവ സഹായത്താൽ തുലാമാസം 24—ാംനുക്കകം ഞാൻ യൂറൊപ്പിലിറങ്ങും. ഞാൻ നല്ല സൗഖ്യമായിരിക്കുന്നു. 14 മെത്രാൻമാരൊടുകുടെ ഇരിക്കുന്നു. ഹ്എത്ര സൗഖ്യം. നിങ്ങളെങ്ങനെ ഇരിക്കുന്നു? സൗഖ്യമുണ്ടൊ? സന്തൊഷ മുണ്ടൊ. ഹ്എനിക്കുവെണ്ടി അപെക്ഷിക്കുന്നുണ്ടൊ? ശ്രെ. അമ്മയുടെ ചടപ്പു തീർന്നൊ? ഞാൻ പക്ഷി ആയിരുന്നെങ്കിൽ അവിടെ പറന്നു വന്ന് കാണാമായിരുന്നു. ഹ്എന്നാൽ ചിറകില്ല. ഇനി നിങ്ങളുടെ ഹ്എഴുത്തു കാണാൻ ഹ്എത്രയൊ ആഗ്രഹമായിരിക്കുന്നു. ഹ്എല്ലാവരൊടും തിരിച്ച് തിരിച്ച് പെരുത്ത ചൊദിക്കുന്നു. ഹ്എല്ലാവർക്കും തിരിച്ച് തിരിച്ച് വാഴ്‌വ്. ഹ്എൻെറ പ്രിയമുള്ള മക്കളെ ഹ്എൻെറ ഗുണദൊഷം കാർക്കണമെ. ഹ്എളിമ, ചൊല്ലുവിളി, ഉപവി. മദാമ്മയ്ക്കു പെരുത്ത പെരുത്ത സലാം.

ഫാ. ലെയോപ്പൊാംദ്

(ഒപ്പ്)

11/3

റോമായാത്ര . 3

ഈ.മ.യ

എൻെറ പ്രിയമുള്ള മക്കളെ !

കൂനമ്മാവുങ്കൽ ത്രെസ്യ പുണ്യവാളത്തി പരി. കന്യാസ്ത്രീ മഠത്തിൽ ക.ദി.മൂ.സ. കന്യാസ്ത്രീകളുടെ ശ്രെഷ്ഠത്തി അമ്മയ്ക്കും സഹൊദരികാംക്കും
എൻെറ പ്രിയമുള്ള മക്കളെ !

ഇവിടെ നിന്ന് നിങ്ങളെ കാണാൻ തക്ക ഒരു കണ്ണാടി കിട്ടിയാൽ ഭാഗ്യവാൻ. ഞാൻ നിങ്ങളെ എന്തു മാത്രം സ്നെഹിക്കുന്നു എന്ന് കുനമ്മാവിൽ നിന്ന് പൊയതിനു ശെഷം മാത്രമെ ഞാൻ അറിഞ്ഞുള്ളു. നിങ്ങളുടെ വർത്തമാനം കിട്ടാഞ്ഞിട്ട് ഞാൻ വിഷാദിച്ചിരിക്കുന്നു. നിങ്ങളുടെയും മഠത്തിൻെറയും, പൈതങ്ങളുടെയും കാര്യം വിവരമായിട്ട് എഴുതി കൊടുത്തയക്കുകയും വെണം, വെണം, വെണം. നിങ്ങളുടെ ആഗ്രഹം നിറവെററാൻ കഴിവതു ഞാൻ ശ്രമിക്കുന്നുണ്ട്. നിങ്ങളുടെ എഴുത്തുകാം ഇവിടുത്തെ കന്യാസ്ത്രീകാം എത്ര സന്തൊഷത്തൊടെ കൈക്കൊണ്ടു എന്നറിയിപ്പാൻ പാടില്ല. നിങ്ങളുടെ കപ്പെളക്കായിട്ട് വച്ചതും കിട്ടാതിരിക്കയില്ല. ശ്രെഷ്ഠത്തി അമ്മയുടെ സൗഖ്യക്കെട് തീർന്നൊ? സുപ്രിയൊരത്തിയമ്മ എങ്ങിനെയിരിക്കുന്നു. ഞാൻ കപ്പൽ ഇറങ്ങിയപ്പൊാം അന്വെഷിച്ചാറെ അവരെ കണ്ടില്ല. സ. അന്നക്ക് എപ്പൊഴും സന്തൊഷം തന്നെയൊ? ദുഃഖം

വരുമ്പൊ൦ ശ്രെഷ്ഠത്തിയമ്മ പിടിച്ചു സൂത്രക്കമ്പിയിൻമെൽ വച്ചുകെട്ടി ഇങ്ങൊട്ടയച്ചാൽ ഞാൻ പലമത്തൊലി * കൊണ്ട് ദുഖം തീർക്കാം സ. ക്ലാര മുത്തി ജീവിക്കുന്നുണ്ടൊ? മര്യന്ന എന്തു ചെയ്യുന്നു. സൗഖ്യം തന്നെയൊ? സ. മര്യ സൂത്രം പഠിച്ചൊ? വലിയ ബുദ്ധിക്കാരി എന്നാൽ പുണ്യാളത്തി ആകാൻ വെണ്ട ബുദ്ധി ഉണ്ടൊ? സ. മറിയം ത്രെസ്യ പൈതൽ മുത്തി എന്തു ചെയ്യുന്നു. ഉറങ്ങുമ്പൊ൦ ചിരിക്കുന്നുണ്ടൊ? പുതുകന്യാസ്ത്രീകം എങ്ങനെ? സുപ്രിയൊരത്തിയമ്മ അവരെ നല്ലവണ്ണം പഠിപ്പിക്കണെ. എന്റെ പെർക്ക് അവർക്ക് വാഴ്വ് കൊടുക്കുക. മദാമ്മ എങ്ങനെയിരിക്കുന്നു? സൗഖ്യമുണ്ടൊ എന്നെക്കാണാഞ്ഞിട്ടു ചിരിക്കുന്നില്ലെ? ഞാൻ വെഗം വരുമെന്നു പറ. വരുമ്പൊ൦ അവരുടെ ചെവി പിടിച്ചു ഒരുകൊൽ നീളത്തൊളം വലിക്കും. അതെന്ത്യെ എന്റെ വിരവിൻമെൽ സംശയിച്ചു. വായ്പ്പാൻ അവർ പഠിച്ചിരുന്നെങ്കിൽ അവർക്കു തന്നെ എഴുതാമായിരുന്നു. അതിനു പകരമായി മഠത്തിൽ വരുത്തി ഈ എഴുത്ത് വായിച്ചു കെ൦പ്പിച്ചശെഷം സഹൊദരി അന്ന ഇതിൻ വണ്ണം അവരൊടു ചൊല്ലണം. ഹൗ ഡു യു ഡു

എദുക്കും൦ദാത്തിലെ പൈതങ്ങളൊട് പെരുത്തു ചൊദിക്കുന്നു. ഈ എഴുത്തിനെക്കുറിച്ച് ഒരു മണിക്കൂർ ഉല്ലാസം കൊടുക്കണം. സഹായക്കാരത്തി വിചാരിക്കും എന്നെ മൂപ്പച്ചൻ ഓർത്തില്ലല്ലൊ. എല്ലാവർക്കും ഒന്നിച്ചും തിരിച്ചും വാഴ്വ്. എളിമ, ചൊല്ലുവിളി, ഉപവി.

ഫാ. ലെയോപ്പൊ൦ദ്

(ഒപ്പ്)

---

*പലമത്തൊലി – ചൂരൽപ്പഴം

11/4

### റോമായാത്ര.4

(ഒരു മാസത്തെ റോമാ വാസത്തിനുശേഷം സദ്വേശമായ അകചീവിൽ നിന്നും എഴുതുന്നത്)

ജെ.എം.ജെ

പ്രിയ മക്കളെ !

ഈശൊ വാഴ്ക: ദീർഗ്ഗമായിട്ടല്ലെങ്കിലും രണ്ടു അക്ഷരം എഴുതാതെ ഇരിപ്പാൻ പാടില്ല. ഒന്നും വിഷാധിക്കണ്ട. തമ്പുരാൻ നിങ്ങളെ ഉപെക്ഷിക്കില്ല. ഇല്ല. ഉപെക്ഷിക്കില്ല; വരുമ്പൊഠ നിങ്ങഠ എല്ലാവരും പുണ്യവാളത്തികളായി എന്ന കാൺമാൻ വളരെ ആഗ്രഹമായിരിക്കുന്നു. ഒരു മാസം ചില്വാനം റൊമയിൽ താമസിച്ചു. തലവൻമാരുടെ വിശെഷിക്കപ്പെട്ട താല്പര്യത്താൽ എനിക്കു വളരെ ആശ്വാസമായി. നിങ്ങഠക്കു വെണ്ടി പല വിശെഷ അരുളിക്കകളും മററും അന്വെഷിച്ചു കൂട്ടുന്നു. പലതും കിട്ടി. ഇനി പലതും കിട്ടും. സന്തൊഷം. എല്ലാം എഴുതുവാൻ ആഗ്രഹമുണ്ട്. എന്നാൽ ഇപ്പൊഠ ശരിയല്ല. പിന്നെ എഴുതും. ഇപ്പൊഠ ആക്കുവിൻ അപ്പൻെറ പക്കൽ ഇരിക്കുന്നു. കുറെ ദിവസം കഴിഞ്ഞിട്ട് കൊപ്പുകളെ അന്വെഷിപ്പാൻ പൊകും. ഇനിക്കു ഒന്നാം തരം സൗഖ്യവും സന്തൊഷവും ഇപ്പൊഠ നാലിരട്ടി തിന്നുന്നു.

എല്ലാവർക്കും തിരിച്ച് തിരിച്ച് തിരിച്ച് വാഴ്വ്

നിങ്ങളുടെ വിവരങ്ങഠ എല്ലാം അറിഞ്ഞിട്ടുണ്ട്

ഫാ. ലെയോപ്പൊഠദ്

(ഒപ്പ്)

11/5

ഈ .മ. യൗ.

ഹ്എൻെറ ഹ്എത്രയും പ്രിയമുള്ള മക്കളെ !

കുറെ ദിവസമായിട്ട ഒരു ഹ്എഴുത്തു നിങ്ങാക്ക് കൊടുത്തയച്ചു. കിട്ടിയൊ? ഇപ്പൊഴും നിങ്ങളിൽ നിന്നും ഒന്നൊ രണ്ടൊ ഹ്എഴുത്തു ഹ്എനിക്കു കിട്ടി. ആയതിൽ നിങ്ങളുടെ സൗഖ്യത്തിൻെറയും മഠത്തിൻെറ നടത്തിപ്പിൻെറയും ഒരു വർത്തമാനം ഇല്ല. ഹ്എത്രയൊ അന്യായം. നിങ്ങളെ കുറിച്ച് ഞാൻ ഹ്എന്തു മാത്രം വ്യസനിക്കുന്നുവെന്ന് നിങ്ങാ അറിയുന്നില്ല. കന്യാസ്ത്രീകളെ കൊണ്ടുവാ കൊണ്ടു വാ. ഇതാ കാര്യം. * ഹ്എൻെറ യാത്രയുടെ സമയം തിട്ടമറിയാൻ പററില്ലെങ്കിലും അധികം താമസിക്കില്ല. ഇപ്പൊാ വന്നാൽ കടലിൽ മുങ്ങി മരിക്കും. നിങ്ങാക്ക് വെണ്ടി ഒരൊ കൂട്ടങ്ങളെ അന്വെഷിക്കുന്നു. ഒന്നാന്തരം പൊൻപണിയുള്ള ഒരു കൂർബ്ബാന കുപ്പായം മെടിച്ചു. ഇവിടത്തെ കന്യാസ്ത്രീകാ ഒരു മുഴുവൻ ഉടുപ്പു തന്നു. കന്യാസ്ത്രീകളെ കിട്ടുവാൻ പ്രയാസം തന്നെ. ഹ്എങ്കിലും കഴിയുന്നിടത്തൊളം ഞാൻ അന്വെഷിക്കും. കിളത്തികളെ ഒത്തിരി കിട്ടും ഹ്എന്നാൽ അവരെ ഹ്എന്തിനാ? * ഈ കാണുന്ന രൂപത്തിൽ നിന്നു ഞാൻ ഹ്എന്തു മാത്രം വണ്ണം വച്ചു ഹ്എന്ന് നൊക്കൂ. ഈ രൂപങ്ങളിൽ ഒന്ന് സഹായക്കാരത്തികാക്കും ഒന്നു ഹ്എദുക്കും ദാത്തിൽ, ഒന്നു പുതു കന്യാസ്ത്രീകാക്കും, ശെഷം ഉടുപ്പു ഉടുത്തവർക്കും. ഈ രൂപങ്ങളെ വെറെ കനമുള്ള കടലാസിൻമെൽ പററിക്കണെം. ഇതിനു മറുപടിയായിട്ട പല വിവരമായിട്ടുള്ള ഹ്എഴുത്തുകളെ ഞാൻ ചൊദിക്കുന്നു. സുപ്രിയൊരത്തി അമ്മ

മഹിമ കാക്കുന്നുണ്ടൊ? ശ്രെഷ്ഠത്തിയുടെ കണ്ണുനീരെങ്ങനെ സ. അന്ന വിചാരം കെറുന്നുണ്ടൊ? സ. ക്ലാരയുടെ ബൊധ വിസ്താരങ്ങളെങ്ങനെ സ. മര്യന്നയുടെ ദുഃഖം പൊയൊ? സ.മര്യത്തിൻെറ ശാസ്ത്രംം വർദ്ധിച്ചൊ? സ.മര്യ ത്രെസ്യയുടെ വികൃതി പൊയൊ? പുതു കന്യാസ്ത്രീ കളെങ്ങനെ? സഹായക്കാരത്തിയുടെ അരിശം എങ്ങനെ? ഇവർക്കൊക്കെയ്ക്കും പൈതങ്ങൾക്കും വാഴ്വ്. എളിമ, ചൊല്ലുവിളി, ഉപവി.

എന്ന് കൂനമ്മാവുങ്കൽ ക.ദി.മു.സ.ക്ന്യാസ്ത്രീകളുടെ ശ്രെഷ്ഠത്തി അമ്മയ്ക്കും സഹൊദരികൾക്കും

ഫാ. ലെയോപ്പൊൾദ് ദെ സാം ജൂസെ
എവുറൊപ്പയിൽ നിന്നു
(ഒപ്പ്)

---

* സൂചന — കൈവേലയും മററും പഠിപ്പിക്കാൻ യൂറോപ്പിൽ നിന്നും കന്യാസ്ത്രീകളെ കൊണ്ടു വരണമെന്ന് മദർ ഏലീശ്വ ആവശ്യപ്പെട്ടിരുന്നു.

11/7

റോമായാത്ര. 7

എൻെറപ്രിയമുള്ള മക്കളെ !

നിങ്ങളുടെ എഴുത്തു എൻെറ ചങ്കു കുത്തി. ശ്രെഷ്ഠത്തി അമ്മക്ക് കണ്ണു നീരും ചടപ്പും. എദുക്കും ദാത്തിൽ ദീനം, നിങ്ങാംക്കു ദുഃഖം. ആ ശ്രെഷ്ഠത്തി അമ്മെ, എന്ത്? തമ്പുരാൻ ഇല്ലാതെ ആയൊ? എന്ത്യെ ദുഖിക്കുന്നു? ഞാൻ വരും — വരും — വരും. നിങ്ങളുടെ ഹൃദയ സമാധാനം ഒരു മനുഷ്യനിൽ അന്വെഷിക്കുന്നൊ? എല്ലാവരും നിങ്ങളെ ഉപെക്ഷക്കട്ടെ. എല്ലാവർക്കും ദീനമുണ്ടാകട്ടെ. എല്ലാം വിരൊധമാകട്ടെ. തമ്പുരാൻ നിങ്ങളൊടു കൂടെ ഇരിക്കുമ്പൊാം എന്തിനു പെടിക്കുന്നു? നിങ്ങളുടെ കാര്യം വിചാരിപ്പാൻ തമ്പുരാൻ പൊരെ? മതി — മതി — മതി — മതി — മതി —മതി — മതി . നിങ്ങാംക്കു ആഹാ ലെയൊപ്പൊാംദൊസും യൂറൊപ്പിലെ കന്യാസ്ത്രീകളുമല്ല ദിഷ്ടതി. പിന്നെയൊ തമ്പുരാൻ മാത്രം. തിരിഞ്ഞൊ? അപ്പൊഴൊ വിശ്വാസം കുറയപ്പെട്ടവരെ സന്തൊഷം — സന്തൊഷം — സന്തൊഷം. എല്ലായിപൊഴും സന്തൊഷം. ഞാൻ വരുന്ന ചിങ്ങമാസത്തിൽ അവിടെ ആകും. എല്ലാവർക്കും വാഴ്വ്. മനുഷ്യരൊക്കെയും ഇല്ലാതായി പ്പൊയാലും നിങ്ങാംക്ക് ദൃഷ്ടതിയാകുന്നെങ്കിൽ ഒരു എറുമ്പിനെക്കൊണ്ട നിങ്ങളുടെ കാര്യം നടത്തും.

ഫാ. ലെയോപ്പൊാംദ്

(ഒപ്പ്)

ജെ. എം.ജെ

വി/13

പ്രി. മക്കളെ

തീ കപ്പലിൽ നിന്ന് (ചെങ്കടലിൻെറ ആഴത്തിൽ വച്ച്) മകരമാസം 23—ാം തീ. ഇതാ ചെങ്കടൽ കഴിഞ്ഞു. യാത്ര.യുടെ മുക്കാൽ കഴിഞ്ഞു. നല്ല സൌഖ്യത്തൊടുകൂടെ ഈ രണ്ടക്ഷരം നിങ്ങാംക്കു കൊടുത്തയക്കുന്നു. അതെങ്ങനെയെന്നാൽ ബൊംബെയിൽ മെത്രാനച്ചനിൽ നിന്നു വാക്കിലടങ്ങാത്ത സന്തൊഷങ്ങളെയും സഹായങ്ങളെയും ദയകളെയും കൈക്കൊണ്ട ശെഷം മകരം 15—ാംനു ഇത്താലിയ കപ്പൽ കയറി യാത്ര പുറപ്പെട്ടു. അതിൽ ഉള്ളവർ മിക്കതും എൻെറ നകരക്കാരാകയാൽ എന്തു മാത്രം സന്തൊഷത്തൊട് എന്നെ കൈകൊണ്ട എന്നു നിങ്ങാം വിചാരിപ്പിൻ. വാതപനി വന്നു. എന്നാൽ ഒരു ദിവസം കൊണ്ടു തീർന്നു. കപ്പലിൽ തന്നെ ദാക്ത്തർ ഉണ്ട്. യാത്ര ഒന്നാന്തരം—കുളിർ മാത്രം കട്ടി തന്നെ. — കപ്പലിൽ ഒരു നെരം തിന്നുന്നത് കൂനമ്മാവുങ്കൽ ഒരാഴ്ചകൊണ്ടു തിന്നുമെന്ന് തൊന്നുന്നില്ല. എന്നെക്കൊണ്ട് എഴുതുന്നതെല്ലാം ജരാർദ മൂപ്പച്ചനെക്കൊണ്ടും എഴുതിയിരിക്കുന്നു. ബൊംബെയിൽ നിന്നു പത്രൊസ് വഴിയായിട്ട് ഒരു എഴുത്ത് കൊടുത്തയച്ചു. കിട്ടിയായിരിക്കുമല്ലൊ. അതിൽ നിങ്ങാംക്കു സന്തൊഷമുള്ള വർത്ഥമാനം എഴുതീട്ടുണ്ടായിരുന്നു. ആയത്, ഞാൻ തിരികെ വരുമ്പൊാം പല മിഷ്യനാരന്മാരെ കൊണ്ടു വരുമെന്ന്, നമ്മുടെ എത്രയും

പെ.ബ.ജെനറാളച്ചൻ മങ്കലൊർ ശ്രെഷ്ഠനായ പൗലൊസ് മൂപ്പച്ചന് എഴുതീട്ടുണ്ട്. ഇനി സംശയിക്കുമൊ? ശ്രെഷ്ഠത്തി യമ്മെ മുഴുവൻ വിശ്വാസമായൊ? നിങ്ങളുടെ വർത്തമാനം വെഗം അറിയിക്കണം. വളരെ ആഗ്രഹിച്ചിരിക്കുന്നു. എഴുത്ത് പത്രൊസിനെ എല്പിച്ചാൽ മതി. ഉറപ്പിക്കയും വെറെ വാച്ചതും ആവശ്യവും ആഗ്രഹവുമുണ്ടെങ്കിൽ എഴുതണം. എന്റെ മെൽവിലാസം പത്രൊസ് അറിഞ്ഞിട്ടുണ്ട്. റൊമയിൽ ചെന്നിട്ട് എഴുതി കൊടുത്തയിക്കാം. ശ്രെഷ്ഠത്തിയമ്മെ, എങ്ങനെ ഇരിക്കുന്നു? സൌഖ്യമുണ്ടൊ? സന്തൊഷമൊ? സ.ക്ലാര പറയും വണ്ണം ചെയ്യുന്നുണ്ടൊ? പട്ടാങ്ങയുള്ള സ. ത്രെസാ ദെ ഈശൊ ആകണം. ഈ നാമം ഈ മഹാ നാമം അപമാനിക്കല്ലെ. മലയാള ത്തിൽ ഒന്നാമതായിരിക്കുന്നു എന്ന സുപ്രിയൊരത്തിയമ്മ എന്റെ വചനങ്ങളെ മറന്നു പൊയൊ? ചങ്കു വല്യതാകുന്നില്ലെ? ആ ചങ്കില്ലാത്ത ഒരാം എന്തിനു കൊള്ളാം. വല്യ ചങ്കുള്ള ഒരാം വശാകാത്തതെന്ത. സ.എലീശ്വയെ കരച്ചിൽ നിന്നൊ. പെടിക്ക ണ്ട. ഞാൻ വരാതിരിക്കില്ല. സന്തൊഷമായിരിക്ക. ഇനിക്കു വെണ്ടി അപെക്ഷിക്കാതെ ഇരിക്കല്ലെ; സന്തൊഷമായിരിക്കണം. എന്നാൽ പെടിക്കണ്ട. പുണ്യമാകും —

സ. ക്ലാര എങ്ങനെ ഇരിക്കുന്നു. ദീനക്കാരൊക്കെ സൗഖ്യം തന്നെയല്ലെ? വാതദീനക്കാര് എങ്ങനെയിരിക്കുന്നു — വെഷം തീണ്ടിച്ചി എങ്ങനെയിരിക്കുന്നു. ശ്രെഷ്ഠത്തിയമ്മയെ പരിപാലിക്കണം.

സ. മര്യണ എങ്ങനെയിരിക്കുന്നു. ഇപ്പൊം നാണം കുറ ഞ്ഞായിരിക്കുമല്ലെ. ധർമ്മശാലയെ നടത്തുവാൻ ഒന്നാം തരം തന്നെ.

സ. റൊസയെ എങ്ങനെ ഇരിക്കുന്നു. ധൈര്യം വെണം. ഓരൊ ഈച പിടിക്കാൻ പൊയാൽ വെഷമിക്കും. ആലൊജന എന്തു മാത്രം കുറയും അത്രയും ഗുണം. അതെ അതെ — സ. അന്നയെ ആ: ആ: ആ: ഈചയുടെ ചങ്ക : എപ്പൊഠ വലുതാകും? നിൻെറ ദീനം എങ്ങനെ ഇരിക്കുന്നു. സൌഖ്യമായി എന്നു ശരണപ്പെട്ടിരിക്കുന്നു.

സ. മർഗ്ഗരീത്തയെ എങ്ങനെ ഇരിക്കുന്നു. സൌഖ്യമുണ്ടായിരിക്കും എന്നാൽ സന്തൊഷമൊ. ഇതാ നിൻെറ പാറ പലപ്പൊഴും ഈ പാറയിൽ മുട്ടി തല കളയുന്നു. ഇനി മുട്ടരുത.

സ.മര്യ ദെ. ത്രെസ്യായെ എങ്ങനെ ഇരിക്കുന്നു. നീ മുഴുവനായിട്ട് എല്ലാ നെരവും സന്തൊഷമാകുമെങ്കിൽ നല്ല പുണ്യമാകും. സംശയമില്ല.

സ. ആഞ്ഞെസെ: നരകത്തിലല്ല പിന്നെയൊ ആകാശ മൊക്ഷത്തിൽ വി. അമ്മത്രെസ്യയുടെ അടുക്കൽ പൊകണം. നല്ല കാര്യം. നരകത്തിൽ പൊകുവാനല്ല പുളിങ്കുന്നയിൽ നിന്നു തമ്പുരാൻ മഠത്തിൽ കൊണ്ടു വന്നത്. സ. ത്രെസ്യകത്രിനയെ സന്തൊഷം സന്തൊഷം ദു:ഖം വെണ്ട. ഒരു നാളും വെണ്ട. ദു:ഖം വരുമ്പൊഠ നിൻെറ ഹൃദയത്തിൽ കെറിക്കൂടാ എന്നു ഞാൻ മുടക്കിയിരിക്കുന്നു എന്നു പറ. ആലൊജന കുറയുന്തൊറും നിനക്കു ഏറെ ഗുണം —

സഹായക്കാരത്തിയും അഠമെനി ദർശനക്കാരത്തികഠ 3 പെരും എങ്ങനെ ഇരിക്കുന്നു. പാചക മുറിയിൽ വെട്ടമുണ്ടൊ? ഉപവി, ചൊല്ലുവിളിയും എല്ലാവരും കാക്കുന്നുണ്ടൊ.

ഹ്ലൊവർക്കും ഹ്പ്പൊഴും സന്തൊഷമുണ്ടൊ.

ഹ്ലൊവരും ഇനിക്കുവെണ്ടി ഇടവിടാതെ ഹ്ന്നപൊലെ അപെക്ഷിക്കുമെന്നു ശരണപ്പെട്ടിരിക്കുന്നു. ബങ്കളാവു മൂന്നു പെർക്കും പ്രൊക്കുദൊരി വശം വാഴ്വ. നിങ്ങക്കൊ? ആയിരം ആയിരം ഹ്ലൊവർക്കും തിരിച്ച് തിരിച്ച്–

ഫാ. ലെയോപ്പോൾഡ്
(ഒപ്പ്)

---

റവ. ഫാ. ലെയോപ്പോൾഡ് വളരെ അധികം സ്നേഹിച്ചിരുന്ന തൻെറ മക്കളായ കന്യാസ്ത്രീകളോടുള്ള തുടിക്കുന്ന സ്നേഹം ഈ വരികളിൽ തെളിഞ്ഞു നില്ക്കുന്നു. ഓരോരുത്തരോടും വ്യക്തിപരമായി അദ്ദേഹം പുലർത്തിയിരുന്ന ബന്ധവും, മഠത്തിൻെറ എല്ലാ വിധത്തിലുള്ള അഭിവൃദ്ധിയിൽ പതിച്ചിരുന്ന ശ്രദ്ധയും ഈ കത്തുകളിൽ നിന്നും മനസ്സിലാക്കാം. റവ. മദർ ഏലീശ്വ മലയാളത്തിലെ ഒന്നാമത്തെ മദർ സുപ്പീരിയർ എന്ന് കത്തു വി/13 – ൽ സാക്ഷിക്കുന്നു.



ലെയോ പതിമൂന്നാമൻ മാർപ്പാപ്പ



കൂനമ്മാവു സന്യാസാശ്രമം.

# അദ്ധ്യായം 9

## പ്രശ്നങ്ങളുടെ കൊടുങ്കാററിൽ

മലബാർ കത്തോലിക്കരുടെ ദീർഘകാലമായ അഭ്യർത്ഥന പരിഗണിച്ചു റീത്തു വിഭജിച്ച്, പുതിയ ഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ പരിശുദ്ധ സിംഹാസനം തീരുമാനം ചെയ്ത ക്രിസ്താബ്ദം 1887–ാം ആണ്ട് കേരള ക്രൈസ്തവ ചരിത്രത്തിൽ പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒരു കാലഘട്ടമത്രെ. പരിശുദ്ധ പിതാവ് ലെയോ പതിമൂന്നാമൻ ആ വിഭജന വിളംബരം പരസ്യപ്പെടുത്തുന്നതുവരെ മലയാളത്തിലെ കത്തോലിക്കരുടെമേലുള്ള ആദ്ധ്യാത്മികാധികാരം വരാപ്പുഴയിൽ താമസിച്ചിരുന്ന മലയാളത്തിൻെറ വികാരി അപ്പസ്തോലിക്കയിൽ നിക്ഷിപ്തമായിരുന്നു. ലത്തീൻ, സുറിയാനി എന്നീ ഇരു റീത്തുകളിലെ അംഗങ്ങൾ ഏകോപിച്ച് ഒരു തലവൻെറ കീഴിൽ ആയിരുന്നു.

എന്നാൽ 1887 മേയ് മാസത്തിൽ തിരു സിംഹാസനത്തിൽ നിന്നും പുറപ്പെട്ട കൽപ്പനപ്രകാരം സുറിയാനി റീത്തുകാരായ ജനങ്ങളും അവരുടെ പള്ളികളും വരാപ്പുഴ മെത്രാപ്പോലീത്തായുടെ അധികാരത്തിൽ നിന്നും വേർതിരിക്കപ്പെട്ടു. സുറിയാനിക്കാർക്ക് വരാപ്പുഴ അതിരൂപതയുടെ ആദ്ധ്യാത്മികാധികാര

ത്തിൻ കീഴ് കോട്ടയം, തൃശ്ശൂർ എന്നീ രണ്ടു വികാരിയാത്തുകൾ പ്രത്യേകം ഏർപ്പെടുത്തി. കോട്ടയത്തേക്ക് നി.വ.ദിവ്യശ്രീ കാർലോസ് ലവീഞ്ഞു എന്ന മെത്രാനെയും തൃശ്ശൂർ രൂപതയ്ക്ക് നി.വ.ദിവ്യശ്രീ എഡോൾഫ് എഡ്വിൻ മെഡലിക്കോട്ട് മെത്രാനെയും നിയമിച്ചു.

റീത്തു വിഭജനം അതിർത്തി നിർണ്ണയത്തിൽ എത്തിയതോടെ കൂനമ്മാവ് സെൻറ് ഫിലോമിനാ പള്ളിയും അതോടനുബന്ധിച്ച സന്യാസാശ്രമവും സുറിയാനിക്കാരുടേതാകുന്നു എന്ന് തൃശ്ശൂർ മെത്രാൻ മെഡലിക്കോട് തിരുമനസ്സുകൊണ്ട് അവകാശവാദം പുറപ്പെടുവിച്ചു. കൂനമ്മാവിലെ ലത്തീൻകാരാകട്ടെ അതറിഞ്ഞതോടെ പള്ളിയും ആശ്രമവും തങ്ങളുടേതാണെന്ന് എതിർവാദം നടത്തി. ഒടുവിൽ ഇരുഭാഗക്കാരും അവരവർക്കുള്ള ന്യായങ്ങൾ കാണിച്ച് തിരുസിഹാസനത്തിൻെറ തീരുമാനത്തിന് ഹർജികൾ സമർപ്പിക്കുകയുണ്ടായി. തൽഫലമായി പ്രസ്തുത പള്ളിയും ആശ്രമവും ലത്തീൻ റീത്തുകാർക്കുള്ളതാണെന്നും വരാപ്പുഴ മെത്രാപ്പൊലീത്തായുടെ അധികാരത്തിൽ ലയിക്കേണ്ടതാണെന്നും പരിശുദ്ധ സിംഹാസനം വിധി പ്രസ്താവിച്ചു. പ്രസ്തുത ആശ്രമത്തിലുണ്ടായിരുന്ന സുറിയാനി റീത്തുകാരായ അംഗങ്ങൾ പള്ളിയും ആശ്രമവും ലത്തീൻ റീത്തുകാർക്ക് വിട്ടൊഴിഞ്ഞു കൊടുത്തു.

സെൻറ് തെരേസാ മഠം സ്ഥാപിച്ചതും പണികഴിപ്പിച്ചതുമായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് എല്ലാവർക്കും സുവിദിതമായിരുന്നതിനാൽ അതിനെപ്പററിയാതൊരു വിവാദവും പ്രത്യക്ഷത്തിൽ നടക്കുന്നതായി ആരും സംശയിച്ചിരുന്നില്ല. എങ്കിലും മഠത്തിൻെറ അധികാരാവകാശ

ങ്ങളെ തീർച്ചപ്പെടുത്താൻ ഈ അവസരത്തിൽ ഒന്നിലധികം ഭരണാധികാരികൾ തിരുസിംഹാസനത്തെ ശരണം ഗമിച്ചിരുന്നുവെന്ന് രേഖകൾ കാണുന്നുണ്ട്. 1889–ൽ അന്നത്തെ ദലഗാദ് അപ്പസ്തോലിക്കയായിരുന്ന മോൺസിഞ്ഞോർ അയൂത്തി തിരുമനസ്സിലെ ആവശ്യാനുസരണം ലെയോനാദ്ദ് മെത്രാപ്പൊലീത്ത ഒരു പ്രസ്താവന സമർപ്പിക്കുകയുണ്ടായി. അതിലെ പ്രധാന വാദമുഖങ്ങൾ താഴെ കൊടുക്കുന്നു.

1. തന്റെ മുൻഗാമിയായിരുന്ന ബർണഡിനോസ് മെത്രാപ്പൊലീത്തയാണ് ഈ മഠം സ്ഥാപിച്ചത്.

2. അതിന്റെ ആദിമപ്രവർത്തകരും അംഗങ്ങളും സഹോദരിമാരായ ഏലീശ്വ, ത്രേസ്യ, അന്ന എന്നീ ലത്തീൻ റീത്തുകാരികളായിരുന്നു.

3. ഇവരുടെ തനതു വക 10,000 ഉറുപ്പിക വിലയുള്ള ഭുസ്വത്തുക്കളായിരുന്നു ഈ സ്ഥാപനത്തിന്റെ മൂലധനം.

4. ഈ സ്ഥാപനം സുറിയാനി റീത്തിൽപ്പെട്ട ഭക്ത വനിതകൾക്ക് ഉപകാരപ്രദമാകണമെന്ന് തനിക്ക് ആഗ്രഹമുണ്ടായിരുന്നതിനാൽ ബർണഡിനോസ് മെത്രാപ്പൊലീത്ത ആ റീത്തിൽപ്പെട്ടവരെയും അതിലെ അംഗങ്ങളായി സ്വീകരിക്കുകയും താനും അതിനെ പിൻതുടരുകയും അനുകരിക്കുകയും ചെയ്തു പോന്നു.

5. അങ്ങനെ സുറിയാനി റീത്തുകാരെയും കൂട്ടിച്ചേർത്തിരുന്നതുകൊണ്ട് പ്രസ്തുത സ്ഥാപനം ലത്തീൻ

റീത്തുകാരുടേതല്ലെന്ന് വരുമെന്ന് ഒരു കാലത്തും താനോ തൻെറ മുൻഗാമിയോ സ്വപ്നേപി വിചാരിച്ചിരുന്നില്ല.

6. പുതിയ മഠം പണിയിപ്പിക്കുന്ന വകയ്ക്ക് തൻെറ മുൻഗാമി 8100 ഉറുപ്പിക കൈയ്യിനാൽ ചെലവ് ചെയ്തിട്ടുണ്ട്. അതു മാത്രമല്ല പുതിയ മഠം സ്ഥിതി ചെയ്യുന്ന ഭൂമി ഏലീശ്വ മുതലായ ലത്തീൻ സഹോദരികളുടെ പണം കൊണ്ട് വാങ്ങിച്ചതുമാണ്.

7. മഠത്തോട് ചേർന്ന അനാഥശാലയും പള്ളിക്കൂടവും താൻ കൈയ്യിനാൽ ചെലവു ചെയ്തു ഉണ്ടാക്കിയിട്ടുള്ളവയാണ്.

8. മേൽവിവരിച്ചിരിക്കുന്നതും അനിഷേധ്യവുമായ കാരണങ്ങളൊക്കെ ഉണ്ടായിട്ടും ആ സ്ഥാപനം സുറിയാനി റീത്തുകാരുടേതാണെന്ന് തീരുമാനിക്കുന്നതായാൽ അതിൽപ്പരം ഒരനീതി ഉണ്ടാകാനില്ലെന്നു മാത്രമല്ല, കൂനമ്മാവ് പള്ളിയേയും ആശ്രമത്തേയും സംബന്ധിച്ചുണ്ടായ പ്രക്ഷോഭണത്തെ കവിഞ്ഞതായ ഒരു ലഹള സ്ഥലത്തുണ്ടാകാനെളുപ്പമുണ്ട്.

സ്ഥിതിഗതികളിങ്ങനെയിരിക്കെ 1890 സെപ്റ്റംബർ 11–നു തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സിലെ പെ.ബ.വികാരി ജനറൽ, പുത്തൻ പള്ളി സെമിനാരി റെക്ററർ പെ. ബ. ബൊനിഫസ് മൂപ്പൻ പാദ്രി ഒരുമിച്ച് മഠത്തിലാഗതനായി പരിശുദ്ധസിംഹാസനത്തിൽ നിന്നും മഠത്തെ സംബന്ധിച്ച് 1890 ഏപ്രിൽ 18നു പുറപ്പെടുവിച്ച കല്പ്പന പരസ്യപ്പെടുത്തുകയാണുണ്ടായത്. ആ തീരുമാനം, കൂനമ്മാവ്

സെൻറ് തെരേസ്യ കന്യാകാമഠം വരാപ്പുഴ മെത്രാപ്പോലീത്തയിൽനിന്ന് വേർപെടുത്തി തൃശ്ശൂർ മെത്രാനച്ചൻ അവർകളുടെ ഭരണ സീമയിൽ ചേർത്തിരിക്കുന്നു എന്നുള്ളതായിരുന്നു.

പക്ഷെ, ഇരുറീത്തുകളിൽ നിന്നുമുള്ള അർത്ഥിനികളെ സ്വീകരിക്കുന്നതിലോ, ഓഫീസ്, പ്രാർത്ഥന, വായന മുതലായവ നടത്തുന്ന ഭാഷയിലോ അതിനോടനുബന്ധിച്ച സ്കൂളുകളുടെയും അനാഥശാലയുടെയും ഘടനകളിലോ യാതൊരു ഭേദഗതിയും വരുത്തിക്കൂടയെന്നും അതിൽ അനുശാസിച്ചിട്ടുണ്ടായിരുന്നു.

പ്രസ്തുത കല്പന പുറപ്പെട്ട ശേഷം തൃശ്ശൂർ വികാരി ജനറൽ, സെമിനാരി റെക്ററർ എന്നിവർ മഠം സന്ദർശിക്കുന്നതിനു മുമ്പ് മഠത്തിലെ അംഗങ്ങൾ അറിയാതെ നടന്ന ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തിരുസംഘത്തിലെ കല്പനയെ സംബന്ധിച്ച് നി. വ. ലെയോനാർദ്ദ് മെല്ലാനോ മെത്രാപ്പോലീത്ത സംഗതികളുടെ സൂക്ഷ്മവിവരം കാണിച്ചും മേലിൽ കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രതിവിധി ചൂണ്ടികാണിച്ചും സുദീർഘമായി തിരുസംഘത്തിലേക്ക് എഴുതി അയയ്ക്കുകയുണ്ടായി. സ്ഥാപനങ്ങളുടെ ഉടമസ്ഥതയെപ്പററി 1889—ൽ അദ്ദേഹം ദെലഗാദ് അപ്പസ്തോലിക്കയ്ക്ക് സമർപ്പിച്ച പ്രസ്താവനയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രതിവിധികളുടെ സാരം താഴെ ചേർക്കുന്നതാണ്:

"എന്നാൽ ഇപ്പോൾ കടം കൊണ്ടെങ്കിലും ലത്തീൻ സഹോദരികൾക്കുവേണ്ടി അത് (വരാപ്പുഴ മഠം) പൂർത്തി

യാക്കാതെ എനിക്ക് ഗത്യന്തരമില്ല. കൂനമ്മാവ് മഠത്തിൻെറ സ്ഥാപകകളായ മൂന്നുപേരിൽ ഒരാറം മരിച്ചിരിക്കുന്നു. ഇക്കണ്ടകാലമത്രയും അതിൻെറ ശ്രേഷ്ഠത്തികളായിരുന്നത്, സ്ഥാപകകളിൽ ശേഷം ജീവിച്ചിരുന്നവരിരുവരും മാത്ര മായിരുന്നു..... മേലാൽ അവിടെ ജീവിക്കുന്നത് അവർക്ക് അശക്യമായി തീർന്നിരിക്കുന്നതിനാൽ അവരെ വേഗം വരാപ്പുഴയ്ക്ക് വിളിക്കണമെന്ന് അവർ എന്നോട് മുട്ടിച്ച് അപേക്ഷിക്കുന്നു.........''

"വരാപ്പുഴ വന്ന് അവരുടെ സ്ഥാപനം ഉറപ്പിക്കുന്നതിനു വേണ്ട അനുമതി നൽകണമെന്ന് ഞാൻ അങ്ങയോട് തീക്ഷ്ണമായി അപേക്ഷിക്കുന്നു''.

ലത്തീൻ സഹോദരികറം കൂനമ്മാവ് മഠം വിട്ടു പോകുന്നതിന് അനുവദിച്ചതായിട്ടാണ് പിന്നീട് കാണുന്നത്. അതുകൊണ്ടായിരിക്കണം തൃശ്ശൂർ വികാരി ജനറാളും സെമിനാരി റെക്ററും സെപ്റ്റംബർ 11—ാനു മഠത്തിൽ ചെന്ന് തിരുസംഘത്തിലെ ആദ്യകല്പന വായിച്ചത്. ഇരുറീത്തുകാരും തമ്മിൽ പിരിയുന്നതിനുള്ള വ്യവസ്ഥകറം ലെയോനാർദ്ദ് മെല്ലാനൊ മെത്രാപ്പൊലീത്തയും മെഡലി ക്കോട്ടു മെത്രാനും സെപ്റ്റംബർ 15—ാംനു മഞ്ഞുമ്മൽ വച്ച് ഒത്തെഴുതി ഒപ്പിട്ട് ദെലഗാദ് അപ്പസ്തോലിക്ക തിരുമന സ്സിലേക്ക് സമർപ്പിച്ചു. അതിൻമേൽ സെപററ്ബർ 20— ാംനു ഊട്ടക്കമെണ്ടിൽ നിന്നും ദെലഗാദ് അയച്ച കല്പനയാണ് ഇരു റീത്തുകാരേയും പരിഛേദം വേർപെടുത്തിയത്.

സെപ്റ്റംബർ 15—ാം തീയതിയിലെ ഉടമ്പടി അനു

സരിച്ച്, ഡോക്ടർ മെഡലിക്കോട്ട് തിരുമനസ്സുകൊണ്ട് സെപ്ററംബർ 16—നു മഠത്തിൽ വരികയും ഭരണവാഹികളിൽ ചില മാററങ്ങാം വരുത്തുകയും ചെയ്തു. അനാഥശാല ഗുരുനാഥയായി അതിൻെറ മേൽനോട്ടം വഹിച്ചിരുന്ന ലത്തീൻകാരിയായ അനസ്താസിയ എന്ന സഹോദരിയെ ആ ജോലിയിൽ നിന്നും നീക്കം ചെയ്തു. മദർ ത്രേസ്യയെ സുപ്പീരിയർ സ്ഥാനത്തു നിന്നും നീക്കി. സഹോദരി കത്രീനയെ മദർ സുപ്പീരിയർ ആയി നിയമിച്ചു. സ. ഏലീശ്വ, സ. ആഞ്ചല, സ. ബിയാററസ്, എന്നിവരെയും അവരുടെ ജോലികളിൽ നിന്നും മാററി. ഇത്രയും കാര്യങ്ങാം നടന്നു കഴിഞ്ഞപ്പോാം തങ്ങളുടെ പ്രാർത്ഥനകളുടെയും പരിശ്രമത്തിൻെറയും ഫലമായി കേരളത്തിലെ ഏതദ്ദേശീയ വനിതകാം കന്യാസ്ത്രീകളാകുക എന്ന് കേട്ടുകോംവിപോലും ഇല്ലാതിരുന്ന അക്കാലത്ത് സ്വഭവനത്തിൽ ഉത്ഭവിച്ചു കൂനമ്മാവ് സെൻറ് തെരേസ്യ മഠമായി വികസിച്ചു വളർന്നു വന്ന ആ മാതൃഭവനത്തിൽ നിന്നും അതിൻെറ സ്ഥാപക കളായ തങ്ങാം ഇറങ്ങിപ്പോകുവാൻ ഇടവരുന്നല്ലോ എന്ന ഓർമ്മ അവർക്ക് ഹൃദയഭേദകമായിത്തീർന്നു.

പിറേറദിവസം കാലത്ത് കല്പ്പനാനുസരണം ശേഷം സഹോദരികളോട് യാത്രപറഞ്ഞു ലത്തീൻ സഹോദരികാം കെട്ടും ചുമടുമായി പുറത്തിറങ്ങി. അത്ഭുത പരവശരും അനുകമ്പാർദ്രരുമായ ഒരു കൂട്ടം ജനം അവരെ അനുഗമിച്ചു. ചിരപരിചിതമായ ആ മാതൃഭവനത്തോട് യാത്ര പറഞ്ഞശേഷം അവർ നേരെ പള്ളിയിൽ പ്രവേശിച്ച് തങ്ങളുടെ ദിവ്യ മണവാളനെ ആരാധിച്ചു. സെൻറ് ഫിലോമിനാ പള്ളിയുടെ സഹ വികാരിമാരായിരുന്ന പള്ളത്തു ബ. മാനുവൽ

ദെക്കോസ്ത, ജോസഫ് ദെ പാവും, ഡോമിനിക് ഡി. റഎഫേസ്, മഞ്ഞുമ്മൽ ആശ്രമത്തിലെ പ്രിയോർ ബ. മിഖേൽ ആ സാക്ര ഫമിലിയ, മാസ്ഥാപകകളായ റഏലീശ്വ, ത്രേസ്യ, റഎന്നിവരുടെ സ്വന്ത സഹോദരൻ ബ. ളൂയീസ് ആ സാന്ത മരിയ റഎന്നീ വന്ദ്യവൈദികർ അവരെ സ്വീകരിക്കുകയും ലെയോനാർദ്ദ് മെത്രാപ്പൊലീത്തായുടെ നിർദ്ദേശാനുസരണം റഎറണാകുളത്ത് ആരംഭിച്ചിട്ട് അധികം കഴിയാതിരുന്ന സെൻറ് തെരേസാ മഠത്തിലെ ഒരു ചെറിയ കെട്ടിടത്തിൽ താമസിക്കുന്നതിന് അവരെ യാത്രയാക്കുകയും ചെയ്തു.

റഎറണാകുളത്ത് റഎത്തിയപ്പോഠം കാന്തിദിയൂസ് മൂപ്പൻ പാദ്രിയും മഠാധിപയായിരുന്ന ബഹു. ത്രേസ്യാമ്മയും അവരെ സസന്തോഷം സ്വീകരിച്ചു. അന്നു മുതൽ പ്രസ്തുത കന്യകകഠം വരാപ്പുഴയിൽ മെത്രാപ്പൊലീത്താ തിരുമനസ്സു കൊണ്ട് അവർക്കായി പണിയിപ്പിച്ചുകൊണ്ടുരുന്ന മഠത്തിൽ വന്നു താമസിക്കുന്നതുവരെ രണ്ടു മാസം തികച്ചും അവിടെ താമസിക്കുകയാണുണ്ടായത്. ഇക്കാലത്തെല്ലാം സെൻറ് തെരേസ്യാ മഠാധിപ പ്രദർശിപ്പിച്ച മഹാമനസ്ക്കതെയും ഔദാര്യവും മറക്കാനാവില്ല.

കേരളീയ ക.ദി.മൂ.സ. സഭയുടെ മാതൃഭവനം അതിൻെറ സ്ഥാപകരായ സഹോദരികളിൽ നിന്ന് റഎടുക്കുവാനും അവർ അതിൽ നിന്ന് പുറത്തിറങ്ങുവാനും ഇടയാക്കിയ സാഹചര്യങ്ങളും കല്പനകളും വളരെ രഹസ്യമായിട്ടാണ് അധികൃതർ സൂക്ഷിച്ചിരുന്നത്. സെൻറ് ഫിലോമിന പള്ളിയും ആശ്രമവും സംബന്ധിച്ചുണ്ടായ ബഹളങ്ങഠം ഇക്കാര്യത്തിലും ആവർത്തിക്കപ്പെടാതിരിക്കാൻ റഎടുത്ത ഒരു മുൻകരുതൽ

M/209.2
PRA



എന്നാണ് പിന്നീട് ഇതിനെപ്പററി അറിയുവാൻ ഇടയായിട്ടുള്ളത്.

ഈ മഠത്തെ സംബന്ധിച്ചുള്ള അധികാരാവകാശ വാദവും അനന്തര കൈമാററവും അത്യന്തം ഗൗരവതരവും ക്ഷോഭജനകവും ആയിരുന്നിട്ടും അവയെ നിശ്ശബ്ദമായും ക്രിസ്തീയാരൂപിയിലും കൈകാര്യം ചെയ്തതിൽ ലെയോനാർദ്ദ് മെത്രാപ്പൊലീത്ത പ്രദർശിപ്പിച്ച ദീർഘാലോചനയേയും നയചാതുരിയേയും പ്രശംസിച്ച് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് ഒരു അനുമോദന സന്ദേശം അദ്ദേഹത്തിന് ലഭിക്കുകയും ഉണ്ടായി എന്നുള്ള വസ്തുത ഈ ഘട്ടത്തിൽ സ്മരണീയമാണ്.

സഹനത്തിൻെറ ഉലയിൽ മിന്നിത്തെളിഞ്ഞ അഭൗമ രത്നമായിരുന്നു മദർ ഏലീശ്വ. താരുണ്യത്തിലെ വൈധവ്യം, സ്വപുത്രിയുടെ അവകാശം കൈക്കലാക്കാൻ ഭർതൃസഹോദരൻമാർ പരിശ്രമിച്ചത്, വളരെക്കാലം നീണ്ട ആത്മീയവും മാനസികവുമായ പരീക്ഷണങ്ങൾ, നവീന സഭയുടെ ബാലപീഡകൾ, തൻെറ മകളുടെ അകാല നിര്യാണം, അനുജത്തിയുടെ തളർവാതം, താൻ മക്കളെപ്പോലെ സ്നേഹിച്ച് പരിചരിച്ച സ്വസന്യാസിനികളിൽ നിന്നും അനുഭവപ്പെട്ട കൈപ്പേറിയ അനുഭവങ്ങൾ, എല്ലാററിലും ഉപരി തൻെറ സ്വത്തുക്കളും ലത്തീൻ സമുദായത്തിൻെറ സ്വത്തുക്കളും ഉപേക്ഷിച്ച് ചോരയും നീരും നൽകി ഊട്ടിവളർത്തിയ സെൻറ് തെരേസാസ് മഠത്തിൽ നിന്നും റീത്തു വിഭജനത്തെ തുടർന്ന് സർവ്വസംഗ പരിത്യാഗിയായി ഇറങ്ങിപ്പോന്നത്, ഒരു സ്ഥാപകയുടെ എല്ലാ വേദനകളും

യാതനകളും പേറിക്കൊണ്ട് കൂടെപ്പോന്ന സഭാംഗങ്ങാംക്ക് ആശ്വാസം പകർന്നത്; ഇങ്ങനെ പോകുന്നു സഹനത്തിൻെറ നീണ്ട പട്ടിക. ഏലീശ്വാമ്മയുടെ മനസ്സിനെ കഠിനമായി വേദനിപ്പിച്ച പ്രതിബന്ധങ്ങളെ എങ്ങനെ തരണം ചെയ്തുവെന്ന് സൂക്ഷ്മവിശകലനം ചെയ്തു ചിന്തിക്കുമ്പോാം മാത്രമെ ആ ത്യാഗിനിയുടെ ജീവിതം പെസഹാ രഹസ്യത്തിൻെറ നീണ്ട ആവർത്തനമായിരുന്നു വെന്ന് കാണുവാൻ കഴിയൂ. ദിവ്യകാരുണ്യനാഥനിൽ നിന്ന് കൂടെക്കൂടെ ലഭിച്ചിരുന്ന ആശ്വാസവും പരിശുദ്ധ അമ്മയിലൂടെ ലഭിച്ച പരിലാളനയുമാണ് ഈ ധന്യയെ ധീരതയോടെ മുന്നേറാൻ സഹായിച്ചത്.

റീത്തു വിഭജനത്തിനു മുമ്പുതന്നെ മദർ ത്രേസ്യയുടെ കാലത്ത് 1888—ൽ ആരംഭിച്ച മറെറാരു മഠം മുത്തോലിയിൽ ഉണ്ടായിരുന്നു. രണ്ടു മഠങ്ങളും സുറിയാനി റീത്തിൽപ്പെട്ട സഹോദരികാംക്ക് വിട്ടുകൊടുത്തത് കൂനമ്മാവിൽ ഉള്ള ലത്തീൻ കത്തോലിക്കർ അറിഞ്ഞ് പ്രശ്നങ്ങാം സങ്കീർണ്ണമാകാതിരിക്കത്തക്കവിധത്തിൽ ആഴമായ ക്ഷമയുടെയും സഹനത്തിൻെറയും മാതൃക നൽകിക്കൊണ്ട് ദൈവപരിപാലനയിൽ ആശ്രയിച്ച് സുധീരം മറെറാരു സഭക്കാരുടെ ഒരു കൊച്ചു വീട്ടിൽ താമസിക്കാൻ സ്വസഹോദരികളുമായി വെറുംകയ്യോടെ ഇറങ്ങിപ്പോരാൻ പരിത്യക്തതയുടെ പാരമ്യതയിലെത്തിയ ഒരു സന്യാസാത്മാവിനു മാത്രമെ സാധിക്കുകയുള്ളു. റീത്തു വിഭജനത്തെ തുടർന്ന് തൃശ്ശൂർ മെഡ്ലിലക്കോട്ട് മെത്രാൻ കൂനമ്മാവ് മഠത്തിൽ വന്ന് മഠാധിപ സ്ഥാനവും മററു ജോലികളും സിറിയൻ സഹോദരിമാരെ ഏൽപ്പിച്ചതുമുതൽ, അതായത് ഈശോയുടെ കത്രീന പുതിയ ശ്രേഷ്ഠത്തി ആയപ്പോാം

തുടങ്ങി മദർഏലീശ്വ സഹനത്തിൻെറ കാസ അതിൻെറ മട്ടുവരെ ഊററി കുടിക്കുകയായിരുന്നു. സ്വസഹോദരനായ മഞ്ഞുമ്മൽ കർമ്മലീത്ത ആശ്രമാംഗം ബ. ളൂയിസ് ററി. ഒ. സി. ഡി. വിഷമിച്ചു കഴിയുന്ന തൻെറ സഹോദരികളെ ഒന്ന് ആശ്വസിപ്പിക്കുവാൻ കൂനമ്മാവ് മഠത്തിലെത്തിയപ്പോ൦ സന്ദർശനത്തിന് അനുവാദം നിഷേധിക്കപ്പെട്ടു. പരി. അമ്മയെപ്പോലെ വ്യാകുലങ്ങളുടെ നടുവിലൂടെ യേശുവിനോടൊപ്പം അവ൦ കാൽവരി കയറി. എല്ലാ പ്രതിസന്ധികളിലും അവ൦ സമചിത്തതയുള്ളവളായി കാണപ്പെട്ടു.

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നു. അവിടുന്നു മുൻകൂട്ടി അറിഞ്ഞവരെ തൻെറ പുത്രൻെറ സാദൃശ്യത്തോട് അനുരൂപരാക്കുവാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇത് തൻെറ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനുവേണ്ടിയാണ്. താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്ന് വിളിച്ചു. വിളിച്ചവരെ നീതീകരിച്ചു. നീതീകരിച്ചവരെ മഹത്വപ്പെടുത്തി" (റോമ. 8:–28–30).

# റീത്തുവിഭജനത്തെ സംബന്ധിച്ച ഔദ്യോഗിക കത്തുകളുടെ തർജ്ജിമ പകർപ്പ്

1. പ്രൊപ്പഗാന്ത തിരുസംഘം
കിഴക്കൻ റീത്തുകാര്യങ്ങളെപ്പററി
1514/89

റോമ
1890 ഏപ്രിൽ 18—ാംനു

വന്ദ്യ തിരുമേനി!

ഞാൻ അറിഞ്ഞകാര്യം അവിടുത്തെ അറിയിച്ചുകൊള്ളട്ടെ. കൂനമ്മാവു മഠത്തിലെ മൂന്നാം സഭ സഹോദരികളുടെ വക മഠത്തിൻമേലുള്ള അധികാരം ആർക്കാണെന്നു നിശ്ചയിക്കുവാൻ മാർച്ച് 24—ാം തീയതി എന്റെ സഹപ്രവർത്തകന്മാരുടെ പൊതു സമ്മേളനം വിളിച്ചു കൂട്ടിയതിൽ പ്രസ്തുത മഠത്തിൻമേലും അതിനോടനുബന്ധിച്ചുള്ള സ്കൂളുകളിൻമേലും അനാഥശാലയിൻമേലും ഉള്ള അധികാരം തൃശ്ശിവപേരൂര് വികാരി അപ്പോസ്തോലിക്കായ്ക്കാണെന്ന് അവർ തീർച്ചയാക്കിയിരുന്നു. അത്രമാത്രമല്ല ഇരുറീത്തുകളിൽ നിന്നുള്ള അർത്ഥിനികളെ സ്വീകരിക്കുന്നതിലോ ഓപ്പീസ്, പ്രാർത്ഥന, വായന മുതലായവ നടത്തുന്ന ഭാഷയിലോ ഈ സഭയുടെയും അതിനോടനുബന്ധിച്ച സ്കൂളുകളുടെയും അനാഥശാലകളുടെയും ഘടനകളിലോ യാതൊരു ഭേദഗതിയും വരുത്തിക്കൂടെന്നും അവർ തീർച്ചയാക്കിയിട്ടുണ്ട്. ആ മഠത്തിലെ സഹോദരികളിൽ ആരെയെങ്കിലും തൃശ്ശിവപേരൂർ വികാരി അപ്പോസ്തലിക്കയുടെ അനുമതിയോടുകൂടി

അന്യവികാരിയാത്തുകളിലോ രൂപതകളിലോ പോയി പുതിയ ഭവനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ മഠം വിട്ടുപോകുന്നതായാൽ അതിനായി പ്രത്യേക നടപടികൾ നിശ്ചയിക്കുന്നതാണ്. ഈ മാസം 14–ാനു പരിശുദ്ധ പിതാവ്, തിരുസംഘത്തിന്റെ ഈ നിശ്ചയങ്ങളെ അംഗീകരിച്ച് സ്ഥിരപ്പെടുത്തിയും ഇരിക്കുന്നു.

കീഴ്ക്കടെ എന്നപോലെ അവിടുന്നു തിരുസംഘത്തിന്റെ പ്രസ്തുത കല്പനകളെ നിർവിഘ്നം അനുസരിച്ചു നടന്നുകൊള്ളുമെന്നുള്ള കാര്യത്തിൽ സംശയം എനിക്ക് അശേഷം ഇല്ല. അങ്ങേയ്ക്ക് സർവ്വേശ്വരൻ ദീർഘായുസ്സും മംഗളങ്ങളും നൽകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന് വിധേയൻ
കർദ്ദിനാൾ ജിയോവാനി, സിമെയോനി,
പ്രിഫെക്ട്
ദാമിയാത്ത മെത്രാപ്പൊലീത്ത
+ ഇഗ്നാസിയോ
സെക്രട്ടറി

---

കിഴക്കെ ഇൻഡ്യയുടെ അപ്പോസ്തലിക്ക
ഡെലിഗേഷൻ
നമ്പർ 2136

ഡെലിഗെററ് അപ്പോസ്തലിക്ക മോൺ. അയൂത്തി തിരുമനസ്സിലെ ഉപദേശാനുസരണം കൂനമ്മാവുങ്കലെ മൂന്നം സഭാ സഹോദരികളുടെ മഠത്തിൽ നിന്നും ലത്തീൻ

റീത്തിൽപ്പെട്ട സഹോദരികളുടെ സ്ഥലമാററം സംബന്ധിച്ച് ഞങ്ങാം താഴെപ്പറയുന്ന കാര്യങ്ങളിൽ യോജിക്കുന്നു.

1. മഠം വിട്ടു പോരുന്ന ലത്തീൻ സഹോദരികാം തങ്ങാം ഉപയോഗിച്ചുവരുന്ന സഭാവസ്ത്രങ്ങളും, തനതു ഉപയോഗത്തിനായി തങ്ങളുടെ മുറിയിൽ വച്ചിരിക്കുന്ന കട്ടിലുകളും മററു സാധനങ്ങളും കൂടെ കൊണ്ടു പോകുന്നതിന് തൃശ്ശൂർ വികാരി അപ്പോസ്തലിക്ക സർവ്വാത്മനാ സമ്മതിക്കുന്നു.

2. 'ആ മഠത്തിലെ സഹോദരികളിൽ ആരെങ്കിലും തൃശ്ശിവപേരൂർ വികാരി അപ്പോസ്തലിക്കയുടെ അനുമതി യോടുകൂടി അന്യവികാരിയാത്തുകളിലോ രൂപതകളിലോ പോയി പുതിയ ഭവനങ്ങാം നടത്തുന്നതിനുവേണ്ടി മഠം വിട്ടു പോകുന്നതായാൽ അതിനായി പ്രത്യേകം നടപടികാം നിശ്ചയിക്കുന്നതാണ്'' എന്നു 1890 മാർച്ച് 24–ാംനു തിരുസിംഹാസനത്തിൽ നിന്നുമുണ്ടായിരിക്കുന്ന കല്പന. സ്ത്രീധനത്തെ സംബന്ധിച്ചിടത്തോളം തൻെറ അധികാര ത്തെ പരിമിതമാക്കുന്നുവെന്ന് വികാരി അപ്പസ്തോലിക്ക വ്യാഖ്യാനിക്കുന്നു. എന്നിരുന്നാലും ആ കാര്യത്തെ സംബന്ധിച്ച് തിരുസിംഹാസനത്തിൽ നിന്ന് എന്തു കൽപ്പന ഉണ്ടായാലും അതു സ്വീകരിക്കുവാൻ സന്നദ്ധനാണെന്ന് അദ്ദേഹം പറയുന്നു.

3. കൂനമ്മാവു മഠത്തിലെ ലത്തീൻ സഹോദരികളുടെ ആ വ്രത ജീവിതത്തിന് യാതൊരു വിധത്തിലും ഭംഗം വരാത്ത നിലയിൽ ആ മഠത്തിൽ നിന്നും മേലാൽ താമസം കൂടാതെ വിട്ടുപിരിഞ്ഞ് പോരുന്നതിന് വരാപ്പുഴ മെത്രാപ്പോലീത്തായും

മേൽപ്പറഞ്ഞ വികാരി അപ്പസ്തോലിക്കയും ആയ രണ്ടു മേലദ്ധ്യക്ഷൻമാരും സമ്മതിച്ച് താഴെ ഒപ്പിട്ടിരിക്കുന്നു.

(ഒപ്പ്) വരാപ്പുഴ മെത്രാപ്പൊലീത്ത
ലെയനൊർദ്ദ മെല്ലാനൊ
(ഒപ്പ്)ത്രികോമിയ എന്ന ദിക്കിൻെറ
മെത്രാനും, ത്രിശ്ശിവപേരൂർ
വികാരി അപ്പസ്തോലിക്കയുമായ
എ. മെഡിലിക്കോട്ട്

മഞ്ഞുമ്മൽ
1890 സെപ്ററംബർ 15—ാംനു

---

3..

ഊട്ടക്കമെണ്ട്
അപ്പസ്തോലിക്ക ഡെലിഗേഷൻ

വരാപ്പുഴ മെത്രാപ്പോലീത്തയായ മോൺ. ലെയോനോർദ്ദൊ മെലാനൊയും, ത്രികോമിയ എന്ന ദിക്കിൻെറ മെത്രാനും, തൃശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കയുമായ മോൺ. എഡോൾഫ് എഡ്വിൻ മെഡിലിക്കോട്ടും തമ്മിൽ നടത്തിയിരിക്കുന്ന ഈ ഉടമ്പടി അപ്പസ്തോലികമായി നമുക്കു സിദ്ധിച്ചിരിക്കുന്ന അധികാരത്തിനാൽ നാം സ്വീകരിക്കുകയും അനുവദിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. അത്രമാത്രമല്ല കാര്യങ്ങളുടെ പല വശങ്ങളും നല്ലവണ്ണം ആലോചിച്ചതിൻെറ ശേഷം ആ കന്യകാ മഠത്തിൽ നിന്നു വിട്ടുപോകുന്ന ലത്തീൻ സഹോദരികൾ വരാപ്പുഴ

മത്തിലേയ്ക്ക് സ്വയമേവ മാറിപ്പോകുന്നതിന് നാം അനുവദിക്കുകയും ഒഴുച്ചുകൂടാത്ത തായി താഴെ വിവരിക്കുന്ന നിശ്ചയത്തിൻമേൽ അവർ ഓരോരുത്തർക്കുമുള്ള സ്ത്രീധനം കൂടെ കൊണ്ടുപോകുന്നതിനും നാം അനുവദിക്കുകയും ചെയ്യുന്നു. നിശ്ചയമെന്തെന്നാൽ ഓരോ സഹോദരിമാരും ഈ രണ്ടു പ്രഖ്യാതരായ വൈദികാദ്ധ്യക്ഷന്മാരും സ്ത്രീധനമെന്ന പദത്തിന് സാക്ഷാലും ശരിയായും നൽകിയിരിക്കുന്ന അർത്ഥത്തിൽപ്പെട്ട സാധനങ്ങാം മാത്രമെ സ്ത്രീധനത്തിൽ പെടുകയുള്ളു.

ഇതിനെതിരായി കീഴ്ക്കടെ നിർദ്ധാരണം ചെയ്തിട്ടുള്ളവയെല്ലാം ഇതിനാൽ റദ്ദുചെയ്യുന്നു.

എന്ന്
1890 സെപ്ററംബർ 20—ാംനു

ഉട്ടക്കമെണ്ടിൽ അപ്പസ്തോലിക്ക ഡെലിഗേഷൻ അരമനയിൽ നിന്നും നൽകിയത്

(ഒപ്പ്) ആർക്കിദെമേൻസിസ് എന്ന ദിക്കിൻെറ മെത്രാപ്പോലീത്തയും കിഴക്കെ ഇൻഡ്യയുടെ ദെലഗാദ് അപ്പസ്തോലിക്കയുമായ അന്ത്രെയോസ് അയൂത്തി.



റൈ.റവ.ഡോ. ലെയോനാർദ്ദ് മെലനോ. ഒ.സി.ഡി
മെത്രാപ്പോലീത്ത.



വന്ദ്യ ദിവ്യശ്രീ മർസ്ലീൻ മെത്രാൻ

# അദ്ധ്യായം 10

# വരാപ്പുഴ മസ്ഥാപനം

Fr. LeOnardus Mellano O.C.D
Archepiscopus Verapolitanus

## മസ്ഥാപന ഡിക്രി

ദൈവത്തിൻെറയും ശ്ലീഹായ്ക്കടുത്ത സിംഹാസന ത്തിൻെറയും മനോഗുണത്താൽ വരാപ്പുഴ മെത്രാപ്പോലീത്ത ആകുന്ന നാം ക. ദി. സ. ലെഒനാദദെ സാൻ ലൂവിസ മെല്ലാനൊ.

ദൈവത്തിൻെറ ഏററവും വലിയ സ്തുതിക്കായിട്ടും ആത്മാക്കളുടെ രക്ഷക്കായിട്ടും പെൺപൈതങ്ങളുടെ ആത്മീക വളർത്തലിനായിട്ടും വരാപ്പുഴ തുരുത്തിൽ നമ്മുടെ മെത്രാപ്പൊലീത്താസന പള്ളിക്കു സമീപവും അതിൻെറ തെക്കു ഭാഗത്തിലും ക.ദി. മൂപ്പൻ പാദ്രിമാരുടെ വരാപ്പുഴ വീട്ടുവകയായിരിക്കുന്ന പറമ്പിലും, കത്തോലിക്കാ തിരുസ്സഭയുടെയും നമ്മുടെ സഭയുടെയും പ്രധാന മദ്ധ്യസ്ഥനാകുന്ന മാർ യൗസേപ്പു പുണ്യവാളൻെറ നാമധെയത്തിൽ ലത്തീൻ റീത്തിലെ ക.ദി. മൂന്നാം സഭ. കന്യാസ്ത്രീകളുടെ ആശ്രമം നമ്മുടെ സ്ഥാനത്തൊടുകൂടി യുള്ള അധികാരത്തിൽ നാം സ്ഥാപിക്കുന്നു. അതും കാനോന മുറയ്ക്കു സ്ഥാപിക്കപ്പെട്ടതായി നാം തിരിയപ്പെടുത്തി അറിയിക്കുകയും ചെയ്യുന്നു. ബാവായുടെയും, പുത്രൻെറയും

റൂഹാദക്കൂദശയുടെയും നാമത്തിൽ ആമ്മേൻ.

മഞ്ഞുമ്മലത്തെ നമ്മുടെ അരമനയിൽ നിന്ന്
1890—ാം കാലം വൃശ്ചികമാസം 11 ന്
മർത്തിനൊസു. മെത്ര. മൗദി
എന്ന പുണ്യവാളന്നു പ്രതിഷ്ഠിക്കപ്പെട്ട ദിവസം
പ്രെ.ലെയോനാർദ്ദോ
+ വരാപ്പുഴ മെത്രാപ്പോലീത്ത മെല്ലാനൊ ക.ദി.സ.

കൂനമ്മാവ് മഠം വിട്ടുപോകുന്ന ലത്തീൻ സഹോദരികൾ എറണാകുളത്ത് സെൻറ് തെരേസാ മഠത്തിൻെറ വളപ്പിലുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടത്തിൽ വസിക്കുകയായിരുന്നുവല്ലോ. ഇതിനിടയിൽ വരാപ്പുഴയിൽ ഇവർക്കായി ഒരു മഠം സ്ഥാപിച്ചു.

പ്രസ്തുത കെട്ടിടത്തിൻെറ പണി മുഴുവനാകുന്നതിനു മുമ്പ് അതിൻെറ ഒരു ഭാഗം വാസയോഗ്യമാക്കി. അനന്തരം 1890 നവംബർ 10—ാം തീയതി ഈ സഹോദരികൾ വരാപ്പുഴയ്ക്ക് പോരുവാൻ കൽപ്പനയുണ്ടായി.

ബ. കാന്തിദിയൂസ് മിഷനറി, മെത്രാപ്പൊലീത്താ തിരുമനസ്സിലെ സെക്രട്ടറി റവ. ഫാ. ജൂസെ മെനെസേസ്, (പുത്തൻ പുരയ്ക്കൽ) മഞ്ഞുമ്മൽ ആശ്രമത്തിലെ റവ. ഫാദർ ജോസഫ് സാക്ത മരിയ ററി. ഒ. സി. ഡി., എറണാകുളം മഠത്തിലെ റവ. മദർ തെരെസ എന്നിവർ പ്രസ്തുത ലത്തീൻ സഹോദരിമാരെ വരാപ്പുഴയ്ക്ക് കൊണ്ടു പോന്നു.



സെന്റ് ജോസഫ്സ് പള്ളി
വരാപ്പുഴ



സെൻറ് ജോസഫ്സ് കോൺവെൻറ്
വരാപ്പുഴ

കൂനമ്മാവ് മഠത്തിൽ നിന്ന് കണ്ണുനീർ തൂകിക്കൊണ്ടുള്ള പിൻതിരിവിന് പരിഹാരം തോന്നുമാറ് ഒരു വലിയ ജനസഞ്ചയം പള്ളിക്കടവിൽ എത്തിയിരുന്നു.

വന്ദ്യ ദിവ്യശ്രീ. മർസ്ലീൻ മെത്രാൻ തിരുമേനി, (കൊ അഡ്ജുത്തോർ ബിഷപ്പ്) വന്ദ്യ ദിവ്യശ്രീ ഫിലിപ്പോസ് മിഷനറി തുടങ്ങിയ ഒരു വൈദിക ഗണം, ഒട്ടു വളരെ കൊത്രബീയ അംഗങ്ങളോടു കൂടെ ഈ കന്യകമാർക്ക് സ്വാഗതമരുളി. ഒരു ഘോഷയാത്രയായി അവർ പള്ളിയിൽ പ്രവേശിച്ചു. അവിടെ വച്ച് ദിവ്യശ്രീ മർസ്ലീൻ മെത്രാൻ തിരുമനസ്സുകൊണ്ട് മഠസ്ഥാപനത്തിൻെറ ആവശ്യകത, അതുകൊണ്ടുളവാകുന്ന ഗുണങ്ങൾ, കന്യകാ ജീവിതത്തിൻെറ മാഹാത്മ്യം എന്നിവയെക്കുറിച്ച് ഹൃദയസ്പർശിയായ ഒരു പ്രസംഗം നടത്തി. അനന്തരം വി. കുർബ്ബാനയുടെ ആശിർവ്വാദവും കഴിഞ്ഞ് മഠത്തിൻെറ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുവാൻ പരിശുദ്ധ ദേവമാതാവിൻെറ ലുത്തനിയ പാടിക്കൊണ്ട് പ്രദക്ഷിണമായി പുതിയ മഠത്തിലേക്ക് നീങ്ങി. വി.യൗസ്സേപ്പിൻെറ നാമത്തിലുള്ള ഈ മഠത്തിൻെറ വെഞ്ചരിപ്പു കർമ്മാനന്തരം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു. അതോടെ അന്നത്തെ ചടങ്ങുകൾ അവസാനിച്ചു.

പിറെറ ദിവസം 1890 നവ. 11—ാം തീയതി തിങ്കളാഴ്ച അതിരാവിലെ ആഘോഷമായി ദിവ്യബലിക്കുശേഷം വന്ദ്യ. ദിവ്യശ്രീ. മർസ്ലിൻ മെത്രാൻ, ഫാ. ഫിലിപ്പ് ഒ.സി.ഡി., മഞ്ഞുമ്മൽ ആശ്രമാംഗമായ റവ. ഫാ. ഇസിദൊർററി.ഒ.സി.ഡി. എന്നിവർ ഒരുമിച്ച് മഠത്തിൽ വന്ന് വി. യൗസേപ്പിതാവിൻെറ

നാമത്തിൽ കാനോനികമായി സ്ഥാപിച്ചിരിക്കുന്ന ഈ മഠത്തിന്റെ സ്ഥാപന കല്പ്പന ഒരു ലഘു പ്രസംഗാനന്തരം പരസ്യമായി വായിച്ചു. താഴെപറയുന്നവരായിരുന്നു മഠാംഗങ്ങൾ.

1. സ. ശുദ്ധ. മറിയത്തിന്റെ ഏലീശ്വ
2. സ. ഈശോയുടെ ത്രേസ്യ
3. സ. ശുദ്ധ യൗസേപ്പിന്റെ അനസ്താസ്യ
4. സ. ശുദ്ധ ത്രേസ്യയുടെ ആഞ്ചല
5. സ. ഈശോയുടെ ബിയാററ്റസ്

ഈശോയുടെ ത്രേസ്യ വരാപ്പുഴ മഠത്തിന്റെ പ്രഥമ ശ്രേഷ്ഠയായി നിയമിക്കപ്പെട്ടു. കൂടാതെ കൂനമ്മാവിൽ വടശ്ശേരി മത്തായി മറിയം, തണ്ണിക്കോട്ട് നൊച്ചിപ്പറമ്പിൽ വർക്കി ഏലീശ്വ എന്നീ രണ്ടുപേർ അർത്ഥിനികളായും ഉണ്ടായിരുന്നു.

1868 കന്നിമാസം 5—ാം തിയതി ശനിയാഴ്ച 5.30 മണിക്ക് നി.ദി.ശ്രീ. ബർണ്ണഡിൻ ബച്ചിനേല്ലി ഒ.സി.ഡി. ദിവംഗതനായി. 1877—ൽ റവ.ഫാ. ലെയോപ്പോൾഡ് ഒ.സി.ഡി.യെ ഇററലിയിൽ സഭാ സേവനത്തിനായി തിരിയെ വിളിച്ചു. തന്റെ അസാന്നിദ്ധ്യത്തിൽ നടന്ന ഖേദകരമായ വിഭജനത്തിൽ മനം നൊന്തും ദൈവപരിപാലനയുടെ നിഗൂഢവഴിക്ക് തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിക്കണമെന്ന് ഉപദേശിച്ചു കൊണ്ടും ഫാ. ലെയോപ്പോൾഡ് മർസ്സിൻ മെത്രാപ്പൊലീത്തക്ക് എഴുതിയ കത്തിന്റെ കോപ്പി ഇവിടെ ചേർക്കുന്നു.



റവ.ഫാ. ജോസഫ് റ്റി.ഒ.സിഡ്.
മഞ്ഞുമ്മേൽ ആശ്രമശ്രേഷ്ഠൻ



റവ. മദർ ട്രീസാ
സെൻറ് തെരേസ്യാസ് കോൺവെൻറ് ശ്രേഷ്ഠ
എറണാകുളം



റവ.ഫാ. ഫിലിപ്പ് ഒ.സി.ഡി.
കുമ്പസാരക്കാരൻ



# ഫാ. ലെയോപ്പോൾഡിൻെറ കത്ത്

ഠരം . മ. യ.

ഏ. പെ. ബ. മർസലിനൊസ് മെത്രാനച്ചൻ ബൊധിപ്പാൻ
ഏ. ഏളിമപ്പെട്ട ആഹാ ലെയൊപ്പൊൾദൊ ഏഴുതുന്നത.

ഒരു പ്രാവശ്യം കൂടെ മലയാളത്തിൻെറ രുശി രെസിപ്പാൻ വെണ്ടിയത്രെ ഠരം ഏഴുത്ത നൂറ തെററൊടുകൂടി ഏഴുതുവാൻ നിശ്ചയിച്ചത. ഒ; ഏൻെറ മലയാഴ്മ ഏവിടെപൊയി. ഏല്ലാം മറന്നു. ഒക്കുന്നതുപൊലെ ഏഴുതുന്നു.

കൂനമ്മാവു കന്യാസ്ത്രീ മഠത്തിൽ ഉണ്ടായ മാററങ്ങളും സംഭവങ്ങളും വല്യ ദുഃഖമുള്ളതാകുന്നു. ഇത്ര വല്യ പകർച്ച ഏങ്ങനെ വന്നു? ആ പാവപ്പെട്ട സ. ഏലീശ്വയും, സ. ത്രെസ്യയും ഏങ്ങനെ സഹിച്ചു? ഏൻെറ ഗുണദൊഷങ്ങളും വെലകളും ഏങ്ങനെ ആയിത്തീർന്നു. ദൈവതിരുമനസ്സു ഏല്ലാററിലും നടക്കട്ടെ. വരാപ്പുഴെ കന്യാസ്ത്രീകളെ സഹായിക്കാൻ ഇനിക്കു പാടുണ്ടായിരുന്നെങ്കിൽ വല്യ സന്തൊഷത്തൊടുകൂടെ ചെയ്യായിരുന്നു. ഏന്നാൽ ഇപ്പൊൾ ഒന്നും ചെയ്യാൻ പാടില്ല. അവരുടെ ഏഴുത്തു വായിച്ചപ്പൊൾ വല്യ സന്തൊഷവും വല്യ ദുഃഖവും ഒന്നായി തൊന്നി. ആ ഏഴുത്തു ജെനൊവാ നമ്മുടെ കന്യാസ്ത്രീകൾക്കു കൊടുത്തു. അവര വല്യ സ്നെഹത്തൊടുകൂടെ കൈക്കൊണ്ടു. വരാപ്പുഴെ കന്യാസ്ത്രീകൾക്കൊക്കയും ഏന്നാൽ പ്രത്യേകമായിട്ടു സ.ഏലീശ്വയ്ക്കും സ. ത്രെസ്യയ്ക്കും ആയിരം വാഴ്വുകളെ കൊടുത്തയക്കുന്നു. ഇനിക്കുവെണ്ടി

അവരൊടു അപെക്ഷിക്കുന്നു. ഞാൻ മലയാളം വിട്ട നാൾ മുതൽ ഇന്നുവരെ എല്ലാപ്പൊഴും കുർബാനയിൽ അവർക്കുവെണ്ടി അപെക്ഷിച്ചു.

അച്ചൻ എളിമപ്പെട്ട
ആഹാലെയൊപ്പൊൾദൊ.

1866—ൽ ഇൻഡ്യൻ കത്തോലിക്ക ഹയരാർക്കി സ്ഥാപിച്ച കൂട്ടത്തിൽ വരാപ്പുഴ വികാരിയാത്തിനെ അതിരൂപതയായി ഉയർത്തി. അന്ന് വികാരിയാത്ത് ഭരിച്ചിരുന്ന നി. ദി. ശ്രീ. ലെയൊനാർഡ് മെല്ലാനൊ ഒ. സി. ഡി. അവർകളെ മെത്രാപ്പൊലീത്തയായി ഉയർത്തി. അദ്ദേഹത്തിൻെറ കൊ. അഡ്ജുത്തോർ മെത്രാൻ ദിവ്യശ്രീ. മർസ്സിനോസ് ആയിരുന്നു. ഈ രണ്ടു വന്ദ്യപിതാക്കൻമാരും, വരാപ്പുഴയിലെ കർമ്മലീത്താ യൂറോപ്യൻ മിഷനറി വൈദികരും, മഞ്ഞുമ്മൽ ആശ്രമത്തിലെ ബ. ഫാ. ജോസഫും ആണ് വരാപ്പുഴ സെൻറ് ജോസഫ്സ് കോൺവെൻറിൻെറ ബാലാരിഷ്ടതകളിൽ അകമഴിഞ്ഞ് സഹായിച്ചത് എന്നുള്ള വസ്തുത പ്രത്യേകം നന്ദിപൂർവ്വം സ്മരിക്കുന്നു.



സെൻറ് ജോസഫ്സ് കോൺവെൻറ് എദൂക്കും ദാത്തു (ബോർഡിംഗ്)



സെൻറ് ജോസഫ്സ് കോൺവെൻറ്
അനാഥശാല

# അദ്ധ്യായം 11

## നവസന്യാസിനി ഗുരുനാഥ

വരാപ്പുഴ സെൻറ് ജോസഫ്സ് കോൺവെൻറിൽ ഉണ്ടായിരുന്ന എല്ലാ പരിമിതികളോടും അസൗകര്യങ്ങളോടും, ദൗർബല്യങ്ങളോടും ഇണങ്ങിച്ചേർന്ന് സ.ഏലീശ്വ തൻെറ ശേഷിച്ച ജീവിതം സേവന നിർഭരമായിത്തന്നെ മുന്നോട്ടു നയിച്ചു. മഠത്തോടു അനുബന്ധിച്ചാരംഭിച്ച ബോർഡിംഗി ലുണ്ടായിരുന്ന കുട്ടികളെ വളർത്തുന്ന ഗുരുത്തിയായും, പിന്നീട് അർത്ഥിനികളുണ്ടായ സമയം 1892, ഫെബ്രുവരി മാസം മുതൽ പുതുകന്യാസ്ത്രീകളെ നയിക്കുന്ന ഉപ മഠാധിപയായും നിയമിക്കപ്പെട്ടു. അധികാരികളുടെ ഹിതത്തി നൊത്ത് ശരിയായ ആദ്ധ്യാത്മിക ശിക്ഷണവും രൂപീകരണ വും സന്യാസിനികൾക്കു നൽകുന്നതിൽ ഏലീശ്വാമ്മ അതീവ ശ്രദ്ധാലുവായിരുന്നു. ആദ്യത്തെ നൊവീഷ്യേററ് അംഗങ്ങ ളായ സഹോദരിമാർ ഏലീശ്വാമ്മയിൽ നിന്നും പരിശീലനം സ്വീകരിച്ചു. താഴെ പറയുന്നവരാണവർ:

(1) മാലാഖമാരുടെ മറിയം
(2) ഈശോയുടെ അന്ന
(3) അഞ്ചുതിരുമുറിവിൻെറ ഫ്രാൻസിസ്ക
(4) ഈശോയുടെ കത്രീന
(5) ഈശോയുടെ ക്ലാര

(6) പോസ്ററലൻറ് മറിയം

ഇവരുടെ പരിശീലനത്തെക്കുറിച്ച് നാളാഗമത്തിൽ നിന്ന് ഒരു ഭാഗം താഴെ ചേർക്കുന്നു.

"ഗുരുത്തിയമ്മ പ്രത്യേകമായി സൂക്ഷിക്കേണ്ടതായത് — പെൺപൈതങ്ങൾ തമ്മിൽ ലൊകത്തിനടുത്ത വർത്തമാനങ്ങൾ പറയാതിരിപ്പാനും അവർ തമ്മിൽ എല്ലാവരും ഉപവിയൊടുകൂടി നടപ്പാനും, എളിമയുടെ മെലും, കീഴ്വഴക്കത്തിൻെറ മെലും അവരുടെ ഹൃദയത്തിൻ പക്ഷവും താല്പര്യവും വരുത്തുവാനും അവരുടെ തണ്യാശകളെ നിർമ്മൂലമാക്കുവാനും താല്പര്യപ്പെട്ടു പ്രയത്നം ചെയ്യുകയും വെണം. ഗുരുത്തിയമ്മ ദൈവത്താൽ അർത്ഥിനികളുടെ അമ്മയായി നിയമിക്കപ്പെട്ടിരിക്കുന്നു എന്ന് ഓർത്ത് യാതൊരുത്തിയുടെ മെൽ പക്ഷഭെദവും വിശെഷസ്നെഹവും കാട്ടാതെ, അമ്മയ്ക്കടുത്ത സ്നെഹത്തൊടും ക്ഷമയൊടും കൂടെ അവരുടെ കെല്പക്ഷയങ്ങളെ ക്ഷമിക്കയും അവരുടെ ദിഷ്ഠതി കളൊക്കെയിലും അവരെ പരിപാലിക്കയും കൂടെക്കൂടെ തനിച്ചും കൂട്ടമായിട്ടും നല്ല ഗുണദൊഷങ്ങളെ ചൊല്ലക്കൊടു ക്കുകയും വെണം. എന്നാൽ അവരൊടും അധികം വിശ്വാസത്തൊടും വികൃതിയൊടും കൂടെ പെരുമാറിയാൽ തന്നൊടുള്ള ആചാരവും കീഴ്വഴക്കവും കുറഞ്ഞു പൊകും എന്നു കുടെ ഓർക്കുകയും വെണം" (സി. ററി. സി. നാളാഗമം).

പ്രായവും പക്വതയും ജീവിതാനുഭവങ്ങളും കൊണ്ട് ധന്യയായ ഏലീശ്വാമ്മ നലംതികഞ്ഞ ഒരു നോവിസ് മിസ്ട്രസ്സായിരുന്നു. സഭയുടെ പ്രാരംഭ ഘട്ടങ്ങളിൽ റവ. ഫാ.

ലെയോപ്പോാംഡ് ഒ. സി. ഡി. രൂപം നൽകിയ പരിശീലന രീതികളിൽ നിന്നും ഒട്ടും വ്യതിചലിക്കാതെ അതിൻെറ എല്ലാ തികവോടും കൂടി ഏലീശ്വാമ്മ അർത്ഥിനികളേയും നവ സന്യാസിനികളേയും പരിശീലിപ്പിക്കുന്നതിൽ ശ്രദ്ധിച്ചു. ഭാരമേറിയ, ജോലിക്കു പുറമെ ആശ്രമ ശ്രേഷ്ഠത്തിയെയും മററു സഹോദരികളേയും യഥോചിതം ഉപദേശങ്ങാം കൊണ്ടും, മാർഗ്ഗദർശനങ്ങാം കൊണ്ടും സഹായിച്ചിരുന്നതിനാൽ മദർ ഏലീശ്വ എല്ലാവർക്കും ഒരു താങ്ങും തണലുമായി പരിഗണിക്കപ്പെട്ടു.

1902 ജനുവരി 26—ാം തീയതി ഞായറാഴ്ച പത്തു മണിക്ക് തൻെറ അമ്പത്തിനാലാമത്തെ വയസ്സിൽ മഠാധിപയായിരുന്ന സഹോദരി ത്രേസ്യ മരണമടഞ്ഞു. ഈ സ്ഥാനത്തേയ്ക്ക് ശ്രേഷ്ഠത്തിയായി മദർ ഏലീശ്വയെത്തന്നെ തെരഞ്ഞെടുത്തു. സഭയുടെ അപ്പസ്തോല പ്രവർത്തനങ്ങളെ വികസിപ്പിച്ചു കൊണ്ടു ആരംഭിച്ചിരുന്ന ലോവർ പ്രൈമറി സ്ക്കൂാം 1904ൽ അപ്പർ പ്രൈമറി സ്ക്കൂാം ആയി ഉയർത്തി.

ഏലീശ്വാമ്മയുടെ പ്രത്യേക ശ്രദ്ധയോടെ വളർത്തപ്പെട്ട ബോർഡിംങ്ങിലെ പെൺകുട്ടികാം ആദ്ധ്യാത്മികതയിലും, സ്വഭാവ രൂപീകരണത്തിലും മെച്ചപ്പെട്ടവരായി വളർന്നു വന്നു. അതിൻെറ ഫലമായി സന്യാസത്തിലേക്ക് ധാരാളം ദൈവവിളികാം ലഭിച്ചു. അങ്ങനെ സഭയുടെ അംഗസംഖ്യ വർദ്ധിച്ചു. ധ്യാനാത്മക ജീവിതത്തിന് യാതൊരു കോട്ടവും വരാതെതന്നെ വിദ്യാഭ്യാസം, അനാഥ സംരക്ഷണം തുടങ്ങിയ ബാഹ്യ അപ്പസ്തോല പ്രവർത്തനങ്ങാം നടത്തിക്കൊണ്ടു പോകേണ്ടത് എങ്ങനെയെന്ന് മദർ ഏലീശ്വ സഹോദരിമാരെ

ഉപദേശങ്ങൾ കൊണ്ടും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും അഭ്യസിപ്പിച്ചിരുന്നു. യഥാർത്ഥ കർമ്മലീത്താ ചൈതന്യമുള്ള ഒരു സന്യാസിനീസമൂഹത്തെ സഭയ്ക്ക് പ്രദാനം ചെയ്യുന്നതിൽ മദർ ഏലീശ്വ വഹിച്ച പങ്ക് വളരെ വലുതാണ്.

## മദർ ഏലീശ്വായും സമൂഹവും (1909)

Sitting (left to right)
1. Rev. mother Eliswa (Foundress)
2. Rev. Sr. Maria ab. Angelis (Novice Mistress)
3. Rev. mother Anne of Jesus (Mother Superior)
4. Rev. Sister Anastasia I

Sitting 2nd row (left to right)
1. Rev. Sr. Francisca (Novice)
2. Rev. Sr. Clare I (Boarding Mistress)
3. Rev. Sr. Catherine (Orphanage Mistress)
4. Rev. Elizabeth Sister
5. Rev. Sr. Mariam (Novice)

Standing 3rd row (left to right)
1. Postulant Mariam
2. Postulant Mary
3. Rev. Sr. Gertrude (Novice)
4. Rev. Mariam Sister
5. Rev. Sr. Johanna (Novice)
6. Rev. Sr. Mary Magdalene (Novice)

Standing 4th row (left to right)
1. Postulant Anna
2. Postulant Mary
3. Postulant Thresia
4. Postulant Mary
5. Postulant Anna
6. Postulant Mary



മദർ ഏലീശ്വായും സമൂഹവും (1909)



സെൻറ് ജോസഫ്സ് കോൺവെൻറ്
അപ്പർ പ്രൈമറി സ്ക്കൂൾ

# അദ്ധ്യായം 12

## ജീവിതത്തിൻെറ അന്ത്യഘട്ടങ്ങൾ

മദർ ഏലീശ്വാ സ്വതേ ആരോഗ്യവതിയായിരുന്നു. എങ്കിലും ഇടയ്ക്കിടക്ക് ചില്ലറ ദേഹാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെട്ടിരുന്നു. പനി, ചുമ, നെഞ്ചുവേദന ഇവ അമ്മയെ ചിലപ്പോഴൊക്കെ ബാധിച്ചിരുന്ന രോഗങ്ങളാണ്. പക്ഷെ താൻ ഭരമേററിരുന്ന ജോലിയ്ക്ക് യാതൊരു കോട്ടവും വരാതെ ഉത്തരവാദിത്വബോധത്തോടുകൂടിയാണ് നിറവേററിയിരുന്നത്. അതുകൊണ്ടാണല്ലോ ഏലീശ്വാമ്മയെ തൻെറ 71–ാമത്തെ വയസ്സിൽ രണ്ടാംപ്രാവശ്യം മഠാധിപയായി തിരഞ്ഞെടുത്തത്. ഏലീശ്വാമ്മ അനുസരണത്തെ പ്രതി ഈ ജോലി ഏററുവെങ്കിലും തൻെറ വശക്കേട് മനസ്സിലാക്കി ജോലിയിൽ നിന്ന് ഒഴിവ് അപേക്ഷിക്കുകയും, ശേഷിച്ച ജീവിത കാലം മരണത്തിനൊരുങ്ങി സുകൃതാഭ്യാസങ്ങളാൽ ജീവിതം ധന്യമാക്കുകയും ചെയ്തു.

മദർ ഏലീശ്വായുടെ ജീവിതാവസാന നാളുകളെ കുറിക്കുന്ന നാളാഗമഭാഗം താഴെ ഉദ്ധരിക്കുന്നു:

"പ്രായാധിക്യത്താലുള്ള വശക്കേടു നിമിത്തം ജോലി മാററി കൊടുക്കുന്നതിനു മേലധികാരത്തിൽ തൻെറ അപേക്ഷ അയക്കുകയും അവുടുത്തെ കല്പനപ്രകാരം വേറെ

ആളുകളെ തിരിഞ്ഞെടുക്കുകയും തൻെറ ഈ ജോലികളിൽ നിന്നും മാറി അപേക്ഷയിലും കൊന്തനമസ്ക്കാരത്തിലും സദാ നേരം ചെലവഴിച്ചുകൊണ്ടു നല്ല മരണത്തിന് ആസ്ഥാ പ്പാടുകൂട്ടി വന്നിരുന്നു''.

"ഈ സഹോദരിയിൽ പ്രധാനമായി വികസിച്ചിരുന്ന പുണ്യം പരിശുദ്ധ ദൈവമാതാവിൻെറ നേരെയുള്ള ഭക്തിയായിരിക്കയും ഇതിനെ ശേഷം പേരിലും വർദ്ധിപ്പി ക്കുന്നതിനായി ഉത്സാഹിക്കുകയും ഗുണദോഷിക്കുകയും ചെയ്തിരുന്നതല്ലാതെ അങ്ങേ തിരുസ്വരൂപങ്ങളെ അലങ്കരിക്കുന്നതും , പുഷ്പങ്ങളെ ചാർത്തുന്നതും ഇവരുടെ ഉണ്ണിപ്രായത്തിലുള്ള പ്രധാന കാര്യമായിരുന്നു എന്ന് മുൻപറഞ്ഞിട്ടുണ്ടല്ലോ. പ്രായാധിക്യമായ ശേഷവും ദിവസേന തോട്ടത്തിലിറങ്ങി സ്വന്തം കയ്യാൽ പുഷ്പങ്ങളെ പറിച്ച് കോർത്ത് മാതാവിൻെറ തിരുസ്വരൂപങ്ങളിൻമേൽ ചാർത്തുകയും ചെയ്തിരുന്നത് താൻ അന്ത്യദീനമായി കിടന്നതുവരെ ചെയ്തിരുന്ന ഒരു സുകൃതവും ഇതിനു വല്ല വിഘ്നവും നേരിട്ട് മുടങ്ങിയിട്ടുണ്ടെങ്കിൽ അന്നേ ദിവസം പട്ടിണികിടന്നതു പോലെയാണെന്നു ശേഷം സഹോദരികളോട് പറയുകയും അപ്രകാരമുള്ള ഒരു ജ്ഞാനപശി തൻെറ ഹൃദയ ത്തിൽ അനുഭവിച്ചു വരുകയും ചെയ്തിരുന്നു.

ടി. ബ. സഹോദരിക്ക് പ്രായാധിക്യവും ക്ഷീണവും നാരംക്കും നാരം വർദ്ധിച്ചു. 1913 ഫെബ്രുവരി 9—ാം തിയതി തീരെ കിടപ്പാകയും ടി. മാസം 11—ാം തിയതി അന്ത്യലേപനവും, യാത്രാപ്രകാരമുള്ള വി. കുർബ്ബാന കൈക്കൊള്ളപ്പാട് കഴിക്കയും, ഇതിൽപ്പിന്നെ അല്പാശ്വാസം ഉണ്ടായെങ്കിലും എഴുന്നേൽക്കാൻ വഹിയാതെ മുറിയിൽ തന്നെ കിടന്നിരുന്നു.



മദർ ഏലീശ്വായുടെ അന്ത്യശയനമുറി



പോംമ്പയി മാതാവിൻെറ അൾത്താര

അവിടെ ആഴ്ച തോറും കുമ്പസാരിച്ചും കൂടെക്കൂടെ കുർബ്ബാനകൈക്കൊണ്ടും, തൻെറ മരണ യാത്രയുടെ സമയം കാത്തുകൊണ്ട് കിടന്നിരുന്നു. ഈ ദീനത്തിൽ വച്ച് തൻെറ ഏകാശ്വാസം "നന്മ നിറഞ്ഞ മറിയം'' എന്ന നമസ്ക്കാരം ചൊല്ലുന്നതും, അങ്ങേ തിരുനാമം വിളിക്കുന്നതും തന്നെ ആയിരുന്നതിനാൽ അടുക്കൽ വരുന്നവരേയും സഹായത്തിനു നിൽക്കുന്നവരേയും "നന്മ നിറഞ്ഞ മറിയമേ'' എന്ന് പേരായി വിളിക്കുന്നത് പതിവായിരുന്നു. കടിശ്ശിയായി എപ്പോഴും ഈ തിരുനാമം വിളിച്ചുകൊണ്ട് 1913 ജൂലായ് 18—ാം തിയതി വെള്ളിയാഴ്ച രാത്രി ഒൻപതര മണിക്ക് തൻെറ 82—ാം വയസ്സിൽ മലയാളത്തിലെ ആദ്യ കന്യാസ്ത്രീയും സന്ന്യാസ സഭ ഉരുപ്പെടുത്തിയവരുമായ ക. ദി. മു. സ. ബ. സഹോദരി ശുദ്ധ മറിയത്തിൻെറ ഏലീശ്വ എന്ന ഈ വന്ദ്യ സഹോദരി കർത്താവിൻ ഭാഗ്യ നിദ്ര പ്രാപിക്കുകയും ചെയ്തു.''

"ബ. സഹോദരിയെ ക്രമംപോലെ ഉടുപ്പിച്ച് മുൻകൂട്ടി പാടുപോലെയൊക്കെയും ആസ്ഥമാക്കി പ്രാർത്ഥനാ മുറിയിൽ കിടത്തി. 19—ാം തീയതി ശനിയാഴ്ച കാലത്ത് 7 മണിക്ക് ക്രമം പോലെ കുർബ്ബാന ചൊല്ലുകയും, കുർബ്ബാന കഴിഞ്ഞ ശേഷം ഇസ്ക്കോളയിലുള്ള പൊമ്പയി മാതാവിൻെറ അാംത്താരയുടെ മുമ്പാകെ കിടത്തുകയും നമ്മുടെ ക്രമപ്രകാരം മാറി മാറി സഹോദരികളും കൂടിയ ജനങ്ങളും നമസ്ക്കരിക്കയും ചെയ്തിരുന്നു. ഉച്ചകഴിഞ്ഞ് നമ്മുടെ സഹോദരികാംക്ക് നിശ്ചയിക്കപ്പെട്ട സ്ഥലത്ത് ആഘോഷമായിട്ട് ഒപ്പീസും മററും പാടി ക്രമപ്രകാരം അടക്കുകയും ചെയ്തു. ഇന്നേ ദിവസം മലവെള്ളപ്പൊക്കം അധികമാകയാൽ അച്ചൻമാർക്കും ജനങ്ങാംക്കും വരുന്നതിന്

നല്ല സൗകര്യം ഇല്ലായിരുന്നു. അടക്കിപ്പിന് പെരി. ബ. ഇറയോബിസ് മൂപ്പൻ പാദ്രി അച്ചനും, ബ. അസിസ്ററൻറ് പാദ്രി അച്ചനും, മഞ്ഞുമ്മൽ കൊവേന്തയുടെയും കൂനമ്മാവ് കൊവേന്തയുടെയും പെരി. ബഹുമാന പ്രീയോരച്ചന്മാരും, രണ്ടു ദർശനവും ഉണ്ടായിരുന്നു" (സി. ററി. സി. നാളാഗമം വാല്യം 3 മൂലഗ്രന്ഥം. പേജ് 211–212).

വരാപ്പുഴ മഠം കെട്ടിടത്തിൻെറ പടിഞ്ഞാറു ഭാഗത്തുള്ള ആദ്യ മുറിയിലാണ് ഈ ഭാഗ്യപ്പെട്ട അമ്മ തൻെറ അന്ത്യ നാളുകൾ ചിലവഴിച്ചത്. വരാപ്പുഴപ്പള്ളി പുതുക്കിപ്പണിത അവസരത്തിൽ നമ്മുടെ പ്രഥമ അംഗങ്ങളുടെ അവശിഷ്ടങ്ങൾ പെട്ടിയിലാക്കി ഇപ്പോഴത്തെ ബോർഡിങ്ങിൻെറ തെക്കു വശത്തായി കെട്ടിയ കല്ലറയിൽ സംസ്ക്കരിച്ചിരുന്നു.

മദർ ഏലീശ്വായുടെ വിശുദ്ധിയും, മദ്ധ്യസ്ഥ ശക്തിയും അനേകർക്ക് അനുഭവപ്പെടുവാൻ തുടങ്ങി. കന്യാസ്ത്രീകളും കുട്ടികളും പുറത്തുള്ള ജനങ്ങളും ഈ കുഴിമാടം സന്ദർശിച്ച് പ്രാർത്ഥിച്ചതിൻെറ ഫലമായി അസാദ്ധ്യകാര്യങ്ങൾ പലതും സാദ്ധ്യമാകയും പ്രശ്നം പിടിച്ച നൂലാമാലകൾക്ക് ഉപശാന്തി കിട്ടുകയും ചെയ്തു.

സന്ദർശകരുടെ സംഖ്യ വർദ്ധിച്ചു വന്നതോടെ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യം കിട്ടത്തക്ക വിധത്തിൽ കപ്പേളയുടെ പിൻഭാഗത്ത് ഒരു കല്ലറ പണിയിക്കുകയും, മദർ ഏലീശ്വായുടെയും മദർ ത്രേസ്യയുടെയും ഭൗതികാവശിഷ്ടങ്ങൾ പ്രത്യേക ചെപ്പുകളിലാക്കി 1988 ജൂൺ 27–ാം തീയതി നാലര മണിക്ക് റവ. ഫാ. ആഡ്രൂ ഒ. സി. ഡി., ഫാദർ ഏയിഞ്ചൽ മേരി ഒ. സി. ഡി., ഫാദർ വിൽഫ്രഡ് ഒ. സി. ഡി.,



മദർ ഏലീശ്വായുടെ പഴയ കുഴിമാടം



പുതിയ കബറിടം

എന്നിവരുടെ കാർമ്മികത്വത്തിൽ ദിവ്യപൂജയ്ക്ക് ശേഷം എല്ലാവരും അണിനിരന്ന് ആഘോഷമായി പാട്ട്, പ്രാർത്ഥന എന്നിവയോട് കൂടി പുതിയ കല്ലറയിൽ ഭദ്രപ്രതിഷ്ഠ നടത്തുകയും ചെയ്തു.

1988 ജുലൈ 19—ാം തീയതി മദർ ഏലീശ്വായുടെ 75—ാം ചരമവാർഷികം ആചരിച്ചു. കോൺവെൻറ് ചാപ്പലിൽ വരാപ്പുഴ മെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. കൊർണ്ണേലിയൂസ് ഇലഞ്ഞിക്കൽ, ആഘോഷ ദിവ്യബലി അർപ്പിക്കുകയും റവ. ഫാ. ജോർജ്ജ് വെളിപ്പറമ്പിൽ സുദീർഘവും സാര സമ്പുഷ്ടവുമായ ഒരു പ്രസംഗം നടത്തുകയും ചെയ്തു. അനന്തരം കബറിടത്തിൽ പ്രത്യേക പ്രാർത്ഥനകൾ അർപ്പിച്ചു. ധാരാളം ഭക്ത ജനങ്ങൾ ഈ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി തിങ്ങി നിറഞ്ഞു നിന്നിരുന്നു.

ചരിത്ര യാഥാർത്ഥ്യങ്ങളെ അംഗീകരിച്ച് മദർ ഏലീശ്വായ്ക്ക് അർഹമായ സ്ഥാനവും ആദരവും നൽകുന്നതിൽ സന്യാസി സന്യാസിനികൾ മാത്രമല്ല നാനാ മതസ്ഥരായ ജനങ്ങളും ഇന്ന് ഉൽസുകരായി കാണുന്നതിൽ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് ഈ ചെറു ഗ്രന്ഥം അവസാനിപ്പിക്കുന്നു.

## കടപ്പാട്

1. സി.റ്റി.സി., സി.എം. സി. നാളാഗമം മൂലഗ്രന്ഥം വാല്യം 1, 2
2. സി.റ്റി.സി. നാളാഗമം മൂലഗ്രന്ഥം, വാല്യം 3
3. റവ. ഫാ. ലെയോനാർഡ് ടി.ഒ.സി.ഡി. എഴുതിയ സി.റ്റി.സി യുടെ ചരിത്രം
4. 'വരാപ്പുഴ മഠം' എന്ന ഗ്രന്ഥം
5. "ആദ്ധ്യാത്മിക വഴികാട്ടി" എന്ന ഗ്രന്ഥം, കൈയ്യെഴുത്തു പ്രതി സഭയുടെ ആർക്കൈവിൽ സൂക്ഷിച്ചിട്ടുള്ളത്
6. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി
7. കാനോൻ നിയമം
8. മദർ ഏലീശ്വായുടെ ധ്യാന കുറിപ്പുകൾ (ആർക്കൈവിൽ സൂക്ഷിച്ചിട്ടുള്ളത്)
9. വരാപ്പുഴ അതിരൂപത ശതാബ്ദി സ്മരണിക

## അനുബന്ധം

മദർ ഏലീശ്വായുടെ കബറിടത്തിൽ അർപ്പിച്ച നൊവേനകളുടെയും പ്രാർത്ഥനകളുടെയും ഫലമായി അനേകർക്ക് നിരവധി അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ ഏതാനും ചിലത് താഴെ ചേർക്കുന്നു.



75-ാം ചരമവാർഷീക ആഘോഷം

ദിവ്യബലി

വരാപ്പുഴ
26–7–89

1 ബഹുമാനപ്പെട്ട ഏലീശ്വാമ്മെ,

എൻെറ മകൾ നിർമ്മലിനു വലിവിൻെറ അസുഖം തുടങ്ങിയിട്ട് ഒരു വർഷത്തോളമായി. ഒന്നു രണ്ടു ഡോക്ടർമാരെ കാണിച്ചു. എന്നിട്ടും വലിവു മാറിയില്ല. എല്ലാ ദിവസവും മരുന്നു കൊണ്ടു മാത്രമെ അൽപ്പം ആശ്വാസം കിട്ടിയിരുന്നുള്ളു. അങ്ങനെ വിഷമിച്ചിരിക്കുന്ന സമയത്താണ് ഒരു ദിവസം മാർച്ച് 5–ാം തീയതി പള്ളിയിൽ പോയപ്പോൾ എൻെറ കൂടെ ഉണ്ടായിരുന്ന ഒരു പെൺകുട്ടി ഏലീശ്വാമ്മയുടെ അടുത്ത് പോയിട്ട് പോകാം എന്ന് പറഞ്ഞത്. അങ്ങനെ ഞാൻ കുഴിമാടത്തിൽ വന്നു. എൻെറ മകൾക്കു വേണ്ടി പ്രാർത്ഥിച്ചു. ഇനി വലിവ് വരാതിരുന്നാൽ ഒരുപെട്ടി തിരി കത്തിച്ചേക്കാമെന്ന് നേർന്ന് അവിടെ നിന്നും പോന്നു. മാർച്ച് 4 ന് നല്ല വലിവ് ഉണ്ടായിരുന്നു. 5–ാം തീയതി തുടങ്ങി പിറേറ ആഴ്ച വരെയും മോൾക്ക് വലിവുണ്ടായിരുന്നില്ല. പിറേറ ആഴ്ച മകളേയും കൊണ്ടുവന്ന് തിരിയും കത്തിച്ച്പോന്നു. മോൾക്ക് മൂന്നര വയസ്സ് പ്രായമുണ്ട്. അതിനു ശേഷം മൂന്നു നാലു പ്രാവശ്യം അൽപ്പം വലിവു പോലെ തോന്നിയെങ്കിലും ഇന്നുവരെ കുഴപ്പമൊന്നുമുണ്ടായിട്ടില്ല. ഈ വലിയ അനുഗ്രഹം കർത്താവിൽ നിന്ന് വാങ്ങി തന്ന ഏലീശ്വാമ്മയക്ക് എൻെറ ഹൃദയം നിറഞ്ഞ കൃതജ്ഞത അർപ്പിച്ചുകൊള്ളുന്നു.

എന്ന്,
മേരിക്കുഞ്ഞ് ജോസ്,
മണവാളൻ ഹൗസ്.

വരാപ്പുഴ
15–11–89

2. സ്നേഹം നിറഞ്ഞഏലീശ്വാമ്മേ,

എന്റെ മകൻ അഭിഷിന് മൂത്രതടസ്സമായിരുന്നു. ഓപ്പറേഷൻ ചെയ്യണമെന്നായിരുന്നു ഡോക്ടറുടെ നിർദ്ദേശം. എന്നാൽ അമ്മയുടെ അടുത്തുവന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകന്റെ അസുഖം മാറി. അതിന് ഞാനും എന്റെ കുടുംബാംഗങ്ങളും അമ്മയോട് നന്ദിയുള്ളവരായിരിക്കും.

എന്ന്,
നടുവിലപറമ്പിൽ അഗസ്റ്റിൻ.

കോതാട്
10.1.90

3. ബഹു. ഏലീശ്വാമ്മയ്ക്ക് കൃതജ്ഞത,

എന്റെ ഏലീശ്വാമ്മേ, അമ്മയോട് പ്രാർത്ഥിച്ചതിന്റെ ഫലമായിട്ട് എന്റെ ഭാര്യയ്ക്ക് പെട്ടെന്നുണ്ടായ ഒരസുഖം മാറികിട്ടി. അമ്മയുടെ ഒരു കലണ്ടർ ഫോട്ടോ ഞങ്ങാക്ക് പള്ളിയിൽ നിന്ന് കിട്ടി. അമ്മയുടെ നാമകരണത്തിലുള്ള പ്രാർത്ഥന അതിൽ എഴുതിയിട്ടുണ്ടായിരുന്നു. ശനിയാഴ്ച

വൈകുന്നേരം 6 മണിയോടുകൂടി എന്റെ ഭാര്യയുടെ ഇടതുവശത്തെ കാലും കൈയ്യും തളർന്ന് പോകുകയും, കണ്ണ് ഇടതുവശത്തേയ്ക്ക് മാറുകയും, നാവ് തളർന്ന് പോവുകയും, ഹൃദയത്തിൽ എന്തെന്നില്ലാത്ത വേദന അനുഭവപ്പെടുകയും ഉണ്ടായി. ഞങ്ങൾ ഉടനെ ആശുപത്രിയിൽ കൊണ്ടുപോകുവാൻ ആളുകളെ വിളിച്ചു കൂട്ടി. ആ സമയം അമ്മയോട് പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഏതാനും കുറച്ച് സമയം കഴിഞ്ഞപ്പോൾ പ്രാർത്ഥനയുടെ ഫലമായി നാവ് അനങ്ങുകയും കൈ കാലിന് സ്വാധീനം കിട്ടുകയും ചെയ്തു. ഞാനും എന്റെ കുടുംബാംഗങ്ങളും അമ്മയോട് നന്ദി പറയുന്നു.

എന്ന്,
ചമ്മണിയോടത്ത്,
ഔസേപ്പ് തൊമ്മി.

പാനായിക്കുളം
17.1.90

4 അഗതികൾക്ക് ആശ്രയവും അഭയവുമായ സ്നേഹ നിധിയായ ഏലാശ്വാമ്മെ, അങ്ങേയ്ക്ക് നന്ദിയുടെ ആയിരമായിരം പൂച്ചെണ്ടുകൾ.

അമ്മയോട് നിരന്തരം എളിമയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ജോലിയില്ലാതിരുന്ന എന്റെ ചേട്ടന് ജോലി ലഭിച്ചു. ഇത് അങ്ങയുടെ മാദ്ധ്യസ്ഥത ഒന്നുകൊണ്ടു മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ വലിയ അനുഗ്രഹം പിതാവിൽ

നിന്നും നേടിത്തന്ന അങ്ങയോട് ഞാൻ എന്നും നന്ദിയുള്ള വളായിരിക്കും. മേലിലും മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട്

അങ്ങയുടെഎളിയ ദാസി.

പൊന്നുരുന്നി
21.3.90

5. എത്രയും ബഹുമാനപ്പെട്ട ഏലീശ്വാമ്മെ,

അങ്ങയുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തിയ തിന് തെളിവായി അങ്ങയിൽ അഭയം പ്രാപിച്ചിരിക്കുന്ന ഒരു ഭക്തയാണു ഞാൻ. പ്രസവസംബന്ധമായി മഞ്ഞപ്പിത്തം വന്നു. കിഡ്നി പ്രവർത്തിക്കാതെ കുടലെല്ലാം പഴുത്തു; ചീഞ്ഞ് മണവും വെള്ളവും ഒഴുകാൻ തുടങ്ങി. ഡോക്ടർ മാർ പോലും കൈവിട്ട അവസ്ഥയിൽ ഞാൻ അമ്മയിൽ ശരണം പ്രാപിച്ച് പ്രാർത്ഥിച്ചതിൻെറ ഫലമായി അതിശയകരമാം വിധം സുഖപ്പെട്ടു. കുഴിമാടത്തിൽ എത്തി നൊവേനയിൽ പങ്കെടുക്കുകയും എൻെറ മോറംക്ക് അമ്മയുടെ പേരിടുകയും ചെയ്തു. ഇനിയും അമ്മയിൽ ശരണപ്പെട്ടുകൊണ്ട് അമ്മയുടെ പ്രിയമകറം താമസിയാതെ തന്നെ അമ്മ തന്ന ഉപകാരം പത്രത്തിൽ പരസ്യം ചെയ്യുന്നതാണ്.

എന്ന് എളിയ ദാസി,
തങ്കമ്മ ജോയി.

തിരുവനന്തപുരം
29.3.90

6. ബഹു. ഏലീശ്വാമ്മെ,

തിരുവനന്തപുരം സ്വദേശിയായ ഞാൻ 4 വർഷമായി ഒരു പ്രത്യേകമായ കാരണം കൊണ്ട് എന്റെ ഭാര്യയെ പരിപൂർണ്ണമായി ഉപേക്ഷിച്ചിരിക്കുകയായിരുന്നു. എന്റെ 3 കുട്ടികളേയും വരാപ്പുഴ ബോർഡിങ്ങിൽ നിറുത്തി പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുട്ടികൾ എന്നും ഏലീശ്വാമ്മയോട് ഞങ്ങൾ രമ്യപ്പെടുന്നതിന് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അദ്ഭുതം എന്ന് പറയട്ടെ അമ്മയുടെ മാദ്ധ്യസ്ഥ പ്രാർത്ഥന തുടങ്ങിയ അന്ന് (മാർച്ച് 29ന്) എനിക്ക് ഒരു പ്രചോദനം ഉണ്ടാകുകയും അവളുമായി രമ്യപ്പെടുകയും ചെയ്തു. ഉടനെ മക്കളുടെ അടുക്കൽ വന്ന് കുഞ്ഞുങ്ങളെയും എല്ലാവരേയും സിസ്റേറഴ്സിനെയും കണ്ടു. അതിശയിപ്പിക്കത്തക്ക വിധത്തിൽ ഇങ്ങനെ രമ്യപ്പെടാൻ സാധിച്ചത് ഏലീശ്വാമ്മയുടെ മാദ്ധ്യസ്ഥതയിലാണെന്ന് ഉറച്ച് വിശ്വസിക്കുന്നു. അതിന് നന്ദി പറയുകയും ചെയ്യുന്നു.

എന്ന്,
സെബാസ്റ്റ്യൻ.

വരാപ്പുഴ
8.6.90

7. സ്നേഹം നിറഞ്ഞ ഏലീശ്വാമ്മെ,

അമ്മയുടെ പ്രാത്ഥന ദൈവസന്നിധിയിൽ എത്തിയെന്നെനിക്ക് തെളിവായി. അമ്മയുടെ ഒരു ഭക്തയാണ് ഞാൻ.

ഒരാഴ്ചയായി ഡോക്റ്റർ തന്ന ഗുളികയുടെ പിശകാൽ ശരീരം മുഴുവനും നീരുവന്ന് ക്ലേശം അനുഭവിക്കുകയായിരുന്നു ഞാൻ. അടുത്ത നൊവേന ദിവസം എന്നെ അങ്ങെ സന്നിധിയിൽ എത്തിക്കണമെന്നുള്ള എൻെറ പ്രാർത്ഥനയുടെ ഫലമായി ഞാൻ സസുഖം അങ്ങേ കുഴിമാടത്തിൽ കൃതജ്ഞത രേഖപ്പെടുത്തുകയാണ്

എന്ന്,
ആലീസ്,
സെൻറ് ജോസഫ്സ്
ജി. എച്ച് എസ്., വരാപ്പുഴ.

കോഴിക്കോട്
19.7.90

8. ബഹുമാനപ്പെട്ട ഏലീശ്വാമ്മെ

ഞാൻ ഒരു ഹൈന്ദവ പെൺകുട്ടിയാണ്. ഒരു കത്തോലിക്കാ യുവാവുമായി സ്നേഹബന്ധത്തിലാവുകയും ഒരു ദിവസം വീട്ടിൽ നിന്നുമിറങ്ങി രജിസ്റ്റർ വിവാഹം നടത്തുകയും ചെയ്തു. ഉടനെ ഭർത്താവിൻെറ വീട്ടുകാർ എന്നെ ദൂരെയുള്ള മഠത്തിൽ കൊണ്ടുപോയി ആക്കുകയും ക്രിസ്തീയ മുറപ്രകാരം വിവാഹം നടത്തുകയും ചെയ്തു. ഇത് എൻെറ വീട്ടുകാർ അറിയുകയും വളരെ വിഷമത്തിന് കാരണമാവുകയും ചെയ്തു. എൻെറ ഈ പ്രവർത്തനം എൻെറ വീട്ടുകാരുമായി വളരെ അകൽച്ചയ്ക്ക് കാരണമായി. ഈ സന്ദർഭത്തിൽ ഏലീശ്വാമ്മയെ കുറിച്ച് അറിയുകയും ഈ കാര്യം സാധിച്ചുകിട്ടുകയാണെങ്കിൽ നാട്ടിൽ വരുമ്പോഴെല്ലാം

അമ്മയുടെ അടുക്കൽ വന്നുകൊള്ളാമെന്ന് പ്രാർത്ഥി ക്കുന്നതിനും ഇടയായി. അത്ഭുതം എന്നു പറയട്ടെ ഞാനും ഭർത്താവും കുട്ടിയുമായി എന്റെ വീട്ടിൽ ചെല്ലുന്നതിനും അവരുമായി രമ്യപ്പെടുന്നതിനും സാധിച്ചതിന് ഞാൻ നന്ദി പറയുന്നു.

എന്ന്,

സുമ തിരുത്തേരി.

പുത്തൻ പള്ളി

4.8.90

9. ഏലീശ്വാമ്മയ്ക്ക് സ്തുതി,

എന്റെ മകന് പത്ത് വർഷമായി ചെവിക്ക് പഴുപ്പും കേൾവിക്കുറവുമായിട്ട്. ഓപ്പറേഷൻ നടത്തിയാൽ തന്നെ കേൾവി തിരിച്ച് കിട്ടുമോ എന്ന് ഡോക്ടർമാർക്ക് പോലും സംശയമായിരുന്നു. ഈ സമയം അമ്മയോട് മുട്ടിപ്പായി പ്രാർത്ഥിച്ചതിന്റെ ഫലമായി ഓപ്പറേഷൻ വിജയകരമായി നടത്തുകയും മകന്റെ കേൾവി തിരിച്ചുകിട്ടുകയും ചെയ്തു. ഈ വലിയ അനുഗ്രഹം ഞങ്ങൾക്ക് നൽകിയതിൽ ഞങ്ങൾ ആയിരമായിരം നന്ദി പറഞ്ഞുകൊള്ളുന്നു.

എന്ന്,

ഷെൽമോന്റെ അമ്മ.

4.8.90

10. സ്നേഹമുള്ള എൻെറ ഏലീശ്വാമ്മെ,

എൻെറ രണ്ടാമത്തെ പ്രസവം വളരെ പ്രയാസമേറിയതാണെന്നും അപൂർണ്ണ രൂപമായ ഒരു കുട്ടിയാകാനാണ് സാദ്ധ്യത എന്നും വൈദ്യശാസ്ത്രം വിധിയെഴുതി. ഹൃദയവേദനയോടെ അമ്മയുടെ ശക്തമായ മാദ്ധ്യസ്ഥത്തിൽ ശരണപ്പെട്ടു നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അത്ഭുതമെന്നു പറയട്ടെ സുഖപ്രദമായ പ്രസവവും യാതൊരപാകതയുമില്ലാത്ത ഒരാൺകുഞ്ഞിനേയും എനിക്ക് ലഭിച്ചു . എൻെറ അമ്മെ, അമ്മ എനിക്ക് ചെയ്തു തന്ന ഈ മാദ്ധ്യസ്ഥ്യത്തിന്, ഉപകാരത്തിന്, ഞാനെന്നും അമ്മയോട് നന്ദിയുള്ളവളായിരിക്കും. എൻെറ കുഞ്ഞുമായി ഞാൻ അമ്മയുടെ കുഴിമാടത്തിൽ വന്ന് നന്ദി അർപ്പിക്കുകയും അമ്മയുടെ ഫോട്ടോ പത്രത്തിൽ പ്രസിദ്ധം ചെയ്യുന്നതുമാണ്

എന്ന്,
അമ്മയുടെ വിനീത ദാസി,
കൊച്ചുത്രേസ്യ ജോബ്,
അരൂർ.

## ബഹു. ഏലീശ്വാമ്മയുടെ നാമകരണത്തിനായുള്ള പ്രാർത്ഥന

എളിയവരെ ഉയർത്തുകയും ശിശുക്കൾക്ക് ദിവ്യ രഹസ്യങ്ങൾ വെളിപ്പെടുത്തികൊടുക്കുകയും ചെയ്യുന്ന കരുണാനിധിയായ ദൈവമേ, വിശുദ്ധരിൽ അങ്ങയുടെ വിജ്ഞാനവും മഹത്വവും വിസ്മയനീയമായ പരിപാലനയും ഞങ്ങൾ ദർശിക്കുന്നു. ലോകമായകൾ ഉപേക്ഷിച്ച്, അർപ്പിത ജീവിതം വഴി സഹനത്തിൻെറയും, പ്രാർത്ഥനയുടെയും, അരൂപിയിൽ പ്രീതികരമായ ജീവിതം നയിച്ച അങ്ങേ എളിയ ദാസി ഏലീശ്വാമ്മയെ മഹത്വപ്പെടുത്തേണമേ. ഈ അമ്മയുടെ മദ്ധ്യസ്ഥത യാൽ ഞങ്ങളുടെ ആവശ്യങ്ങളിൽ സഹയവും, അനർത്ഥങ്ങളിൽ ആശ്വാസവും, ബലഹീനതകളിൽ ശക്തിയും തന്നനുഗ്രഹിക്കേണമേ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു. ആമേൻ.

3 ത്രിത്വ. സ്തുതി ചൊല്ലുക.

19—ാം നൂററാണ്ടിന്റെ മദ്ധ്യ ദശകങ്ങളിൽ സന്യാസ ജീവിതത്തെക്കുറിച്ച് കേരളീയ വനിതകഠം കേട്ടിട്ടുപോലുമില്ലാതിരുന്ന കാലഘട്ടത്തിൽ, കേവലം 19 വയസ്സു മാത്രംപ്രായമുണ്ടായിരുന്ന ഒരു വീരവനിത: ഏലീശ്വ. സർവസംഗ പരിത്യാഗിയായി സന്യാസത്തിലേക്കു കടന്നു വന്ന ധീരമായ കാൽവയ്പിന്റെ കഥ! ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനി സഭ സ്ഥാപിതമായ കഥ.

ഇന്നു ഭാരതത്തിലുടനീളവും ജർമ്മനി, ഇററലി, ആഫ്രിക്ക എന്നീ വിദേശരാജ്യങ്ങളിലും ദൈവത്തേയും ദൈവജനത്തേയും സേവിച്ചു കൊണ്ടിരിക്കുന്ന തെരേസ്യൻ കർമ്മലീത്താ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയായ മദർ ഏലീശ്വയുടെ ലളിത സുന്ദരമായ ജീവിതാവിഷ്ക്കരണം.

“ദൈവത്തെ സ്നേഹിക്കുന്നതും, സേവിക്കുന്നതുമൊഴികെ മറെറല്ലാം മിഥ്യയാണ്. ഭൗതികത്വത്തിന്റെ സുഭക്ഷതയിലല്ല, പ്രത്യുത ആത്മനൈർമ്മല്ല്യത്തിന്റെ അഴകേറിയ നിർദ്ധനതയിലാണ് ആനന്ദം കണ്ടെത്തേണ്ടത്.................”

“ആന്തരിക നിശബ്ദതയിൽ ദൈവവുമായുള്ള ഹൃദ്യസംഭാഷണത്തിലൂടെ എന്റെ ആത്മാവ് നിർവൃതിയടഞ്ഞു ”.

— മദർ ഏലീശ്വ

# മദർ ഏലീശ്വ



സി. മേരി പ്രെസില്ല സി. റ്റി. സി.